# TAB

# Trichur Archdiocesan Bulletin

2021 ജൂലൈ വാല്യം: 88 ലക്കം: 07




ധൂർത്തപുത്രന്റെ ഉപമ (ലൂക്കാ 15: 11:-32)

# ആദരാഞ്ജലികൾ



**റവ. ഫാ. എടക്കളത്തൂർ സിൻസൺ**
ജനനം : 25.04.1988
തിരുപ്പട്ടം : 29.12.2014
മരണം : 28.05.2021



**റവ. ഫാ. പേരാമംഗലത്ത് മാത്യു**
ജനനം : 08.06.1948
തിരുപ്പട്ടം : 15.03.1978
മരണം : 29.05.2021



**റവ. ഫാ. പുലിക്കോട്ടിൽ പോൾ**
ജനനം : 08.07.1971
തിരുപ്പട്ടം : 26.12.1998
മരണം : 01.06.2021



**റവ. ഫാ. കാച്ചപ്പിള്ളി ജോസ്**
ജനനം : 15.05.1947
തിരുപ്പട്ടം : 18.12.1972
മരണം : 09.06.2021






Trichur Archdiocesan Bulletin TAB
ESTD: 1934

**ജൂലൈ 2021**

ലക്കം:7 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary’s Orphanage Press

*Published from*
Archbishop’s House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| ഇടയലേഖനം | 4 |
| സർക്കുലർ | 12 |
| കച്ചേരിക്കാര്യം | 15 |
| നാളാഗമം | 20 |
| നാമകരണ നടപടികൾ | 26 |
| വൈദികർ | 30 |
| ആദരാഞ്ജലികൾ | 33 |
| സന്യസ്തർ | 39 |
| സാമ്പത്തിക കാര്യാലയം | 44 |
| വിശ്വാസ പരിശീലനം | 53 |
| സ്ഥാപനങ്ങൾ | 60 |
| സംഘടനകൾ | 80 |

# ഇടയലേഖനം

## കർദിനാൾ ജോർജ് ആലഞ്ചേരി

Prot.No.0671/2021

**സഭാദിനം ദുക്റാനതിരുനാൾ**

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി, തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻ മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ ഓർമ. ദുക്റാനതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്–19ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടി വരുന്നത്.

**മഹാമാരിയുടെ പശ്ചാത്തലം**

കോവിഡ്–19ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ചു ഇതിനകം ഭാരതത്തിൽ 387000ത്തോളം ആളുകൾ കോവിഡ്–19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000ൽ അധികംപേർ കേരളത്തിൽ നിന്നുതന്നെയാണ്. മരണമടഞ്ഞവരെയും അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധപ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ

പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

**മാർ തോമാ ചൈതന്യവും മാതൃകയും**

ഈ കോവിഡ് കാലത്തു മാർ തോമാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽനിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹാ ഭാരതത്തിലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്.

തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ അവിടത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു നമുക്കും അവനോടുകൂടി പോയി മരിക്കാം (യോഹ.11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു ഈശോയോടൊപ്പം മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടുതന്നെ ചോദിച്ചു മനസിലാക്കാനുള്ള ആത്മധൈര്യവും തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും? എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, ഞാനാകുന്നു വഴിയും സത്യവും ജീവനു മെന്ന

(യോഹ.14:6) സുപ്രധാനമായ  വെളിപ്പെടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം  നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹായുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം  സി. ബി. സി. ഐ., കെ. സി. ബി. സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു!

കോവിഡ്–19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാ വാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു  നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി  കഴിഞ്ഞ മെയ് മാസം 28–ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ  അപ്പസ്തോലിക്  ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദികാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും

ചെയ്യാം. സീറോമലബാർസഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശസകളും!

നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണ ങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുവാൻ സെമിനാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തരവാ ദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞ തയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസന ത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകര ണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീ ലനപദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽ നിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾ ക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ്വെയർ വികസിപ്പിക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ

'സീറോമലബാർ വിഷൻ', 'മൗണ്ട് വിഷൻ' എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോ മലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തികപരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

**ജനക്ഷേമ പ്രവർത്തനങ്ങൾ**

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ. സി. ബി. സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി.ഒ.സി. കേന്ദ്രമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിതസമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദന മർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന ക്ഷേമപദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അർഹമായ അവകാശങ്ങൾ**

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവനയോടെയും പ്രവർത്തിക്കണം. അതുപോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തു നിന്നുണ്ടാകരുത്. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫേയേഴ്സ് കമ്മീഷൻ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാ കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്നതല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല... മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല (സങ്കീ. 23:1–4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമരിയാക്കാരനെപ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ളവർക്കു നൽകുവാൻ സമർപ്പണ മനോഭാവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധ കുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിടത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ

കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2021 ജൂൺ 27 -ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| 1171/2021<br>30.06.2021 | C- 7 |
|---|---|

## അതിരൂപതാദിനം

മിശിഹായിൽ ബഹു. വൈദികരെ സന്യസ്തരേ പ്രിയ സഹോദരി സഹോദരൻമാരെ,

നമ്മുടെ അതിരൂപത സ്ഥാപിതമായിട്ട് 134 വർഷം തികയുകയാണ്. 1887 മെയ് 20ന് ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ കോദ്യാം പ്രീദം എന്ന തിരുവെഴുത്ത് വഴിയാണ് മാർത്തോമ്മാശ്ലീഹായുടെ പൈതൃകം പേറുന്ന തൃശ്ശൂർ അതിരൂപത സ്ഥാപിതമായത്. അതിരൂപതയ്ക്ക് ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നമുക്ക് നന്ദിപറയാം. നമ്മുടെ അതിരൂപതയെ പടുത്തുയർത്താൻ അത്യധ്വാനം ചെയ്ത എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും പാവനസ്മരണയ്ക്കു മുമ്പിൽ നമുക്ക് പ്രണാമം അർപ്പിക്കാം.

വർഷംതോറും നമ്മൾ ആഘോഷിക്കാറുള്ള അതിരൂപതാദിനം, 2020 മെയ് 20 നും, 2021 മെയ് 20 നും പുത്തൂർ ഫൊറോന ദൈവാലയത്തിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അതിരൂപതാദിനാഘോഷം മാറ്റി വയ്ക്കുകയായിരുന്നു. എന്നാൽ ഈ സാഹചര്യത്തിൽ,

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 2021 ജൂലൈ 3–ന് ദുക്റാന തിരുനാൾ ദിനത്തിൽ അതിരൂപത ദിനം വളരെ ലളിതമായി നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

വൈദികരും, സമർപ്പിതരും, അല്മായരുമടങ്ങുന്ന അതിരൂപതയുടെ കൂട്ടായ്മ പ്രകടമാക്കുന്ന ദിവസമാണ് അതിരൂപതാദിനം. അതിരൂപതയ്ക്ക് ദൈവം നൽകിയിരിക്കുന്ന നന്മകൾക്ക് നന്ദി പറയുന്നതിനും, വന്നുപോയ വീഴ്ചയ്ക്ക് മാപ്പ് ചോദിക്കുന്നതിനും ഭാവിയെ മുന്നിൽക്കണ്ട് വ്യക്തമായ പദ്ധതികൾ ആസൂത്രണം ചെയ്ത്, ഒന്നായി മുന്നോട്ടു പോകുന്നതിനുള്ള അവസരമാണിത്. കോവിഡിന്റെ പശ്ചാത്തലത്തിൽ, പലതരത്തിൽ തളർന്നിരിക്കുന്ന ജനതയ്ക്ക് ആശ്വാസവും പ്രത്യാശയും നൽകാൻ, നമുക്ക് സാധിക്കണം. അതിനാൽ, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ജൂലൈ 3–ാം തിയ്യതി പള്ളികളിൽ നടത്തുന്ന വിശുദ്ധ കുർബ്ബാനയിൽ അതിരൂപതയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.

ജൂലായ് 3–ാം തിയ്യതി മാർത്തോമ്മാ ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം എറെ പ്രാധാന്യമുള്ളതാണ്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിദിനം നമ്മൾ ദുക്റാന അഥവ ഓർമ്മയാചരണമായി അന്നാണല്ലോ ആചരിക്കുന്നത്. മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം 2022 ലാണ് നടത്തുന്നത്. അതിന്റെ ഉദ്ഘാടനം 2021 ജൂലായ് 3–ാം തിയ്യതി പാലയൂരിൽ വച്ച് നടത്തുകയാണ്. അന്ന് രാവിലെ 6:45ന് പാലയൂരിൽ അതിരൂപത മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ പരി. കുർബാനയും തുടർന്ന് മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികത്തിന്റെ ഉദ്ഘാടനവും ഉണ്ടായിരിക്കുന്നതാണ്. പരി. കുർബാനയും ഉദ്ഘാടനവും Media Catholicaയും Shekeina TVയും പ്രക്ഷേപണം ചെയ്യുന്നതാണ്.

അതിരൂപതദിനത്തിന്റെ ആഘോഷം ജൂലായ് 3–ാം തിയ്യതി ഉച്ച കഴിഞ്ഞ് 2:30 ന് പുത്തൂർ ഫൊറോന ദൈവലയത്തിൽ വച്ചാണ് നടത്തുന്നത്. അന്ന് ഉച്ചകഴിഞ്ഞ് 2:30 ന് അതിരൂപത മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ അർപ്പിക്കുന്ന കൃതജ്ഞതാബലിയിലും തുടർന്നു നടക്കുന്ന മീറ്റിംഗിലും, കഴിയുന്നത്ര വിശ്വാസികൾ ഓൺലൈനായി പങ്കെടുക്കാൻ ശ്രമിക്കണം. മീഡിയ കത്തോലിക്ക, എ.സി.വി, ടി.സി.വി, എന്നിവയിൽ തത്സമയ പ്രക്ഷേപണമുണ്ടായിരിക്കുന്നതാണ്. അതിരൂപതയുടെ കഴിഞ്ഞ രണ്ടു വർഷങ്ങളിലെ പ്രധാനപ്രവർത്തനങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത വീഡിയോ പ്രസന്റേഷൻ കുർബ്ബാനയ്ക്കു

ശേഷം ഓൺലൈനായി ഉണ്ടായിരിക്കും. തുടർന്ന് കോവിഡ് മഹാമാരിയുടെ സമയത്ത്, സ്തുത്യർഹമായ സേവനം ചെയ്ത സാന്ത്വനം ടാസ്ക് ഫോഴ്സ്, ജൂബിലി മിഷൻ ആശുപത്രിയിലെ കോവിഡ് വിഭാഗം, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നേഴ്സ് ആയ ശ്രീമതി റീന കെ. എം. എന്നിവരെ പ്രത്യേകം ആദരിക്കുന്നു. അതിരൂപത അവാർഡ് കോവിഡ് പശ്ചാത്തലത്തിൽ ഒരു വ്യക്തിക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. വെട്ടുകാട് ഇടവകയിലെ ശ്രീ. ജോസഫ് പുതുശ്ശേരിക്ക് ആണ് ഈ വർഷത്തെ അതിരൂപത അവാർഡ്. ഓൺലൈനായും ടി.വിയിലൂടെയും അതിരൂപതാ ദിനത്തിന്റെ പരിപാടികളിൽ പങ്കെടുക്കാനും കൂട്ടായ്മ പ്രകടമാക്കാനും ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

അതിരൂപതയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാദ്ധ്യസ്ഥ്യം നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലറിലെ വിവരങ്ങൾ 2021 ജൂലായ് 3ന് മുൻപ് അതിരൂപതയിലെ എല്ലാ വിശ്വാസികളെയും വിവിധ മാർഗ്ഗങ്ങൾ വഴി അറിയിക്കേണ്ടതാണ്. +AT

# കച്ചേരി വാർത്തകൾ



## 1. ഓർമിക്കേണ്ട ദിവസങ്ങൾ

2 : ആദ്യവെള്ളി
3 : മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ
4 : **ശ്ലീഹാ ഏഴാം ഞായർ**
9 : കർത്താവിന്റെ എഴുപത് ശിഷ്യന്മാർ
10 : വി. ബനഡിക്ട് (11 ഞായർ)
11 : **കൈത്താ ഒന്നാം ഞായർ**
15 : വി. കുരിയാക്കോസും ജൂലിറ്റായും
16 : നിസിബിസിലെ വി. യാക്കോബ്
കർമ്മലമാതാവ്
18 : **കൈത്താ രണ്ടാം ഞായർ**
22 : വി. മഗ്ദലേന മറിയം
23 : മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി
24 : യാക്കോബ് ശ്ലീഹാ (25 ഞായർ)
25 : **കൈത്താ മൂന്നാം ഞായർ**
26 : വി. യൊവാക്കിമും അന്നായും
28 : വി. അൽഫോൻസ
29 : വി. മർത്താ
31 : വി. ഇഗ്നേഷ്യസ് ലെയോള
വി. അൽഫോൻസ് ലിഗോരി (1 ഞായർ)

**2. കൈത്താക്കാലം**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഈ കാലത്തെ കൈത്താക്കാലം എന്നു വിളിക്കുന്നു. 'കൈത്ത' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാ

ണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് സഭയുടെ വളർച്ചയുടെ കാലമായി ഈ കാലം പരിഗണിക്കപ്പെടുന്നു. സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥവളർച്ച ആന്തരികനവീകരണത്തിൽ അടങ്ങിയിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ഒരു സമൂലപരിവർത്തനം അനിവാര്യമായിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയാ–ശ്ലീവാ–മൂശക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ആ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരിക്കണം. പാപത്തോടു വിടപറഞ്ഞ് ജീവി തവിശുദ്ധീകരണത്തിലൂടെ നമുക്ക് വ്യാപരിക്കാം.

**3. തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യപിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**4. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ ജന്മദിനം**

ജൂലൈ 23ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**5. അതിരൂപതാദിനം**

ഈ വർഷത്തെ അതിരൂപതാദിനം ജൂലൈ 3ന് പുത്തൂർ ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**6. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം.

**7. തെരട്ട്**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ **2021 ആഗസ്റ്റ് 2–ാം തീയതി** മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയ ക്രമവും ഈ മാസത്തെ ബുള്ളറ്റിനിൽ സാമ്പത്തികകാര്യാലയ വാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തു തന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ. തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തെരട്ട് കൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും കൈക്കാരന്മാരും കൂടെ വരേണ്ടതാണ്.
2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടു ഫോം(രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട് (രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷികബജറ്റ്(രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപന ങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവുചെലവു കണക്ക് (രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്–ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ– (രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുക ളും ഇന്റേണൽ ഓഡിറ്റിനും 50,000–ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്.
3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാല സംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭാപത്ര വരിസംഖ്യയും സാമ്പത്തിക കാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം $1/_2$%, മേജർസെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ്

എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ട തുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദി ക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതി നുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. (ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, സമർപ്പിതർ, പുരുഷ ന്മാർ, മാമ്മോദീസ, സ്ഥൈര്യലേപനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നൽകുന്ന കണക്കുകൾ കൃത്യമാണോ എന്ന് ഉറപ്പു വരുത്തണം). വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടി നൊപ്പം ഹാജരാക്കണം.

**8. വൈദികനിയമനം:**

1. ഫാ. വർഗ്ഗീസ് കൂത്തൂർ – എക്സിക്യൂട്ടീവ് മാനേജർ സെന്റ് തോമസ് കോളേജ് ഒഴിവായി ; സാധുത 2021 മെയ് 12 മുതൽ.
2. ഫാ. ജോൺ പാണേങ്ങാടൻ – എക്സിക്യൂട്ടീവ് മാനേജർ, സെന്റ് തോമസ് കോളേജ്; സാധുത 2021 മെയ് 12 മുതൽ. ബർസാർ സെന്റ് തോമസ് കോളേജ്, സാധുത 2021 മെയ് 31 മുതൽ. അഡ്വൈസർ ഐക്കഫ്, വാർഡൻ സെന്റ് തോമസ് & സെന്റ് ജോർജ്ജ് ഹോസ്റ്റൽ, 2021 ജൂൺ 2 മുതൽ. വികാരി വിജയപുരം & കപ്ലോൻ സി. എം. സി. ദിവ്യഭവൻ ഒഴിവായി; സാധുത 2021 മെയ് 12 മുതൽ.
3. ഫാ. അജിത്ത് തച്ചോത്ത് – വികാരി വിജയപുരം & കപ്ലോൻ സി. എം. സി. ദിവ്യഭവൻ; സാധുത 2021 മെയ് 12 മുതൽ.
4. ഫാ. സോബിൻ പായിക്കാട്ട് – വികാരി കുട്ടംകുളം; സഹവികാരി പുതുക്കാട് ഒഴിവായി; സാധുത 2021 മെയ് 12 മുതൽ.
5. ഫാ. ഫ്രജോ വാഴപ്പിള്ളി – വികാരി മാന്ദാമംഗലം; വികാരി കുട്ടംകുളം ഒഴിവായി; സാധുത 2021 മെയ് 12 മുതൽ.
6. ഫാ. ജെയ്സൻ വട്ടനിരപ്പേൽ – വികാരി മാന്ദാമംഗലം ഒഴിവായി; സാധുത 2021 മെയ് 12 മുതൽ.
7. ഫാ. ജിയോ ചിരിയങ്കണ്ടത്ത്– വികാരി പുതുരുത്തി, കപ്ലോൻ എസി. ഡി. വി.; സാധുത 2021 മെയ് 12 മുതൽ.
8. ഫാ. ജോയ്സൻ ചെറുവത്തൂർ – രാമനാഥപുരം രൂപതയിൽ സേവ

നാനുമതി; വികാരി പുതുരുത്തി, കപ്ലോൻ എസി. ഡി. വി.; സാധുത 2021 മെയ് 12 മുതൽ.

9. ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി – സഹവികാരി പുതുക്കാട്; സാധുത 2021 മെയ് 12 മുതൽ.
10. ഫാ. ജിജോ കപ്പിലാംനിരപ്പേൽ – ടീച്ചർ സെന്റ് പോൾ ഗുരുകുലം കൂടി; സാധുത 2021 മെയ് 12 മുതൽ.
11. ഫാ. ജസ്റ്റിൻ തേയ്ക്കാനത്ത് – നടത്തുവികാരി പേരകം ഒഴിവായി; സാധുത 2021 മെയ് 2 മുതൽ.
12. ഫാ. ജോൺ പാണേങ്ങാടൻ – ബലിയർപ്പണം ഡോൺ ബോസ്കോ എഫ്. സി. സി. നെല്ലിക്കുന്ന് കൂടി; സാധുത 2021 മെയ് 12 മുതൽ.
13. ഫാ. റോണി പുത്തൻവീട്ടിൽ– റസിഡന്റ് ടീച്ചർ മേരിമാത മേജർ സെമിനാരി; സാധുത 2021 മെയ് 20 മുതൽ.
14. ഫാ. മാർട്ടിൻ കൊളമ്പ്രത്ത്– ബർസാർ സെന്റ് തോമസ് കോളേജ് ഒഴിവായി; സാധുത 2021 മെയ് 31 മുതൽ. അഡ്വൈസർ ഐക്കഫ്, വാർഡൻ സെന്റ് തോമസ് & സെന്റ് ജോർജ്ജ് ഹോസ്റ്റൽ, കപ്ലോൻ തൃശ്ശൂർ ഉർസുലൈൻ മഠം & സി. എസ്. എം. മഠങ്ങൾ ഒഴിവായി; സാധുത 2021 ജൂൺ 2 മുതൽ.
15. ഫാ. ജോസ് വട്ടക്കുഴി– കപ്ലോൻ ഹോളി സ്പിരിറ്റ് & സ്നേഹഭവൻ മഠങ്ങൾ കൂടി; സാധുത 2021 ജൂൺ 2 മുതൽ.
16. ഫാ. നൈസൺ ഏലന്താനത്ത് –കപ്ലോൻ തൃശ്ശൂർ ഉർസുലൈൻ മഠം കൂടി; സാധുത 2021 ജൂൺ 2 മുതൽ.
17. ഫാ. ഡേവിസ് തെക്കേക്കര– നടത്തുവികാരി കൂനംമൂച്ചി, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി; സാധുത 2021 ജൂൺ 15 മുതൽ.
18. ഫാ. ജോർജ്ജ് ചെറുവത്തൂർ– വികാരി കൂനംമൂച്ചി, കപ്ലോൻ എസ്.എ.ബി.എസ്.; സാധുത 2021 ജൂൺ 15 മുതൽ.
19. ഫാ. റോയ് തളിയൻ VC – കപ്ലോൻ സി. എം. സി. മഠങ്ങൾ ചൂണ്ടൽ ഒഴിവായി; സാധുത 2021 ജൂൺ 03 മുതൽ.
20. ഫാ. വിൻസെന്റ് ചിറക്കൽ മണവാളൻ VC – കപ്ലോൻ സി. എം. സി. മഠങ്ങൾ ചൂണ്ടൽ; സാധുത 2021 ജൂൺ 03 മുതൽ.
21. Fr. Bijo Jose Chalissery– Dispensation from Priestly Obligation
22. ഡീ. ആൻസൻ ഒല്ലൂക്കാരൻ CMI– ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 2021 ജൂൺ 12 മുതൽ ഒക്ടോബർ 31 വരെ.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ &

പ്രോട്ടോ–സിഞ്ചെല്ലൂസ്

# നാളാഗമം

**മെയ് 2021**

1. അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെയും തൂങ്കുഴി പിതാവിന്റെയും മെത്രാഭിഷേക വാർഷികത്തോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർ രാവിലെ ഡി.ബി.സി.എൽ.സി യിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകിട്ട് അതിരൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും ഓൺലൈനായി നടന്ന ജപമാലയിലും ആരാധനയി ലും അഭിവന്ദ്യപിതാക്കന്മാർ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് നെഹ്റുനഗർ ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ബഹു. ജേക്കബ് തൈക്കാട്ടിൽ അച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് ലാലൂർ ക്രിമേഷൻ സെന്ററിൽ നേതൃത്വം നൽകുകയും ചെയ്തു. അന്തരിച്ച ബഹു. ജേക്കബ് ചിറയത്ത് അച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് വൈകീട്ട് കുരിയച്ചിറ ക്രിമേഷൻ സെന്ററിൽ നേതൃത്വം നൽകുകയും എൻ.ബി.സി.എൽ.സിയുടെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു. രാത്രി പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

2. അഭിവന്ദ്യ പിതാക്കന്മാർ മരത്താക്കര ഇടവകാംഗമായ ഫാ. ജേക്കബ് ചിറയത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് പുറനാട്ടുകര പള്ളിയിൽ വി. ബലി അർപ്പിക്കുകയും കപ്പേള വെഞ്ചിരിക്കുകയും ചെയ്തു.
3. അഭിവന്ദ്യ പിതാക്കന്മാർ വേലൂർ ഇടവകാംഗമായ ഫാ. ജേക്കബ് തൈക്കാട്ടിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ബഹു. ജോസ് തെക്കെക്കര സീനിയർ അച്ചന്റെയും ബഹു. ബർണാർഡ് തട്ടിൽ അച്ചന്റെയും മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് കാലത്ത് കുരിയച്ചിറ ക്രിമേഷൻ സെന്ററിൽ നേതൃത്വം നൽകി. വൈകീട്ട് തലോർ ധ്യാനകേന്ദ്രത്തിൽ സി.എം.ഐ. ബ്രദേഴ്സിന് ഡീക്കൻ പട്ടം നൽകുകയും ചെയ്തു.
4. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ പുതുക്കാട് ഇടവകാംഗമായ ഫാ. ബർണ്ണാർഡ് തട്ടിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്കും ഉച്ചയ്ക്ക് പോട്ട ഇടവകാംഗമായ ഫാ. ജോസ് തെക്കേക്കരയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്കും കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് കുരിയച്ചിറ ക്രിമേഷൻ സെന്ററിൽ മോൺ. ജോർജ്ജ് അക്കരയച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.
5. അഭിവന്ദ്യ പിതാക്കന്മാർ ഒല്ലൂർ ഇടവകാംഗമായ മോൺ. ജോർജ്ജ് അക്കരയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
6. അഭിവന്ദ്യ ടോണി പിതാവ് ഫാ. ജോളി ആൻഡ്രൂസിന്റെ അന്തരിച്ച അപ്പച്ചനു വേണ്ടി എറവിലെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
7. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് ഡി.ബി.സി.എൽ.സി.യിൽ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത ആരാധനയിൽ ആമുഖ സന്ദേശം നൽകി.
8. അഭിവന്ദ്യ ടോണി പിതാവ് കാലത്തും വൈകീട്ടുമായി വിവിധ ഓൺലൈൻ മീറ്റിങ്ങുകളിൽ പങ്കെടുത്തു.
9. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും എൽ.ആർ.സി.യുടെ ഡോക്ട്രിനൽ സർവ്വേ വെബിനാറിലും പങ്കെടുക്കുകയും ചെയ്തു.
12. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ കോപ്പറേറ്റീവ് ആശുപത്രിയിൽ നേഴ്സുമാരുടെ ദിനത്തോടനുബന്ധിച്ച് നഴ്സുമാരെ ആദ

രിക്കുകയും കോവിഡ് കാലത്ത് ശുശ്രൂഷ ചെയ്യുന്ന അവർക്ക് പ്രത്യേകം ആശംസകളും അനുമോദനങ്ങളും നേർന്നു സംസാരിക്കുയും ചെയ്തു. അന്തരിച്ച ബഹു. പയസ് എഫ്.സി.സി. സിസ്റ്ററിന്റെ മുണ്ടൂർ കോൺവെന്റ് ചാപ്പലിൽ ഉച്ചക്ക് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്ക് ശേഷം ഒരു ഓൺലൈൻ മീറ്റിംങ്ങിൽ (കാക്കനാട്) സംബന്ധിക്കുകയും കോലഴി കോൺവെന്റ് ചാപ്പലിൽ വൈകീട്ട് നടന്ന ബഹു. റോസ്‌ലിൻ സി.എം.സി. സിസ്റ്ററിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ. യുടെ നേതൃത്വത്തിൽ നടത്തിയ വെബിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഒരു ഓൺലൈൻ മീറ്റിംങ്ങിൽ (ആലുവ സെമിനാരി) സംബന്ധിച്ചു. അന്നേദിവസം വൈകിട്ട് നടന്ന തൃശ്ശൂർ അതിരൂപത വൈദികകൂട്ടായ്മയുടെ ഓൺലൈൻ സമ്മേളനത്തിൽ അഭിവന്ദ്യപിതാക്കന്മാർ സംബന്ധിച്ചു.
14. അഭിവന്ദ്യ താഴത്ത് പിതാവ് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.
16. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിക്കുകയും അന്തരിച്ച ബഹു. ഇൽഡഫോൻസ് സി.എച്ച്.എഫ്. സിസ്റ്ററിന്റെ  ഒളരി ഹോളി ഫാമിലി കോൺവെന്റ് ചാപ്പലിൽ ഉച്ചകഴിഞ്ഞ് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. വൈകീട്ട് എൽ.ആർ.സിയുടെ ചരിത്രഗവേഷണ വെബിനാറിൽ പങ്കെടുത്തു.
17. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് സുവിശേഷവൽക്കരണ കമ്മീഷന്റെ മീറ്റിംങ്ങിലും വൈകീട്ട് ഒരു ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു.
18. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ സി.എസ്.എസ്. ലൂർദ്ദ് നാഥാ പ്രോവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചു.
19. അഭിവന്ദ്യ താഴത്ത് പിതാവ് കുടുംബകൂട്ടായ്മ സമിതിയുടെ ഓൺലൈൻ കൂട്ടായ്മകളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് എൽ. ആർ. സിയുടെ ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംങ്ങിൽ അധ്യക്ഷത വഹിക്കുകയും അന്തരിച്ച ബഹു. ഫ്രാൻസിസ് മഞ്ഞളി അച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് ലാലൂർ ക്രിമേഷൻ സെന്ററിൽ നേതൃത്വം

നൽകുകയും ചെയ്തു.

20. അഭിവന്ദ്യപിതാക്കന്മാർ രാവിലെ അതിരൂപത ദിനത്തോടനുബന്ധിച്ച് ഡി.ബി.സി.എൽ.സി.യിൽ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലിയർപ്പിച്ചു. വൈകീട്ട് തൃശ്ശൂർ അതിരൂപതയുടെ ഓൺലൈൻ മേജർ സെമിനാരി കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യപിതാക്കന്മാർ ബഹു. ഫ്രാൻസിസ് മഞ്ഞളി അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു.
21. അഭിവന്ദ്യ പിതാക്കന്മാർ അതിരൂപത മാതൃവേദിയുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പാക്ട് സംഘടിപ്പിച്ച പേരന്റിങ്ങ് കെയർ എന്ന വെബിനാറിൽ അധ്യക്ഷത വഹിച്ചു.
22. അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ കോർപ്പറേഷൻ കമ്മ്യൂണിറ്റി കിച്ചനിലേക്കുള്ള തൃശ്ശൂർ അതിരൂപതയുടെ സഹായമായ ഭക്ഷ്യവസ്തുക്കളുടെയും കോവിഡ് കിറ്റിന്റെയും വിതരണം അതിരൂപത കേന്ദ്രത്തിൽ വച്ച് നിർവ്വഹിച്ചു. വൈകിട്ട് Public Affaairs Commision ന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് പാക്ട് സംഘടിപ്പിക്കുന്ന പേരന്റിങ്ങ് കെയർ എന്ന വെബിനാറിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.
23. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത മതബോധന കേന്ദ്രത്തിൽ വച്ച് ഓൺലൈനായി വി. ബലിയർപ്പിച്ചു. വൈകിട്ട് 2021ൽ വിവാഹിതരായ ദമ്പതികളുടെ ഓൺലൈൻ തുടർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. പന്തക്കുസ്താ ദിനത്തോടനുബന്ധിച്ച് ആബാ ധ്യാനകന്ദ്രം ഡി.ബി.സി.എൽ.സി യിൽ വച്ചു നടത്തിയ പരിപാടിയിൽ പ്രഭാഷണം നടത്തി. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് മാതൃവേദിയുടെ ഓൺലൈൻ മീറ്റിംങ്ങിലും പാക്ട് സംഘടിപ്പിക്കുന്ന പേരന്റിങ്ങ് കെയർ ഓൺലൈൻ മീറ്റിംങ്ങിലും മോഡറേറ്ററായി പങ്കെടുത്തു.
24. അഭിവന്ദ്യ താഴത്ത് പിതാവ് പുറനാട്ടുകര ഇടവകാംഗമായ ഡീക്കൻ ജെറിൻ വി.സി. യുടെ തിരുപ്പട്ടദാന ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് പോപ്പ് പോൾ മേഴ്സി ഹോം ടീച്ചേർഴ്സ് ട്രെയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും റിഹാബിലിറ്റേഷൻ കൗൺസൽ ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിച്ച ഇന്റർനാഷണൽ വെബിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകിട്ട്

തിയോളജി ഫോറത്തിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.

25. അഭിവന്ദ്യ ടോണി പിതാവ് സി. ക്ലൗഡിയ സി.എം.സി. യുടെ കൊട്ടേക്കാട് കോൺവെന്റ് ചാപ്പലിൽ വൈകിട്ട് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പറോക്ക് ഓൺലൈൻ സർവ്വേ മീറ്റിംങ്ങിൽ പങ്കെടുക്കുകയും വൈകിട്ട് ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികർക്ക് വേണ്ടി നടത്തിയ ഓൺലൈൻ സെമിനാറിൽ പറോക്ക് മോഡലിനെപ്പറ്റിയും കോവിഡ് കാലത്ത് നടത്തേണ്ട മോട്ടിവേഷനെ കുറിച്ചും ക്ലാസ്സ് നയിച്ചു.

27. അഭിവന്ദ്യപിതാക്കന്മാർ സമരിറ്റൻ സന്യാസസഭാംഗമായ സി. കൊർണേലിയയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. ഫാ. പോൾ പൂവത്തിങ്കൽ സി.എം.ഐ.യുടെ അറുപതാം ജന്മദിനത്തോടനുബന്ധിച്ച് നടത്തിയ ഓൺലൈൻ മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ വച്ചു നടന്ന വൈദികവസ്ത്രദാന ശുശ്രൂഷയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. വൈകിട്ട് ഓൺലൈനായി നടത്തിയ ഡോ. ഏഡൻവാല അനുസ്മരണ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോലഴി സി.എസ്.സി ജനറലേറ്റ് ഹൗസിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിൽ കാർമ്മികത്വം വഹിച്ചു. ഡി.ബി.സി.എൽ.സിയിൽ വൈദിക വസ്ത്രം സ്വീകരിച്ച ബ്രദേഴ്സിന് ആശംസകൾ നേർന്നു. വൈകിട്ട് സെന്റ് തോമസ് കോളേജിന്റെ മാനേജ്മെന്റ് കമ്മിറ്റിയുടെയും കോർ ഗ്രൂപ്പിന്റയും ഓൺ ലൈൻ മീറ്റിംങ്ങുകളിലും സംബന്ധിച്ചു.

28. അഭിവന്ദ്യ ടോണി പിതാവ് ബഹു. ഫാ. ഫ്രാൻസിസ് മഞ്ഞളി അച്ചന്റെ 11–ാം ചരമദിനത്തിൽ രാവിലെ പുത്തൻപീടിക പള്ളിയിൽ വി. ബലി അർപ്പിച്ചു. ഫാമിലി അപ്പോസ്തോലേറ്റിലെ ശുശ്രൂഷക്ക് ശേഷം സ്ഥലം മാറിപ്പോകുന്ന ബഹു. സി. ലിൻസി സി.എച്ച്.എഫിന് വേണ്ടി സംഘടിപ്പിച്ച യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് എൽ.ആർ.സി.യുടെ ചരിത്രഗവേഷണ വെബിനാറിൽ പങ്കെടുത്തു.

29. മരണമടഞ്ഞ ബഹു. ഫാ. സിൻസൻ എടക്കളത്തൂർ അച്ചന് വേണ്ടി ഡി.ബി.സി.എൽ.സിയിൽ സംഘടിപ്പിച്ച അനുസ്മരണ പ്രാർത്ഥന കൂട്ടായ്മയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് Public Affaairs Commision ന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പരിശുദ്ധ ത്രിത്വവും

കുടുംബവും എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ ക്ലാസ്സ് നയിക്കുകയും കെ.സി.വൈ.എം. ന് വേണ്ടി ഓൺലൈൻ സന്ദേശം നൽകുകയും ചെയ്തു.


30. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഡി.ബി.സി.എൽ.സി.യിൽ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി അർപ്പിക്കുകയും പാക്ട് സംഘടിപ്പിച്ച പേരന്റിങ്ങ് കെയർ പ്രോഗ്രാമിന്റെ ഓൺലൈൻ ഇവാലുവേഷൻ മീറ്റിംങ്ങിലും ഫാമിലി അപ്പോസ്റ്റലേറ്റ് സംഘടിപ്പിച്ച കപ്പിൾസ് ഓൺലൈൻ മീറ്റിംങ്ങിലും പങ്കെടുത്ത് സന്ദേശം നൽകി. അന്തരിച്ച ബഹു. മാത്യു പേരാമംഗലത്ത് അച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് വൈകിട്ട് കുരിയച്ചിറ ക്രിമേഷൻ സെന്ററിൽ നേതൃത്വം നൽകുകയും പറോക്ക് സർവ്വേ സൂം മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് ഫാ. ലിജോ ചിറ്റിലപ്പിള്ളിയുടെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഉച്ചയ്ക്ക് അഭിവന്ദ്യ പിതാക്കന്മാർ തിരൂർ ഇടവകാംഗമായ ഫാ. മാത്യു പേരാമംഗലത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**ഊക്കനച്ചന്റെ വിശ്വാസ സാക്ഷ്യ ജീവിതം**

മനുഷ്യന് ദൈവത്തോടുള്ള വ്യക്തിപരമായ അടുപ്പം തന്റെ വിശ്വാസപ്രഖ്യാപനത്തിലൂടെ ഏറ്റുപറഞ്ഞവനാണ് വിശുദ്ധ തോമാശ്ലീഹാ. ജൂലൈ 3 ന് നമ്മുടെ അപ്പസ്തോലന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ, അദ്ദേഹം സാക്ഷ്യപ്പെടുത്തിയ വിശ്വാസജീവിതം സ്വന്തമാക്കുവാൻ നമുക്കേറെ കടമയുണ്ട്. അതിന് ശ്ലീഹായെപോലെ അനശ്വരനന്മയ്ക്കായി നശ്വരജീവൻ ത്യജിക്കുകയും സുവിശേഷവേലക്കായി അക്ഷീണം യത്നിക്കുകയും ക്രൂശിതനായ ക്രിസ്തുവിനു വേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്തവരാണ് നമ്മുടെ പൂർവികർ. ആ ഗണത്തിലെ ഒരു പുണ്യാത്മാവാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ.



പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണെന്ന വചനപൊരുൾ മനസ്സിലാക്കിയ ഊക്കനച്ചൻ തന്റെ ജീവിതവൃത്തികളെ വിശ്വാസത്തിന്റെ മുദ്രകളാക്കുകയും പൗരോഹിത്യ കടമകളിൽ ഏവർക്കും ഒരു സാക്ഷ്യമായി തീരുകയും ചെയ്തു. സെന്റ് തോമസ് കോളേജിന്റെ മാനേജരായിരുന്ന കാലത്ത്, ഭാവിയിലെ വിശ്വാസ ജീവിതത്തെ മുന്നിൽകണ്ട് സുവി

ശേഷ പഠനത്തിന് അദ്ദേഹം പ്രാധാന്യം നൽകി. അദ്ദേഹത്തി ന്റെ വാക്കുകൾ: 'പാപചേറ്റിൽനിന്നും ഞാൻ ഉയർത്തപ്പെട്ടു. എന്നാൽ പാപകൂപത്തിൽ കഴിയുന്ന അനേകായിരങ്ങൾ ഇനിയുമുണ്ട്. യേശു എന്നെ രക്ഷിച്ചതിന് പ്രതിസമ്മാനമായി നിത്യനരകാഗ്നിക്കർഹരായി കഴിയുന്നവരെ ഞാൻ ഉയർത്തിക്കൊണ്ടു'. ക്രിസ്തുവിന്റെ സ്നേഹ ചൈതന്യത്തോടെ, തൻെറ സഹപ്രവർത്തകരെയും അജഗണങ്ങളെയും സത്യത്തിന്റെ വഴികളിലേക്കും വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും പുനരാനയി ക്കുവാൻ ഈ പുണ്യാത്മാവിന് സാധിച്ചു. ഊക്കനച്ചനെ കുറിച്ചുള്ള ഒരു സാക്ഷിമൊഴി ഇപ്രകാരമാണ്: 'വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചവരും പ്രശ്നങ്ങളിൽപ്പെട്ട് ഉഴലുന്നവരുമായ വൈദികർക്ക് മാർഗ്ഗദർശനം നൽകാൻ തൃശ്ശൂർ രൂപതയിൽ നിയോഗിക്കപ്പെട്ട വ്യക്തി യായിരുന്നു ഊക്കനച്ചൻ.'

വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ദൈവ രാജ്യം പടുത്തുയർത്തുവാൻ, ആത്മാവിന്റെ ദാനമായ വിശ്വാസവെളിച്ച ത്താൽ, അന്ധകാരത്തിലാണ്ടുപോയവരെ യേശുവിന്റെ പ്രകാശത്തി ലേക്ക് നയിക്കാനും ഊക്കനച്ചൻ നടത്തിയ പരിശ്രമങ്ങൾ തൃശ്ശൂർ സേക്രഡ് ഹാർട്ട് മഠം നാളാഗമം ഇങ്ങനെ വെളിപ്പെടുത്തുന്നു: 'കോട്ടപ്പടി യിൽ പാർത്തിരുന്ന അനാഥശാലക്കാർ അഭിവന്ദ്യ മെത്രാനച്ചന്റെ പക്കൽ വരികയും അദ്ദേഹം അവരെ സെൻറ് തോമസ് കോളേജ് വകയായി ഉണ്ടായിരുന്ന പുരയിൽ പാർപ്പിക്കുകയും ഈ മഠത്തിന്റെ കപ്ലോനായ ബഹു. യോഹന്നാനച്ചനെ അനാഥശാലയുടെ കാര്യങ്ങൾ ഏൽപ്പി ക്കുകയും ചെയ്തു. ഇവിടെ ഊക്കനച്ചന്റെ സാന്നിധ്യം വഴിയായി അനാഥശാലയിലെ സംഖ്യ വർദ്ധിക്കുകയും പാപികൾ മനസ്സ് തിരിയുക യും കൊച്ചുകുട്ടികൾ മാമോദീസ കൈക്കൊണ്ട് ദൈവമക്കൾ ആവുകയും മുതിർന്ന സ്ത്രീകൾ പോലും മനസ്സ് തിരിഞ്ഞ് സത്യവേദം അനുസരിക്കുന്നതിനും ഇടവന്നു.'

ഭാരതത്തിലെ അവിശ്വാസികളിൽ നിന്ന് അജ്ഞതയും അന്ധവിശ്വാസവും ദൂരീകരിക്കണമേയെന്ന് പ്രാർത്ഥിക്കുകയും അതിനു വേണ്ടി പ്രയത്നിക്കുകയും ചെയ്തതിനാൽ അനേകം അകത്തോലി ക്കരെ തിരുസഭാ സന്താനങ്ങളാക്കുവാൻ ഊക്കനച്ചന് കഴിഞ്ഞു. ജാതിമതഭേദമന്യേ എല്ലാ മനുഷ്യമക്കളെയും ക്രിസ്തുവിലേക്ക് അടുപ്പി ക്കുന്നതിന് അത്രമാത്രം അദ്ദേഹം പ്രവർത്തിച്ചിരുന്നുവെന്ന് സമകാ ലികർ വെളിപ്പെടുത്തുന്നുണ്ട്. അങ്ങനെ യേശുക്രിസ്തുവിൽ ദൃഷ്ടിയുറ പ്പിച്ച ഒരു യഥാർത്ഥ വിശ്വാസിയുടെ ചൈതന്യത്തെ വെളിപ്പെടുത്തു ന്നതാണ് ഊക്കനച്ചന്റെ ജീവിതം. നമുക്കും ഈ ധന്യാത്മാവിനെപോലെ വിശ്വാസജീവിതത്തിൽ വളരാം! യേശുവിനു സാക്ഷികളാകാം..

**ഫാ. പോൾ പുളിക്കൻ**


വൈസ് പോസ്റ്റുലേറ്റർ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

**പ്രേഷിതപ്രവർത്തനം**

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനാത്തിരുന്നാളിന്റെ അവസരത്തിൽ പ്രേഷിതപ്രവർത്തനത്തിനുള്ള നമ്മുടെ കടമയെപ്പറ്റി അന്തോണിയച്ചൻ പറയുന്നതു ശ്രവിക്കാം. 1928 മുതൽ 1936 വരെ രൂപതയുടെ വിശ്വാസപ്രചാരണ ഡയറക്ടറായിരുന്നു അന്തോണിയച്ചൻ.

മാനസാന്തരവേല വൈദികർക്കുള്ളതാണ് എന്നത് ഒരു തെറ്റിദ്ധാരണയാണെന്ന പ്രസ്താവനയോടെയാണ് പ്രേഷിതപ്രവർത്തനത്തെപ്പറ്റിയുള്ള വിചിന്തനം അച്ചൻ ആരംഭിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുതന്നെ അച്ചൻ എഴുതി: 'ഇത് അത്മായന്റെ കാലഘട്ടമാണ്. കത്തോലിക്കാ ഗ്രന്ഥങ്ങളുടെയും അറിവിന്റെയും വ്യാപനത്തോടെ, പുതിയ ജീവിത സാഹചര്യങ്ങളുടെ വരവോടെ, ആദ്ധ്യാത്മികവും സാമൂഹ്യവുമായ വിവിധങ്ങളായ പ്രവർത്തനങ്ങളിലേക്ക് അത്മായർ കടന്നുവരുവാൻ തുടങ്ങിയിരിക്കുന്നു'. വൈദികനും അത്മായനും തമ്മിൽ പരസ്പരാശ്രയത്വം അത്യാവശ്യമാണെന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു. രണ്ടു കാര്യങ്ങൾ അച്ചൻ ഈ അവസരത്തിൽ വ്യക്തമാക്കുന്നു.



**1. അത്മായന്റെ ഉത്തരവാദിത്വം**

പുരാതന ഗ്രീസിലും റോമിലും എന്നതുപോലെ ജന്മനാടിനും മതത്തിനും വേണ്ടി പൊരുതുക ഒരു വിശുദ്ധ കർമ്മമാണ്. അത് പൗരാണികർ ഒരു അവകാശമായി കണ്ടിരുന്നു. ക്രിസ്തുരാജ്യത്തിലെ ഓരോ പൗരനും ഇതുപോലെ ചിന്തിക്കണം എന്ന് അച്ചൻ വ്യക്തമാക്കുന്നു. ദൈവത്തിന്റെയും സഭയു

ടെയും രാജ്യത്തിന്റെയും മുമ്പിൽ മാനസാന്തര പ്രവർത്തനം നടത്തുവാൻ അവന് ഉത്തരവാദിത്വമുണ്ട്.
(a) ദൈവത്തിന്റെ മുമ്പിൽ: കത്തോലിക്കർക്കുവേണ്ടി മാത്രമല്ല മറ്റു മതസ്ഥർക്കുവേണ്ടിക്കൂടിയാണ് കർത്താവ് മരിച്ചത്. മറ്റുള്ളവർക്ക് പ്രകാശം നൽകുക ഏറ്റം ഉന്നതവും അടിയന്തിരവുമായ ജോലിയാണ്. ഇതിലുള്ള ഉപേക്ഷ ഉപവിക്കെതിരായ പാപമാണ്. മറ്റു മതസ്ഥരുടെ രക്ഷക്കായുള്ള ഉൽക്കണ്ഠയാണ് ഏറ്റം വലിയ സ്നേഹം.
(b) സഭയുടെ വ്യാപനത്തിന് വൈദികരും അത്മായരും ഒത്തുചേരണം. അകത്തോലിക്കർക്കിടയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനാൽ അത്മായർക്ക് ഇതിൽ കൂടുതൽ ഉത്തരവാദിത്വമുണ്ട്.
(c) രാജ്യത്തിന്റെ മുമ്പിൽ രാഷ്ട്രീയദേശഭക്തിയല്ല, രാജ്യത്തിന്റെ രക്ഷയാണ് ഏറ്റം വലിയ ദേശഭക്തി. ആത്മീയദേശഭക്തിയാണ് ഏറ്റം വലിയ ആവശ്യം.

**2. അത്മായന്റെ ദൗത്യം**

മാനസാന്തരവേലയിൽ ദൈവം, വൈദികൻ, അത്മായൻ എന്നിവർ പങ്കാളികളാണ്. ദൈവം കൃപ നൽകുന്നു. അത്മായർ മാനസാന്തരത്തിന് വഴിയൊരുക്കുന്നു. വൈദികർ മാനസാന്തരപ്പെടുത്തുന്നു.
(a) എല്ലാവരുടെയും ജോലിയാണ് ഭാരതത്തിന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നത്. ഇത് ഏറ്റവും എളുപ്പവും ഫലപ്രദവുമാ ണ്.
(b) ഏറെപ്പേർക്ക് ചെയ്യാവുന്നത്: മാനസാന്തരജോലി സാമ്പത്തിക സഹായമില്ലാതെ മുന്നോട്ടുപോകില്ല. വിദേശസഹായം ഉണ്ടാകണമെന്നില്ല. ഒരു ആത്മാവിനെ രക്ഷിച്ചാൽ നീ നിന്റെത്തന്നെ ആത്മാവിന്റെ രക്ഷ മുൻകൂട്ടി നേടിയിരിക്കും എന്ന അഗസ്റ്റിന്റെ വാക്കുകൾ അച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നു.
(c) കുറച്ചുപേർക്കു മാത്രം ചെയ്യാവുന്നത്: രോഗികളെയും അക്രൈസ്തവരെയും സന്ദർശിക്കൽ, ഉപകാരപ്രദമായ സംഭാഷണങ്ങൾ നടത്തൽ, പ്രസിദ്ധീകരണങ്ങൾ ആരംഭിക്കൽ, മുൻവിധികൾ മാറ്റാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
ചേലക്കരയുടെ പ്രേഷിതനായ അന്തോണിയച്ചന്റെ വാക്കുകൾ എത്ര അർത്ഥപൂർണ്ണമാണ്!
**പുതിയ പോസ്റ്റുലേറ്റർ :** അന്തോണിയച്ചന്റെ നാമകരണനടപടികളുടെ റോമൻ പോസ്റ്റുലേറ്ററായി റോമിൽ പ്രവർത്തിക്കുന്ന CMI സഭാംഗമായ റവ. ഡോ. ചെറിയാൻ തുണ്ടുപറമ്പിലിനെ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് നിയമിച്ചു. പല നാമകരണനടപടികളുടെയും റോമൻ പോസ്റ്റുലേറ്ററാണ് അദ്ദേഹം. ഫാ. പോൾ പുളിക്കനായിരിക്കും നാമകരണനടപടികളുടെ പുതിയ വൈസ് പോസ്റ്റുലേറ്റർ.
ദൈവദാസൻ അന്തോണിയച്ചന്റെ ജൂൺ 9ലെ ശ്രാദ്ധദിന പരിപാടികൾക്ക് ചേലക്കര ഫൊറോന പള്ളി വികാരി ബഹു. ഫാ. തോമസ് വടക്കൂട്ട് നേതൃത്വം നൽകി.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സീജൻ ചക്കാലക്കൽ | 02 |
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. ലിബിൻ ചെമ്മണ്ണൂർ | 09 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 09 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 12 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 21 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 25 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| മോൺ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 28 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 03 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 03 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. തോമസ് ചൂണ്ടൽ | 03 |
| ഫാ. തോമസ് എടക്കളത്തൂർ | 03 |
| മോൺ. തോമസ് കാക്കശ്ശേരി | 03 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 03 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 03 |
| ഫാ. ഫിനോഷ് കീറ്റിക്ക | 03 |
| ഫാ. ബെന്നി കിടങ്ങൻ | 03 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 03 |
| ഫാ. മേജോ മരോട്ടിക്കൽ | 03 |
| ഫാ. ടിജോ മുള്ളക്കര | 03 |
| ഫാ. ജോബ് പടയാട്ടിൽ | 03 |
| ഫാ. തോമസ് പൂപ്പാടി | 03 |
| ഫാ. ലിയോ പുത്തൂർ | 03 |
| ഫാ. തോമസ് ഊക്കൻ | 03 |
| ഫാ. തോമസ് വടക്കേത്തല | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 03 |
| ഫാ. റോയ് വേളക്കൊമ്പിൽ | 03 |
| ഫാ. തോമസ് വേലൂക്കാരൻ | 03 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. നോബിൾ പെട്ടയിൽ | 20 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ചാക്കോ ചെറുവത്തൂർ | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ | 25 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. അനീഷ് കൂത്തൂർ | 25 |
| ഫാ. ചാക്കോ നടക്കവെളിയിൽ | 25 |
| ഫാ. ഷിജോ പള്ളിക്കുന്നത്ത് | 25 |
| ഫാ. ചാക്കോ പാറയിൽ | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ട്രെജിൻ തട്ടിൽ | 28 |
| ഫാ. സീജൻ ചക്കാലക്കൽ | 31 |
| ഫാ. മിഥുൻ ചുങ്കത്ത് | 31 |
| ഫാ. ഇഗ്നേഷ്യസ് നന്തിക്കര | 31 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 31 |

# DEATH DAY




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05–07–1915 |
| ഫാ. ജോസഫ് പുത്തൂർ | 18–07–1944 |
| ഫാ. ജോർജ്ജ് എളംകുന്നപ്പുഴ | 23–07–1945 |
| ഫാ. ഗ്രൂസ് പാനികുളം | 09–07–1948 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08–07–1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11–07–1953 |
| ഫാ. ജോസഫ് പറമ്പൻ | 27–07–1961 |
| ഫാ. ആന്റണി അക്കര | 16–07–1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22–07–1971 |
| ഫാ. പോൾ അരിക്കാട്ട് | 07–07–1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12–07–1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 07–06–1934 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13–07–1975 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28–07–1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31–07–1985 |
| ഫാ. ജോസഫ് ചാലക്കൽ | 22–07–1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09–07–1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18–07–1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14–07–2000 |
| ഫാ. ജോസഫ് ചുങ്കത്ത് (ജൂനിയർ) | 18–07–2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31–07–2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05–07–2010 |
| ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ | 27–07–2017 |

## ആദരാഞ്ജലികൾ

# ഫാ. എടക്കളത്തൂർ സിൻസൺ (33)



തൃശ്ശൂർ അതിരൂപതയിലെ അനുഗ്രഹീതഗായകനും യുവവൈദികനുമായ ബഹു. ഫാ. സിൻസൺ എടക്കളത്തൂർ 2021 മെയ് 28 രാത്രി 7.45ന് അന്തരിച്ചു. റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു അച്ചൻ. ഏപ്രിൽ മാസത്തിൽ നാട്ടിലേക്ക് അവധിക്ക് വന്നതായിരുന്നു.

മുല്ലശേരി എടക്കളത്തൂർ ഫ്രാൻസീസ് – എൽസി ദമ്പതികളുടെ മകനായി 1988 ഏപ്രിൽ 25 ജനിച്ചു. ദൈവവിളി സ്വീകരിച്ച് 2005 ജൂണിൽ തൃശ്ശൂർ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. മുളയം മേരിമാത മേജർ സെമിനാരിയിൽ തത്വശാസ്ത്ര പരിശീലനത്തിനും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര പരിശീലനത്തിനുശേഷം 2014 ഡിസംബർ 29ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്ന് മുല്ലശ്ശേരിയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. തൃശൂർ മൈനർ സെമിനാരിയിൽ 2010–2011 കാലഘട്ടത്തിൽ അച്ചൻ പ്രായോഗിക പരിശീലനം നടത്തി.

'കർത്താവ് എന്റെ ഇടയനാകുന്നു; എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല' എന്ന സങ്കീർത്തന വചനം ആപ്തവാക്യമായി സ്വീകരിച്ച അച്ചൻ പുതുക്കാട് ഫൊറോന, ഒളരി, മണ്ണുത്തി, മുക്കാട്ടുക്കര എന്നിവിടങ്ങളിൽ സഹവികാരിയായി സേവനം ചെയ്തു. 2016 മെയ് 30 മുതൽ അതിരൂപത കൂരിയിൽ നോട്ടറിയായും സേവനമനുഷ്ഠിച്ചു. 2018 ആഗസ്റ്റ് 30 മുതൽ റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ ദൈവശാസത്രത്തിൽ ലൈസൻഷ്യേറ്റ് നടത്തുകയും 2020 ജൂണിൽ പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ തന്നെ ദൈവശാസത്രത്തിൽ ഡോക്ടേറേറ്റ് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇടവകയിൽ സേവനം ചെയ്തിരുന്നപ്പോൾ യുവജനങ്ങളെയും കുട്ടികളെയും സംഘടിപ്പിക്കുന്നതിൽ മികവ് പുലർത്തിയിരുന്ന അച്ചൻ പ്രതിഭയുള്ള ഒരു നാടക നടനമായിരുന്നു. അതിരൂപതയിലെ വൈദികരുടെ ഗായകസംഘമായ ഹോളി സ്ട്രിംഗ്സിലെ


അനുഗ്രഹിതഗായകനായിരുന്ന ബഹു. സിൻസൺ അച്ചൻ സമൂഹമാധ്യമങ്ങളിൽ തന്റെ ഗാനങ്ങളുമായി അനേകർക്ക് പ്രചോദനമായിരുന്നു. അച്ചൻ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ റോമിൽ നിന്ന് അവധിക്ക് വന്നപ്പോഴും വൈദികരുടെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ ഗാനാലാപനങ്ങൾക്ക് നേതൃത്വം നല്കിയിരുന്നു.

2021 ജൂൺ 5ന് ഭൗതികാവശിഷ്ടം മുല്ലശ്ശേരിയിലെ സ്വവസതിയിലും ശേഷം 10 മണിയോടെ ഇടവകപള്ളിയിലും കൊണ്ടുവന്നു. മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. രണ്ടാം ഭാഗത്തിന് യൂറോപ്പിലെ സീറോ മലബാർ സഭയുടെ അപ്പസ്തോലിക് വിസിറ്റേറ്റർ മാർ സ്റ്റീഫൻ ചിറപ്പണത്ത് പിതാവും മൂന്നാം ഭാഗത്തിന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയും മുഖ്യകാർമ്മികത്വം വഹിച്ചു. നാലാം ഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ആലുവ പൊന്തിഫിക്കൽ സെമിനാരി വൈസ് റെക്ടർ ഫാ. വിൻസെന്റ് കുണ്ടുകുളം അനുശോചനസന്ദേശം നൽകി.

**പൗരോഹിത്യജീവിതത്തെക്കുറിച്ച് സ്വപ്നങ്ങൾ കാത്ത് സൂക്ഷിച്ച്, നിറപുഞ്ചിരിയുമായി ജീവിച്ച്, തന്റെ സ്വർഗീയ ഭവനത്തിലേക്ക് യാത്രയായ എടക്കളത്തൂർ ബഹു. സിൻസണച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

## ആദരാഞ്ജലികൾ

# റവ. ഫാ. മാത്യു പേരാമംഗലത്ത് (73)



തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനും ധ്യാനഗുരുവുമായിരുന്ന ബഹു. ഫാ. മാത്യു പേരാമംഗലത്ത് 2021 മെയ് 29 രാത്രി 7:45ന് അന്തരിച്ചു.

തിരൂർ പരേതരായ പേരാമംഗലത്ത് ആന്റണി+റോസ ദമ്പതികളുടെ മകനായി 1948 ജൂൺ 8 ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദിക പരിശീലനത്തിനു ശേഷം 1978 മാർച്ച് 15ന് മാർ ജോസഫ്

കുണ്ടുകുളം പിതാവിൽ നിന്ന് തിരൂർ ഇടവകപള്ളിയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിനെപ്രതി അജപാലന തീക്ഷണതയുമായി തൃശൂർ ലൂർദ്ദ് കത്തീഡൽ, മണലൂർ ഈസ്റ്റ് എന്നിവിടങ്ങളിൽ സഹവികാരിയായും തൃപ്രയാർ ഇടവകയിൽ ആക്ടിങ്ങ് വികാരിയായും ചിറയ്ക്കൽ, വെള്ളാനി, തൊയ്ക്കാവ്, ആറ്റുപുറം, പൊന്നാനി, പേരാമംഗലം, ചിറ്റിലപ്പിള്ളി, കോട്ടപ്പടി, പൂമല, പുറനാട്ടുകര, പാലക്കൽ, പെരിഞ്ചേരി, തിരുത്തിപ്പറമ്പ്, കല്ലൂർ വെസ്റ്റ്, പോന്നോർ, മണ്ണുത്തി, പെരിങ്ങോട്ടുകര എന്നിവിടങ്ങളിൽ വികാരിയായും പാവറട്ടിയിൽ സഹായിയായും സേവനം ചെയ്തിട്ടുണ്ട്. തൃശൂർ മൈനർ സെമിനാരിയിൽ ഫാദർ പ്രീഫക്ടായും, പുല്ലഴി സെന്റ് ജോസഫ് ഹോം ഡയറക്ടറായും പാലിശേരി, പോന്നോർ എന്നിവിടങ്ങളിൽ സ്ക്കൂൾ മാനേജരായും അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസത്രത്തിൽ അച്ചൻ ഉപരിപഠനം നടത്തിയിട്ടുണ്ട്. തൊയ്ക്കാവ്, പേരാംമംഗലം, കല്ലൂർ വെസ്റ്റ്, ചിറയ്ക്കൽ, വെള്ളാനി എന്നിവിടങ്ങളിൽ പള്ളി നിർമ്മാണത്തിനും പോന്നോർ സ്കൂൾ നിർമ്മാണത്തിനും നേതൃത്വം അച്ചൻ നൽകിയിട്ടുണ്ട്. 2003 ഡിസംബർ ഒന്നു മുതൽ തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

ഭൗതികാവശിഷ്ടം 2021 മെയ് 31ന് രാവിലെ 10 മണിക്ക് തിരൂരിലുള്ള സ്വഭവനത്തിൽ കൊണ്ടുവന്നു. ഉച്ചകഴിഞ്ഞ് 1:45ന് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. രണ്ടാം ഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവും മൂന്നാം ഭാഗത്തിന് മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അനുശോചനസന്ദേശം നൽകുകയും മൃതസംസ്കാര ശുശ്രൂഷയുടെ നാലാം ഭാഗത്തിന് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

അജപാലനകർമ്മമണ്ഡലങ്ങളിൽ ക്രിസ്തുസ്നേഹവും സാക്ഷ്യവും കാത്തുസൂക്ഷിച്ച മാത്യു അച്ചൻ ആത്മീയ ജീവിതത്തിന്റ ആൾരൂപവും ആടിനെ തേടി ഇറങ്ങുന്ന ഇടയന്റെ പ്രതീകവുമായിരുന്നു. തന്റെ അജപാലന ശുശ്രൂഷ വഴി ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ ജീവിതത്തിലൂടെ എല്ലാവർക്കും ഉത്തമ മാതൃകയായിരുന്നു.

**ശാന്തവും സൗമ്യവുമായ ജീവിതം നയിച്ച് സ്വർഗ്ഗീയഭവനത്തിലേക്ക് യാത്രയായ പേരാമംഗലത്ത് ബഹു. മാത്യു അച്ചന് അതിരൂപതയുടെ ആദരാഞ്ജലികൾ**

## ആദരാഞ്ജലികൾ

# റവ. ഫാ. പോൾ പുലിക്കോട്ടിൽ (49)



തൃശ്ശൂർ അതിരൂപത വൈദികനായ ഫാ. പോൾ പുലിക്കോട്ടിൽ 2021 ജൂൺ 1ന് അന്തരിച്ചു. രാമനാഥപുരം രൂപതയിലെ തിരുപ്പൂർ ഇടവകയിൽ അജപാലനശുശ്രൂഷ ചെയ്തു വരികയായിരുന്നു.

തൃശൂർ അതിരൂപത കണ്ടാണശ്ശേരി പുലിക്കോട്ടിൽ പരേതനായ ലോന– വത്സ ദമ്പതികളുടെ മകനായി 1971 ജൂലൈ 8ന് ജനിച്ചു. ദൈവവിളി സ്വീകരിച്ച് 1989 ജൂണിൽ തൃശ്ശൂർ മൈനർ സെമിനാരി ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ തത്വശാസ്ത്ര–ദൈവശാസ്ത്ര പരിശീലനത്തിനുശേഷം 1998 ഡിസംബർ 26ന് മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിൽ നിന്ന് മറ്റം പള്ളിയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു.

കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ ശുശ്രൂഷയേറ്റെടുത്ത ശേഷം കുരിയച്ചിറ, കോട്ടപ്പടി, പുതുക്കാട് എന്നിവിടങ്ങളിൽ സഹവികാരിയായും വടക്കൻ പുതുക്കാട് ആക്ടിങ്ങ് വികാരിയായും കൊഴുക്കുള്ളി, ആമ്പക്കാട്, വടൂക്കര, വരാക്കര, പുതുശ്ശേരി എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. തുടർന്ന് 2017 ഫെബ്രുവരി മുതൽ രാമനാഥപുരം രൂപതയിലെ പൂമാർക്കറ്റ്, തിരുപ്പൂർ എന്നിവിടങ്ങളിൽ അജപാലന ശുശ്രൂഷയും രാമനാഥപുരം രൂപതകോടതിയിൽ Defender of Bond ആയും സേവനം ചെയ്തുവരികയായിരുന്നു. ബാംഗ്ളൂർ ധർമ്മാരാം കോളേജിൽ നിന്ന് കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് നേടിയ ബഹു. പോൾ പുലിക്കോട്ടിൽ അച്ചൻ തൃശൂർ അതിരൂപത മെത്രാപ്പോലീത്തൻ കോടതിയിൽ നോട്ടറിയായും ജഡ്ജ് ആയും, അതിരൂപത വിവാഹ അനുരഞ്ജന കോടതിയിലെ വൈസ് ചാൻസലറായും, വി. എവുപ്രാസ്യമ്മയുടെ നാമകരണ നടപടികളുടെ ട്രൈബ്യൂണൽ നോട്ടറിയായും, അതിരൂപത നിയമാവലി പരിഷ്ക്കരണ കമ്മിറ്റി അംഗമായും, അതിരൂപത വൈദിക ക്ഷേമ നിധിയുടെ നിയമാവലി കമ്മിറ്റി അംഗമായും സേവനം ചെയ്തിട്ടുണ്ട്. കൊഴുക്കുള്ളി, ആമ്പക്കാട്, വടൂക്കര എന്നിവിടങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയ


അദ്ദേഹം ഇടവകയിൽ സേവനം ചെയ്തിരുന്നപ്പോൾ യുവജനങ്ങളെ സംഘടിപ്പിക്കുന്നതിൽ മികവ് പുലർത്തിയിരുന്നു.

2021 ജൂൺ 3ന് ഭൗതികാവശിഷ്ടം രാവിലെ 10 മണിയോട കണ്ടാണശ്ശേരിയിലെ സ്വഭവനത്തിലേക്ക് കൊണ്ടുവന്നു. ഉച്ചകഴിഞ്ഞ് 1:30 മണിയോടെ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ചു. രണ്ടാം ഭാഗത്തിന് രാമനാഥപുരം രൂപത മെത്രാൻ മാർ പോൾ ആലപ്പാട്ട് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. സംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗത്തിനും നാലാം ഭാഗത്തിനും മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മാർ പോൾ ആലപ്പാട്ട് പിതാവ് അനുശോചനസന്ദേശം നൽകി.

**'എല്ലാ അവസരത്തിലും നല്ലതു പ്രതീക്ഷിക്കുക' എന്ന ജീവിതതത്വവുമായി പൗരോഹിത്യത്തെ സ്നേഹിച്ച്, ധീരതയോടെ തന്റെ ശുശ്രൂഷകൾ നിർവഹിച്ച് നിത്യഭവനത്തിലേക്ക് യാത്രയായ പുലിക്കോട്ടിൽ ബഹു. പോളച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

## ആദരാഞ്ജലികൾ

# റവ. ഫാ. ജോസ് കാച്ചപ്പിള്ളി (74)



തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ ഫാ. ജോസ് കാച്ചപ്പിള്ളി 2021 ജൂൺ 9 ന് അന്തരിച്ചു.

ഇരിഞ്ഞാലക്കുട രൂപത തെക്കൻ താണിശ്ശേരി ഇടവകയിലെ കാച്ചപ്പിള്ളി പരേതരായ അന്തോണി–റോസ ദമ്പതികളുടെ ഏക മകനായി 1947മെയ് 15ന് ജനിച്ചു. തൃശൂർ രൂപതയ്ക്കുവേണ്ടി ദൈവവിളി സ്വീകരിച്ച് 1964 ജൂണിൽ തൃശ്ശൂർ മൈനർ സെമിനാരി ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പരിശീലനത്തിനു ശേഷം 1972 ഡിസംബർ 18ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പാലയൂർ പള്ളിയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. പാലയൂരിൽ

സഹവികാരിയായും, അയ്യന്തോൾ ആക്ടിങ്ങ് വികാരിയായും, നിർമ്മലപുരത്തു സഹായിയായും, എറവ്, മനക്കൊടി, മായന്നൂർ, എളനാട്, പഴയന്നൂർ, തിരുവില്ലാമല, വല്ലച്ചിറ, പല്ലിശേരി, ഏങ്ങണ്ടിയൂർ, ചിറയ്ക്കൽ, മുണ്ടത്തിക്കോട്, അഞ്ഞൂർ, ആറ്റത്തറ, പങ്ങാരപ്പിള്ളി എന്നിവിടങ്ങളിൽ വികാരിയായും ലൂർദ്ദ് കത്തീഡ്രൽ, പെരിങ്ങണ്ടിയൂർ പീസ് ഹോം എന്നിവിടങ്ങളിൽ റെസിഡന്റ് പ്രീസ്റ്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൃശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഫാദർ പ്രീഫക്ട്, ആദ്ധ്യാത്മിക പിതാവ്, പ്രൊക്യുറേറ്റർ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. ഏങ്ങണ്ടിയൂർ, എറവ്, ആറ്റത്തറ, മായന്നൂർ എന്നിവിടങ്ങളിൽ സ്ക്കൂൾ മാനേജരായും അധ്യാപകനായും നിസ്തുല സേവനം ചെയ്തിട്ടുണ്ട്.

മാന്നാനം ട്രെയിനിംഗ് കോളേജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദാന്തര ബിരുദം കരസ്ഥമാക്കിയ അച്ചൻ മലയാളം വിധ്വാൻ, ബി.എഡ് എന്നീ ഡിഗ്രികൾ സ്വന്തമാക്കിയിട്ടുണ്ട്. 2021 ഫെബ്രുവരി മുതൽ തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

അച്ചന്റെ മൃതദേഹം 2021 ജൂൺ 11 രാവിലെ തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിലെ വി. കുർബാനയ്ക്കുശേഷം തെക്കൻ താണിശേരിയിലെ പിതൃസഹോദര പുത്രൻ ആന്റുവിന്റെ വസതിയിൽ കൊണ്ടുവന്ന് രാവിലെ 10 മണി മുതൽ പൊതുദർശനത്തിനു വെച്ചു. ഉച്ചത്തിരിഞ്ഞ് 1.45ന് മൃതസംസ്ക്കാര ശുശ്രൂഷയുടെ ആദ്യഭാഗം വസതിയിൽ നിന്ന് ഇരിഞ്ഞാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ചു. രണ്ടാം ഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മൂന്നാം ഭാഗവും നാലാം ഭാഗവും മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ഫാ. വർഗ്ഗീസ് കൂത്തൂർ അനുശോചനസന്ദേശം നൽകി.

**വിനയത്തിന്റെയും ലാളിത്യത്തിന്റെയും നേർപകർപ്പുമായി ദൈവജനത്തിന് ആത്മീയ വെളിച്ചം പകർന്നു നൽകി ദൈവസന്നിധിയിലേക്ക് യാത്രയായ കാച്ചപ്പിള്ളി ബഹു. ജോസ് അച്ചനു തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ**



# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

മെയ് 2021

**1. മലബാർ മിഷനറി ബ്രദേഴ്സ്**

മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ 73–ാം ജന്മദിനമായ പെന്തക്കുസ്താ തിരുനാളിൽ, 2021 മെയ് 23ന് രണ്ട് പുഷ്പങ്ങൾ കൂടി ആ സഭാവല്ലരിയിൽ പൂത്തു. ഝാർഖണ്ഡിൽ നിന്നും ഭോപ്പാലിലെ അസ്സീസി പ്രൊവിൻസിൽ പ്രവർത്തിക്കാൻ വേണ്ടി സിംഡേഗ രൂപതാംഗമായ ബ്രദർ ബിപിൻ ലക്രയും ഗുംല രൂപതാംഗമായ ബ്രദർ അമിത് മിഞ്ജും ആണവർ. എം.എം.ബി. യുടെ മാതൃഭവനമായ മരിയാപുരം മിഷൻഹോമിൽ നടന്ന ലളിതമായ ചടങ്ങുകൾക്ക് മിഷൻഹോം സ്പിരിച്വൽ ഡയറക്ടർ റവ. ഫാ. ജോസ് ഐനിക്കൽ കാർമ്മികത്വം വഹിച്ചു. എം.എം.ബി. സുപ്പീരിയർ ജനറൽ ബഹു. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ പ്രഥമവ്രതവാഗ്ദാനം സ്വീകരിച്ചു.

**2. സി.എം.സി.**

25 ദിവസത്തെ ആത്മീയ ഒരുക്കത്തിന് ശേഷം 24 സിസ്റ്റേഴ്സ് തങ്ങളുടെ ആദ്യവ്രതാർപ്പണത്തിന്റെ സിൽവർ ജൂബിലി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആഘോഷിച്ചു. ഫാ. ലിൻസൺ തട്ടിൽ, ഫാ. ജോസൻ പടിക്കല CMI എന്നിവർ ദിവ്യബലിക്ക്

കാർമ്മികത്വം വഹിച്ചു. കോവിഡ് –19ന്റെ പശ്ചാത്തലത്തിൽ ഓൺ ലൈൻ വഴി നടത്തിയ പ്രൊവിൻ ഷ്യൽ പ്ലിനറി മീറ്റിംഗിൽ എല്ലാ പ്ലിനറി അംഗങ്ങളും സംബന്ധിച്ചു. കോവിഡ് രോഗത്താൽ ബുദ്ധിമുട്ടുന്ന ജൂബിലി മിഷൻ മെഡിക്കൽ ഹോസ്പിറ്റലിലെയും, ചൂണ്ടൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റിലിലെയും രോഗികളെ ശുശ്രൂഷിക്കാനും സഹാ യിക്കാനുമായി 15 സിസ്റ്റേ ഴ്സ് ധീരതയോടും, സേവനസന്നദ്ധതയോടും മുന്നിട്ടിറങ്ങി.

**3. എഫ്.സി.സി.**

മെയ് 2–ാം തീയതി കോവിഡ് ബാധിച്ച സിസ്റ്റേഴ്സിന്റെ എണ്ണം വർദ്ധിച്ചതിനാലും, പഴുവിൽ ഹോസ്പിറ്റലിൽ പൊതുജനങ്ങളെ പ്രവേശിപ്പിക്കേണ്ടത് അത്യാവശ്യമായി വന്നതിനാലും തൃശ്ശൂർ ലവേർണ്ണ ഹോസ്റ്റൽ സജ്ജമാക്കി കോവിഡ് ബാധിതരായ സിസ്റ്റേഴ്സി നെ കൊണ്ടുവന്നു ശുശ്രൂഷ ആരംഭിച്ചു. മെയ് 15–ാം തീയതി കെ.സി. എം.എസ് ഓൺലൈൻ ആയി നടത്തിയ ജനറൽ ബോഡി മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽമേരി സംബന്ധിച്ചു. മെയ് 22–ാം തീയതി കെ.സി.എം.എസ് ഓൺലൈൻ ആയി ഫോർമേറ്റേഴ്സിനുവേണ്ടി Role of Formator in the Formation എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ ക്ലാസ്സിൽ ബഹു. പ്രൊവിൻ ഷ്യൽ സുപ്പീരിയർ സംബന്ധിച്ചു. മെയ് 25–ാം തീയതി മുതൽ തൃശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ 2 വാർഡുകളിൽ കൊറോണ ബാധിച്ച് ചികിത്സയിൽ കഴിയുന്നവരെ ശുശ്രൂഷിക്കാൻ 7 സിസ്റ്റേഴ്സ് തങ്ങളുടെ നിസ്വാർത്ഥസേവനം ആരംഭിച്ചു. മെയ് 26–ാം തീയതി പ്രീ–പോസ്റ്റുലന്റ് Phase I ലെ 10 അർത്ഥിനികൾക്ക് Phase II ലേക്ക് പ്രവേശിക്കാൻ ഒരുക്കമായുള്ള ധ്യാനം മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വച്ച് പ്രൊവിൻഷ്യൽ കൗൺസിലർ ബഹു. സി.ഫോൺസി മരിയ നയിച്ചു. ജൂൺ 31–ാം തീയതി Pre Postulancy Phase I ലെ അർത്ഥിനികൾ (TSR 7+ EKM3) മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽവച്ച് Pre Postulancy Phase II ലേക്ക് പ്രവേശിച്ചു.

**4. സി.എച്ച്.എഫ്.**

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സി.ബി.സി.ഐ പ്രസിഡന്റ് കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസ് ആഹ്വാനം ചെയ്തതനു സരിച്ച് ഭാരതസഭ മുഴുവൻ ഉപവാസ പ്രാർത്ഥന ദിനം ആചരിച്ചു. അന്നേദിവസം പരിശുദ്ധ കുർബാന എഴുന്നള്ളിച്ച് വച്ച് പ്രോവിൻസ് മുഴുവൻ ആരാധനയിൽ ചിലവഴിച്ചു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ തൃശ്ശൂർ അതിരൂപതയിൽ നിന്നും കോവിഡ് ബാധിച്ച്

മരണമടഞ്ഞ വന്ദ്യ വൈദീകർക്കു വേണ്ടി വി. ബലികളർപ്പിച്ച് പ്രാർത്ഥിച്ചു.

ഹോളിഫാമിലി സന്ന്യാസിനി സമൂഹത്തിന്റെ 107–ാം സ്ഥാപന ദിനം ഹോളിഫാമിലി ജനറലേറ്റ്, പ്രൊവിൻഷ്യലേറ്റുകൾ, ഭവന സമൂഹങ്ങൾ എന്നിവിടങ്ങളിൽ വി. കുർബാന, പ്രാർത്ഥനാ ശുശ്രൂഷ എന്നിവയോടെ സമുചിതമായി ആഘോഷിച്ചു. കുടുംബവർഷ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ഹോളിഫാമിലി കോൺഗ്രിഗേഷൻ ലേ അസോസിയേഷൻ അംഗങ്ങളെ ഉൾപ്പെടുത്തി ജനറൽ തലത്തിൽ നടത്തിയ Married Couples: CoShepherds എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി നടത്തിയ വെബിനാറിൽ നവജ്യോതി പ്രൊവിൻസിൽ നിന്നും എൺപതോളം ലേ അസോസിയേഷൻ അംഗങ്ങൾ പങ്കെടുത്തു. നവജ്യോതി പ്രോവിൻസിൽ നിന്നും കോവിഡ് രോഗികളെ ശുശ്രൂഷിക്കാൻ സന്നദ്ധരായി വന്ന സിസ്റ്റേഴ്സ് മൂന്നു ബാച്ചുകളായി ജൂബിലി മിഷൻ ഹോസ്പിറ്റലിൽ തങ്ങളുടെ നിസ്തുലമായ സേവനം കാഴ്ചവച്ചു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും ആറ് സിസ്റ്റേഴ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ രക്തദാനം നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും ജൂൺ 8 ന് നടക്കാനിരിക്കുന്ന വി. മറിയം ത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ച് കോവിഡ് ഡ്യൂട്ടിയിലായിരിക്കുന്ന 50 പോലീസുകാർക്ക് ഉച്ചഭക്ഷണം നൽകുകയും അവർ നിസ്വാർത്ഥത യോടെ ചെയ്യുന്ന സാമൂഹ്യ സേവനങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ജൂൺ 8ന് നടക്കാനിരിക്കുന്ന വി. മറിയം ത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ച് 9 ദിവസത്തെ നവനാൾ നൊവേനക്ക് ആരംഭം കുറിച്ചു. അന്നേദിനം കുഴിക്കാട്ടുശ്ശേരി കബറിട ദേവാലയത്തിൽ നടന്ന വി. ബലിയിലും നൊവേനയിലും പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും 10000 രൂപ വച്ച് 15 നിർദ്ധന കുടുംബങ്ങൾക്ക് ധനസഹായം നൽകുകയും 1000 രൂപ വിലവരുന്ന 30 സാന്ത്വനം മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

**5. എസ്.എ.ബി.എസ്.**

ജനറലേറ്റിൽനിന്നും സംഘടിപ്പിച്ച 10 ദിവസത്തെ ഓൺലൈൻ ധ്യാനത്തിൽ പ്രോവിൻസിൽ നിന്നും 4 സിസ്റ്റേഴ്സ് പങ്കെടുത്തു. വ്രതവാഗ്ദാനത്തിന്റെ ഗോൾഡൻ ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ച സി. റോസ്ലിറ്റ് പാനികുളം, സി. ലിറ്റിൽ മരിയ തെക്കേക്കര എന്നിവർ പടവരാട് മഠത്തിൽ വെച്ച് 14–ാം തിയ്യതി നടത്തിയ ആരാധനയോടുകൂടി ജൂബിലി വർഷത്തിന് ആരംഭം കുറിച്ചു. അതിരൂപതാദിനത്തോടനുബ

ഡിച്ച് അഭിവന്ദ്യപിതാക്കൻമാരുടെ പ്രധാന കാർമ്മികത്വത്തിൽ ഓൺലൈൻ ആയി നടത്തിയ വി. ബലിയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. "Role of Formator in Formation" എന്ന വിഷയത്തെ സംബന്ധിച്ച് സി. ജോസ്സിയ FCC നയിച്ച ഓൺലൈൻ ആയി സി. ലിറ്റിൽ മരിയ തെക്കേക്കര, സി. വിനയ തച്ചിൽ എന്നിവർ പങ്കെടുത്തു.

**6. സി.എസ്.സി.**

കോൺഗ്രിഗേഷൻ ഓഫ് ദ സിസ്േററഴ്സ് ഓഫ് ചാരിറ്റിയിലെ അഞ്ചു ജൂനിയർ സിസ്റ്റേഴ്സ് മെയ് 27–ാം തിയതി തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മരിയ ഭവൻ ജനറലേറ്റിൽ വെച്ചുനടന്ന ദിവ്യബലി മധ്യേ നിത്യവ്രതാർപ്പണം ചെയ്തു

## ആദരാഞ്ജലികൾ



**11.05.2021 – എഫ്.സി.സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ഭവനാംഗമായ ബഹു. സി. പയസ് എലുവത്തിങ്കൽ ദൈവസന്നിധി യിലേക്ക് വിളിക്കപ്പെട്ടു. 12–ാം തീയതി തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർ മ്മികത്വത്തിൽ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**11.05.2021 – സി.എം.സി.** കണിമംഗലം, സെന്റ് ജോർജ്ജ് മഠാംഗമായ ബഹു. സി. റോസ്‌ലിൻ നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തുകയും കോലഴി മഠം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

## ആദരാഞ്ജലികൾ



**13.05.2021 – സി.എം.സി.** ചൂണ്ടൽ മരീന ഹോം മഠാംഗമായ സി. സർസീല നിര്യാത യായി. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മി കത്വത്തിൽ മഠം കല്ലറയിൽ സംസ്കരിച്ചു.



**16.05.2021 –സി.എച്ച്.എഫ്** നവജ്യോതി പ്രോവിൻസ് ഒളരിക്കര ഹോളിഫാമിലി ഭവനാംഗമായ സി. ഇൽഡഫോൻസ് നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരിക്കര ഹോളിഫാമിലി മഠം കപ്പേളയിൽ സംസ്കരിച്ചു.



**25.05.2021 – സി.എം.സി.** കൊട്ടേക്കാട് അസംപ്ഷൻ മഠാംഗമായ സി. ക്ളാവുദിയ നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മഠം കല്ലറയിൽ സംസ്കരിച്ചു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

### 1. തെരട്ട് സമർപ്പിക്കൽ

2021 ആഗസ്റ്റ് 2 മുതൽ ഫൊറോന അടിസ്ഥാനത്തിലാണ് തെരട്ട് കൊണ്ടുവരേണ്ടത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 01. ലൂർദ്ദ് ഫൊറോന | | |
|---|---|---|
| 1. ലൂർദ്ദ് കത്തീഡ്രൽ | ആഗസ്റ്റ് 2 | 10.00 am |
| 2. മാടക്കത്തറ | ആഗസ്റ്റ് 2 | 10.00 am |
| 3. കുണ്ടുകാട് | ആഗസ്റ്റ് 2 | 11.00am |
| 4. പുല്ലംകണ്ടം | ആഗസ്റ്റ് 2 | 11.00 am |
| 5 മഡോണ നഗർ | ആഗസ്റ്റ് 2 | 12.00 noon |
| 6. മണ്ണുത്തി | ആഗസ്റ്റ് 2 | 12.00 noon |
| 7. മരിയാപുരം | ആഗസ്റ്റ് 3 | 10.00 am |
| 8. മുക്കാട്ടുകര | ആഗസ്റ്റ് 3 | 10.00 am |
| 9. മുല്ലക്കര | ആഗസ്റ്റ് 3 | 11.00 am |
| 10.നടത്തറ | ആഗസ്റ്റ് 3 | 11.00 am |
| 11.നെല്ലങ്കര | ആഗസ്റ്റ് 3 | 12.00 noon |

| | | |
|---|---|---|
| 12.നെല്ലിക്കുന്ന് | ആഗസ്റ്റ് 3 | 12.00 noon |
| 13.ഒല്ലൂക്കര | ആഗസ്റ്റ് 4 | 10.00 am |
| 14.പറവട്ടാനി | ആഗസ്റ്റ് 4 | 10.00 am |
| 15.പൊങ്ങണംകാട് | ആഗസ്റ്റ് 4 | 11.00 am |
| 16.പൂങ്കുന്നം | ആഗസ്റ്റ് 4 | 11.00 am |
| 17.വിജയപുരം | ആഗസ്റ്റ് 4 | 12.00 noon |
| 18.വില്ലടം | ആഗസ്റ്റ് 4 | 12.00 noon |
| 19.ചെമ്പൂക്കാവ് | ആഗസ്റ്റ് 4 | 12.00 noon |

**02. ഡോളേഴ്സ് ഫൊറോന**

| | | |
|---|---|---|
| 1. ഡോളേഴ്സ് ബസിലിക്ക | ആഗസ്റ്റ് 5 | 10.00 am |
| 2. അരണാട്ടുകര | ആഗസ്റ്റ് 5 | 10.00 am |
| 3. അയ്യന്തോൾ | ആഗസ്റ്റ് 5 | 11.00 am |
| 4. ചേറ്റുപുഴ | ആഗസ്റ്റ് 5 | 11.00 am |
| 5. ചിയ്യാരം(സേവനാലയം) | ആഗസ്റ്റ് 5 | 12.00 noon |
| 6. എൽത്തുരുത്ത് | ആഗസ്റ്റ് 5 | 12.00 noon |
| 7. കണ്ണംകുളങ്ങര | ആഗസ്റ്റ് 6 | 10.00 am |
| 8. കുരിയച്ചിറ | ആഗസ്റ്റ് 6 | 10.00 am |
| 9. നെടുപുഴ | ആഗസ്റ്റ് 6 | 11.00 am |
| 10.നെഹ്റു നഗർ | ആഗസ്റ്റ് 6 | 11.00 am |
| 11.നിർമ്മലപുരം | ആഗസ്റ്റ് 6 | 12.00 noon |
| 12.ഒളരിക്കര | ആഗസ്റ്റ് 6 | 12.00 noon |
| 13.പനമുക്ക് | ആഗസ്റ്റ് 9 | 10.00 am |
| 14.പുല്ലഴി | ആഗസ്റ്റ് 9 | 10.00 am |
| 15.സെന്റ് ആൻസ് | ആഗസ്റ്റ് 9 | 11.00am |
| 16.വടൂക്കര | ആഗസ്റ്റ് 9 | 11.00am |
| 17.പൂത്തോൾ | ആഗസ്റ്റ് 9 | 12.00noon |

**03. ചേലക്കര ഫൊറോന**

| | | |
|---|---|---|
| 1. ചേലക്കര | ആഗസ്റ്റ് 10 | 10.00 am |
| 2. ചെറുതുരുത്തി | ആഗസ്റ്റ് 10 | 10.00 am |
| 3. എളനാട് | ആഗസ്റ്റ് 10 | 11.00am |
| 4.കിള്ളിമംഗലം | ആഗസ്റ്റ് 10 | 11.00am |
| 5. മണലാടി | ആഗസ്റ്റ് 10 | 12.00noon |
| 6. മായന്നൂർ | ആഗസ്റ്റ് 10 | 12.00noon |
| 7. മുള്ളൂർക്കര | ആഗസ്റ്റ് 11 | 10.00 am |
| 8. പങ്ങാരപ്പിള്ളി | ആഗസ്റ്റ് 11 | 10.00 am |

| | | |
|---|---|---|
| 9.പറക്കാട് | ആഗസ്റ്റ് 11 | 11.00 am |
| 10.പഴയന്നൂർ | ആഗസ്റ്റ് 11 | 11.00 am |
| 11. തിരുവില്വാമല | ആഗസ്റ്റ് 11 | 11.00 am |

**04. എരുമപ്പെട്ടി ഫൊറോന**

| | | |
|---|---|---|
| 1. എരുമപ്പെട്ടി | ആഗസ്റ്റ് 11 | 12.00 noon |
| 2. കടങ്ങോട് | ആഗസ്റ്റ് 11 | 12.00 noon |
| 3. ആറ്റത്ര | ആഗസ്റ്റ് 12 | 10.00 am |
| 4. ചൊവ്വന്നൂർ | ആഗസ്റ്റ് 12 | 10.00 am |
| 5. ഇയ്യാൽ | ആഗസ്റ്റ് 12 | 11.00 am |
| 6. മങ്ങാട് | ആഗസ്റ്റ് 12 | 11.00 am |
| 7. പാറേമ്പാടം | ആഗസ്റ്റ് 12 | 11.00 am |
| 8. പതിയാരം | ആഗസ്റ്റ് 12 | 12.00 noon |
| 9. പാത്രമംഗലം | ആഗസ്റ്റ് 12 | 12.00 noon |
| 10.പുതുരുത്തി | ആഗസ്റ്റ് 13 | 10.00 am |
| 11.വെള്ളറക്കാട് | ആഗസ്റ്റ് 13 | 10.00 am |
| 12.ചേങ്ങോട് | ആഗസ്റ്റ് 13 | 11.00 am |
| 13.മരത്തംകോട് | ആഗസ്റ്റ് 13 | 11.00 am |

**05. കണ്ടശ്ശാംകടവ് ഫൊറോന**

| | | |
|---|---|---|
| 1 .കണ്ടശ്ശാംകടവ് | ആഗസ്റ്റ് 13 | 12.00 noon |
| 2. കാരമുക്ക് നോർത്ത് | ആഗസ്റ്റ് 13 | 12.00 noon |
| 3. അരിമ്പൂർ | ആഗസ്റ്റ് 16 | 10.00 am |
| 4. മനക്കൊടി | ആഗസ്റ്റ് 16 | 11.00 am |
| 5. ഏനാമ്മാവ് | ആഗസ്റ്റ് 16 | 11.00 am |
| 6. കോഞ്ചിറ | ആഗസ്റ്റ് 16 | 12.00 noon |
| 7. ഏങ്ങണ്ടിയൂർ | ആഗസ്റ്റ് 16 | 12.00 noon |
| 8. എറവ് | ആഗസ്റ്റ് 17 | 10.00 am |
| 9. കാഞ്ഞാണി | ആഗസ്റ്റ് 17 | 10.00 am |
| 10. കാരമുക്ക് | ആഗസ്റ്റ് 17 | 11.00 am |
| 11. മണലൂർ ഈസ്റ്റ് | ആഗസ്റ്റ് 17 | 11.00 am |
| 12. കെട്ടുങ്ങൽ | ആഗസ്റ്റ് 17 | 12.00 noon |
| 13. മണലൂർ വെസ്റ്റ് | ആഗസ്റ്റ് 17 | 12.00 noon |
| 14. മുല്ലശ്ശേരി | ആഗസ്റ്റ് 18 | 10.00 am |
| 15. നോർത്ത് പുതുക്കാട് | ആഗസ്റ്റ് 19 | 10.00 am |
| 16. തൊയക്കാവ് | ആഗസ്റ്റ് 19 | 11.00 am |
| 17. തളിക്കുളം | ആഗസ്റ്റ് 19 | 11.00 am |

| | | |
|---|---|---|
| 18.വാടാനപ്പിള്ളി | ആഗസ്റ്റ് 19 | 12.00 noon |
| 19. വെളുത്തൂർ | ആഗസ്റ്റ് 19 | 12.00 noon |
| **06. കൊട്ടേക്കാട് ഫൊറോന** | | |
| 1. കൊട്ടേക്കാട് | ആഗസ്റ്റ് 25 | 10.00 am |
| 2. പോട്ടോർ | ആഗസ്റ്റ് 25 | 10.00 am |
| 2 .കൊളങ്ങാട്ടുകര | ആഗസ്റ്റ് 25 | 10.00 am |
| 3. കുറ്റൂർ | ആഗസ്റ്റ് 25 | 11.00 am |
| 4. ചൂലിശ്ശേരി | ആഗസ്റ്റ് 25 | 11.00 am |
| 5. മുണ്ടൂർ | ആഗസ്റ്റ് 25 | 12.00 noon |
| 6. പാപ്പാനഗർ | ആഗസ്റ്റ് 25 | 12.00 noon |
| 7. പേരാമംഗലം | ആഗസ്റ്റ് 26 | 10.00 am |
| 8. വളപ്പായ | ആഗസ്റ്റ് 26 | 10.00 am |
| 9. വരടിയം | ആഗസ്റ്റ് 26 | 11.00 am |
| 10. അവണൂർ | ആഗസ്റ്റ് 26 | 11.00 am |
| 11. വിയ്യൂർ | ആഗസ്റ്റ് 26 | 12.00 noon |
| **07. മറ്റം ഫൊറോന** | | |
| 1. മറ്റം | ആഗസ്റ്റ് 27 | 10.00 am |
| 2. മറ്റം പിൽഗ്രിം സെന്റർ | ആഗസ്റ്റ് 27 | 10.00 am |
| 3. കണ്ടാണശ്ശേരി | ആഗസ്റ്റ് 27 | 11.00 am |
| 4. വാക | ആഗസ്റ്റ് 27 | 11.00 am |
| 5. ആളൂർ | ആഗസ്റ്റ് 27 | 11.00 am |
| 6. നമ്പഴിക്കാട് | ആഗസ്റ്റ് 27 | 12.00 noon |
| 7. കുന്ദംകുളം | ആഗസ്റ്റ് 27 | 12.00 noon |
| 8. ചിറ്റാട്ടുകര | ആഗസ്റ്റ് 30 | 10.00 am |
| 9. ചൂണ്ടൽ | ആഗസ്റ്റ് 30 | 10.00 am |
| 10. എളവള്ളി | ആഗസ്റ്റ് 30 | 11.00 am |
| 11. കൂനംമൂച്ചി | ആഗസ്റ്റ് 30 | 11.00 am |
| 12. പുതുശ്ശേരി | ആഗസ്റ്റ് 30 | 11.00 am |
| 13. പഴുന്നാന | ആഗസ്റ്റ് 30 | 12.00 noon |
| 14. കിഴക്കേ ആളൂർ | ആഗസ്റ്റ് 30 | 12.00 noon |
| **08. ഒല്ലൂർ ഫൊറോന** | | |
| 1. ഒല്ലൂർ | ആഗസ്റ്റ് 31 | 10.00 am |
| 2. അഞ്ചേരി | ആഗസ്റ്റ് 31 | 10.00 am |
| 3. അവിണിശ്ശേരി | ആഗസ്റ്റ് 31 | 11.00 am |

| | | |
|---|---|---|
| 4. ഗലീലി (ചിയ്യാരം) | ആഗസ്റ്റ് 31 | 11.00 am |
| 5. അമ്മാടം | ആഗസ്റ്റ് 31 | 12.00 noon |
| 6. കോടന്നൂർ | ആഗസ്റ്റ് 31 | 12.00 noon |
| 7. മരത്താക്കര | സെപ്തംബർ 1 | 10.00 am |
| 8. പടവരാട് | സെപ്തംബർ 1 | 10.00 am |
| 9. പാലക്കൽ | സെപ്തംബർ 1 | 11.00 am |
| 10. പല്ലിശ്ശേരി | സെപ്തംബർ 1 | 11.00 am |
| 11.പനംകുളം | സെപ്തംബർ 1 | 12.00 noon |
| 12. പെരിഞ്ചേരി | സെപ്തംബർ 1 | 12.00 noon |
| 13.പുത്തറക്കൽ | സെപ്തംബർ 2 | 10.00 am |
| 14. പുലക്കാട്ടുകര | സെപ്തംബർ 2 | 10.00 am |
| 15 തൈക്കാട്ടുശ്ശേരി | സെപ്തംബർ 2 | 11.00 am |
| 16. തലോർ | സെപ്തംബർ 2 | 11.00 am |
| 17.വല്ലച്ചിറ | സെപ്തംബർ 2 | 12.00 noon |
| 18. വെങ്ങിണിശ്ശേരി | സെപ്തംബർ 2 | 12.00 noon |
| 19. ചിയ്യാരം(വിജയ മാതാ) | സെപ്തംബർ 3 | 10.00 am |
| 20. കോനിക്കര | സെപ്തംബർ 3 | 10.00 am |
| 21. ഒല്ലൂർ മേരിമാത | സെപ്തംബർ 3 | 11.00 am |

**09. പാലയൂർ ഫൊറോന**

| | | |
|---|---|---|
| 1. പാലയൂർ | സെപ്തംബർ 3 | 11.00 am |
| 2. അഞ്ഞൂർ | സെപ്തംബർ 3 | 12.00 noon |
| 3. ആറ്റുപുറം | സെപ്തംബർ 3 | 12.00 noon |
| 4. ബ്രഹ്മകുളം | സെപ്തംബർ 6 | 10.00 am |
| 5. ചെമ്മണ്ണൂർ | സെപ്തംബർ 6 | 10.00 am |
| 6. ഗുരുവായൂർ | സെപ്തംബർ 6 | 11.00 am |
| 7. കാവീട് | സെപ്തംബർ 6 | 11.00 am |
| 8. കോട്ടപ്പടി | സെപ്തംബർ 6 | 12.00 noon |
| 9. ആർത്താറ്റ് | സെപ്തംബർ 6 | 12.00 noon |
| 10. ഒരുമനയൂർ | സെപ്തംബർ 7 | 10.00 am |
| 11. പാവറട്ടി | സെപ്തംബർ 7 | 10.00 am |
| 12. പെരിങ്ങാട് | സെപ്തംബർ 7 | 11.00 am |
| 13. കാക്കശ്ശേരി | സെപ്തംബർ 7 | 11.00 am |
| 14. പേരകം | സെപ്തംബർ 7 | 11.00 am |
| 15. പൊന്നാനി | സെപ്തംബർ 7 | 12.00 noon |
| 16. വൈലത്തൂർ | സെപ്തംബർ 7 | 12.00 noon |

| 10. പറപ്പൂർ ഫൊറോന | | |
|---|---|---|
| 1. പറപ്പൂർ | സെപ്തംബർ 8 | 10.00 am |
| 2. അന്നകര | സെപ്തംബർ 8 | 10.00 am |
| 3. തോളൂർ | സെപ്തംബർ 8 | 11.00 am |
| 4. ഊരകം | സെപ്തംബർ 8 | 11.00 am |
| 5. ആമ്പക്കാട് | സെപ്തംബർ 8 | 12.00 noon |
| 6. ചിറ്റിലപ്പിള്ളി | സെപ്തംബർ 8 | 12.00 noon |
| 7. എടക്കളത്തൂർ | സെപ്തംബർ 9 | 10.00 am |
| 8. പൂത്തൂർ (എടക്കളത്തൂർ) | സെപ്തംബർ 9 | 10.00 am |
| 9. പെരുവല്ലൂർ | സെപ്തംബർ 9 | 11.00 am |
| 10.പോന്നോർ | സെപ്തംബർ 9 | 11.00 am |
| 11. പുറനാട്ടുകര | സെപ്തംബർ 9 | 12.00 noon |
| 12. അടാട്ട് | സെപ്തംബർ 9 | 12.00 noon |
| 13. അമല നഗർ | സെപ്തംബർ 9 | 12.00 noon |

| 11. പട്ടിക്കാട് ഫൊറോന | | |
|---|---|---|
| 1. പട്ടിക്കാട് | സെപ്തംബർ 10 | 10.00 am |
| 2. ചേരുംകുഴി | സെപ്തംബർ 10 | 10.00 am |
| 3. ചിറക്കെക്കോട് | സെപ്തംബർ 10 | 11.00 am |
| 4. ചുവന്നമണ്ണ് | സെപ്തംബർ 10 | 11.00 am |
| 5. കണ്ണാറ | സെപ്തംബർ 10 | 12.00 noon |
| 6. കൂട്ടാല | സെപ്തംബർ 10 | 12.00 noon |
| 7. മഞ്ഞക്കുന്ന് | സെപ്തംബർ 13 | 10.00 am |
| 8. മുളയം | സെപ്തംബർ 13 | 10.00 am |
| 9. പീച്ചി | സെപ്തംബർ 13 | 11.00 am |
| 10.വാണിയംപാറ(കൊമ്പഴ) | സെപ്തംബർ 13 | 11.00 am |
| 11. പ്ലാക്കോട് | സെപ്തംബർ 13 | 11.00 am |
| 12. വീണ്ടശ്ശേരി | സെപ്തംബർ 13 | 12.00 noon |
| 13. വെള്ളക്കാരിത്തടം | സെപ്തംബർ 13 | 12.00 noon |

| 12. പഴുവിൽ ഫൊറോന | | |
|---|---|---|
| 1. പഴുവിൽ | സെപ്തംബർ 14 | 10.00 am |
| 2. ചാഴൂർ | സെപ്തംബർ 14 | 10.00 am |
| 3. കിഴുപ്പിള്ളിക്കര | സെപ്തംബർ 14 | 11.00 am |
| 4. അന്തിക്കാട് | സെപ്തംബർ 14 | 11.00 am |
| 5. ചേർപ്പ് | സെപ്തംബർ 14 | 12.00 noon |

| | | |
|---|---|---|
| 6. ചൊവ്വൂർ | സെപ്തംബർ 14 | 12.00 noon |
| 7. ചിറയ്ക്കൽ | സെപ്തംബർ 15 | 10.00 am |
| 8. പെരിങ്ങോട്ടുകര | സെപ്തംബർ 15 | 10.00 am |
| 9. പൂച്ചിന്നിപ്പാടം | സെപ്തംബർ 15 | 11.00 am |
| 10. പൊറത്തൂർ | സെപ്തംബർ 15 | 11.00 am |
| 11. പുള്ള് | സെപ്തംബർ 15 | 11.00 am |
| 12. പുത്തൻപീടിക | സെപ്തംബർ 15 | 12.00 noon |
| 13. മുറ്റിച്ചൂർ | സെപ്തംബർ 15 | 12.00 noon |
| 14. തൃപ്രയാർ | സെപ്തംബർ 16 | 10.00 am |
| 15. വലപ്പാട് | സെപ്തംബർ 16 | 10.00 am |
| 16. നാട്ടിക | സെപ്തംബർ 16 | 11.00 am |

**13. പുതുക്കാട് ഫൊറോന**

| | | |
|---|---|---|
| 1. പുതുക്കാട് | സെപ്തംബർ 16 | 11.00 am |
| 2. തൊറവ് | സെപ്തംബർ 16 | 11.00 am |
| 3. ചെങ്ങാലൂർ | സെപ്തംബർ 16 | 12.00 noon |
| 4. ക്രൈസ്റ്റ് നഗർ | സെപ്തംബർ 16 | 12.00 noon |
| 5. ചിറ്റിശ്ശേരി | സെപ്തംബർ 17 | 10.00 am |
| 6. കല്ലൂർ ഈസ്റ്റ് | സെപ്തംബർ 17 | 10.00 am |
| 7. കല്ലൂർ വെസ്റ്റ് | സെപ്തംബർ 17 | 11.00 am |
| 8. മണ്ണംപേട്ട | സെപ്തംബർ 17 | 11.00 am |
| 9. പൂക്കോട് | സെപ്തംബർ 17 | 12.00 noon |
| 10. നന്തിപുലം നോർത്ത് | സെപ്തംബർ 17 | 12.00 noon |
| 11. നന്തിപുലം | സെപ്തംബർ 20 | 10.00 am |
| 12. നെന്മണിക്കര | സെപ്തംബർ 20 | 10.00 am |
| 13. പാലാഴി | സെപ്തംബർ 20 | 11.00 am |
| 14. സ്നേഹപുരം | സെപ്തംബർ 20 | 11.00 am |
| 15. വരാക്കര | സെപ്തംബർ 20 | 12.00 noon |
| 16. വരാക്കര സൗത്ത് | സെപ്തംബർ 20 | 12.00 noon |
| 17. വരന്തരപ്പിള്ളി (പള്ളിക്കുന്ന്) | സെപ്തംബർ 21 | 10.00 am |
| 18. വരന്തരപ്പിള്ളി ഈസ്റ്റ് | സെപ്തംബർ 21 | 10.00 am |
| 19. വെള്ളാനിക്കോട് | സെപ്തംബർ 21 | 11.00 am |
| 20. വേലൂപ്പാടം | സെപ്തംബർ 21 | 11.00 am |
| 21. നടാംപാടം | സെപ്തംബർ 21 | 12.00 noon |
| 22. വെണ്ടോർ | സെപ്തംബർ 21 | 12.00 noon |

| 14. പൂത്തൂർ ഫൊറോന | | |
|---|---|---|
| 1. പുത്തൂർ | സെപ്തംബർ 22 | 10.00 am |
| 2. ഭരത | സെപ്തംബർ 22 | 10.00 am |
| 3. എരവിമംഗലം | സെപ്തംബർ 22 | 11.00 am |
| 4. കൊഴുക്കുള്ളി | സെപ്തംബർ 22 | 11.00 am |
| 5. മാന്ദാമംഗലം | സെപ്തംബർ 22 | 12.00 noon |
| 6. മരോട്ടിച്ചാൽ | സെപ്തംബർ 22 | 12.00 noon |
| 7. പൊന്നൂക്കര | സെപ്തംബർ 23 | 10.00 am |
| 8. തൃക്കൂർ | സെപ്തംബർ 23 | 10.00 am |
| 9. വലക്കാവ് | സെപ്തംബർ 23 | 11.00 am |
| 10. വെട്ടുക്കാട് | സെപ്തംബർ 23 | 11.00 am |

| 15. വേലൂർ ഫൊറോന | | |
|---|---|---|
| 1. വേലൂർ | സെപ്തംബർ 23 | 12.00 noon |
| 2. കുട്ടംകുളം | സെപ്തംബർ 23 | 12.00 noon |
| 3. പഴയങ്ങാടി | സെപ്തംബർ 24 | 10.00 am |
| 4. ആറംമ്പിള്ളി | സെപ്തംബർ 24 | 10.00 am |
| 5. എരനെല്ലൂർ | സെപ്തംബർ 24 | 11.00 am |
| 6. കിരാലൂർ | സെപ്തംബർ 24 | 11.00 am |
| 7. കുറുമാൽ | സെപ്തംബർ 24 | 12.00 noon |
| 8. മുണ്ടത്തിക്കോട് | സെപ്തംബർ 24 | 12.00 noon |
| 9. പാറന്നൂർ | സെപ്തംബർ 27 | 10.00 am |
| 10. തലക്കോട്ടുകര | സെപ്തംബർ 27 | 10.00 am |
| 11. ഹോളിട്രിനിറ്റി തലക്കോട്ടുകര | സെപ്തംബർ 27 | 10.00 am |
| 11. തണ്ടിലം | സെപ്തംബർ 27 | 11.00 am |
| 12. കുറുവന്നൂർ | സെപ്തംബർ 27 | 11.00 am |
| 13. തങ്ങാലൂർ | സെപ്തംബർ 27 | 12.00 noon |
| 14. തങ്ങാലൂർ നോർത്ത് | സെപ്തംബർ 27 | 12.00 noon |
| 15. ചിറനെല്ലൂർ | സെപ്തംബർ 28 | 10.00 am |
| 16. തയ്യൂർ | സെപ്തംബർ 28 | 10.00 am |
| 17. വെള്ളാറ്റഞ്ഞൂർ | സെപ്തംബർ 28 | 11.00 am |

| 16. വടക്കാഞ്ചേരി ഫൊറോന | | |
|---|---|---|
| 1. വടക്കാഞ്ചേരി | സെപ്തംബർ 28 | 11.00 am |
| 2. സരിതാപുരം | സെപ്തംബർ 28 | 12.00 noon |

| | | |
|---|---|---|
| 3. അത്താണി | സെപ്തംബർ 28 | 12.00 noon |
| 4. ചോറ്റുപാറ | സെപ്തംബർ 29 | 10.00 am |
| 5. പൂമല | സെപ്തംബർ 29 | 10.00 am |
| 6. കരുമത്ര | സെപ്തംബർ 29 | 11.00 am |
| 7. കുമ്പളങ്ങാട് | സെപ്തംബർ 29 | 11.00 am |
| 8. കുണ്ടന്നൂർ | സെപ്തംബർ 29 | 12.00 noon |
| 9. കാഞ്ഞിരക്കോട് | സെപ്തംബർ 29 | 12.00 noon |
| 10. മച്ചാട് | സെപ്തംബർ 30 | 10.00 am |
| 11. തിരൂർ | സെപ്തംബർ 30 | 10.00 am |
| 12. കോലഴി | സെപ്തംബർ 30 | 11.00 am |
| 13. തിരുത്തിപറമ്പ് | സെപ്തംബർ 30 | 11.00 am |
| 14. വരവൂർ | സെപ്തംബർ 30 | 11.00 am |
| 15.ശങ്കരൻചിറ | സെപ്തംബർ 30 | 12.00 noon |
| 16. ഊരാക്കാട് | സെപ്തംബർ 30 | 12.00 noon |

**2. CA ഓഡിറ്റ്**

CA ഓഡിറ്റ് ചെയ്യുന്നതിന് ഇടവകകൾ കണക്കുകൾ തയ്യാറാക്കി അതാത് ഓഡിറ്റർമാരെ ഏൽപ്പിക്കേണ്ടതും CA ഓഡിറ്റ് റിപ്പോർട്ട് വാങ്ങിവെക്കേണ്ടതുമാണ്. അതിനു ശേഷം ഇന്റേണൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രതിനിധിയോഗത്തിൽ പാസാക്കേണ്ടതുമാണ്.

**3. തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറംവാങ്ങാത്തവർ ഫിനാൻസ് ഓഫീസിൽ നിന്ന് വാങ്ങേണ്ടതാണ്.

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹം നിറഞ്ഞ കുട്ടികളെ,

പഠനം ഓൺലൈൻ ആയതിനു ശേഷമുള്ള പുതിയ അദ്ധ്യയന വർഷത്തിൽ ക്ലാസുകൾ ഭംഗിയായി പുരോഗമിക്കുന്നു എന്നറിയുന്നതിൽ സന്തോഷം. നിങ്ങളെല്ലാവരും ഈ പഠന ശൈലിയുമായി പൊരുത്തപ്പെട്ടു എന്നു കരുതുന്നു. ഓൺലൈനായുള്ള പഠനം നല്ലരീതിയിൽ പുരോഗമിക്കുമ്പോഴും അതിനു സാധ്യമല്ലാത്ത കുട്ടികളെ കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. നെറ്റ്വർക്ക് ലഭ്യത കുറവുള്ള സ്ഥലങ്ങളിൽ നിന്നുള്ളവരും, മൊബൈൽഫോൺ ഇല്ലാത്തവരും, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ നിങ്ങളുടെ സമപ്രായക്കാരായവരെ കുറിച്ചുള്ള വാർത്തകളാണവ. നിങ്ങളുടെ കൂട്ടുകാരിലും ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഉണ്ടാകാം. അത് ചോദിച്ചറിയാനും അവർക്ക് ഒരു സഹായം ആകാനും നിങ്ങൾക്കു സാധിക്കണം. അങ്ങനെ മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിയുന്ന, അവർക്ക് സഹായം നൽകുന്ന നല്ല ഹൃദയത്തിന് ഉടമകൾ ആകാൻ കൂടി ഈ പഠനകാലത്ത് നിങ്ങൾക്ക് സാധിക്കണം. അങ്ങനെയുള്ളവരെ കുറിച്ച് യേശു പറയുന്നത് ഇപ്രകാരമാണ്; "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്'' (മത്തായി; 25:40).

1996 ൽ കാനഡയിലെ ഒരു ക്ലാസ് റൂമിൽ ടീച്ചർ ആഫ്രിക്കയിലെ കുടിവെള്ളക്ഷാമത്തെക്കുറിച്ചും അതിനുവേണ്ടി അവർ അനുഭവിക്കുന്ന കഷ്ടപ്പാടിനെ കുറിച്ചും പറയുകയായിരുന്നു. കുട്ടികൾ നല്ല ജലം കിട്ടാതെ മരിച്ചു വീഴുന്നുണ്ടെന്നും ടീച്ചർ അറിയിച്ചു. ഇത് കുഞ്ഞു റയാനെ വളരെയധികം ചിന്തിപ്പിച്ചു. അവിടെ വെള്ളത്തിന് ഇത്രയധികം ബുദ്ധിമുട്ടുവരാനുള്ള കാര്യത്തെക്കുറിച്ച് അവൻ ടീച്ചറോട് ആരാഞ്ഞു. ആഫ്രിക്കയിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കിണർ കുഴിക്കാൻ വേണ്ടിവരുന്ന ഭാരിച്ച ചെലവിനെക്കുറിച്ചും ടീച്ചർ റയാനു വിവരിച്ചു കൊടുത്തു. ഒരു ചെറിയ കിണർ കുത്തുന്നതിനുപോലും 70 ഡോളർ ചെലവ് വരുമെന്ന് ടീച്ചർ സൂചിപ്പിച്ചു. ഇതു കേട്ട റയാൻ, അന്ന് തന്നെ മാതാപിതാക്കളോട് തനിക്ക് 70 ഡോളർ വേണമെന്ന് ആവശ്യപ്പെട്ടു. ആറുവയസ്സുകാരന്റെ ചോദ്യം കേട്ട് മാതാപിതാക്കൾ ഇത്രയും തുക

എന്തിനാണെന്ന് തിരക്കി. ആഫ്രിക്കയിലെ കിണർ കുഴിക്കാനാണെന്ന നിഷ്കളങ്കമായ അവന്റെ ആഗ്രഹം അവൻ മാതാപിതാക്കളോടു പറഞ്ഞു. വീട്ടിലെ ചെറിയ ജോലികളിൽ സഹായിച്ചാൽ നിനക്ക് പണം തരാമെന്ന് മാതാപിതാക്കൾ പറഞ്ഞു. അങ്ങനെ നാലുമാസം കൊണ്ട് കുഞ്ഞു റയാൻ 70 ഡോളർ സമ്പാദിച്ചു. എന്നിട്ട് ആഫ്രിക്കയിൽ കിണർ കുഴിക്കുന്നത് വാട്ടർ ക്യാൻ എന്ന സന്നദ്ധ സംഘടനയുമായി ബന്ധപ്പെട്ടു. അപ്പോഴാണ് ആഫ്രിക്കയിൽ ഒരു കുഴൽ കിണർ കുഴിക്കാൻ 2500 ഡോളർ ചുരുങ്ങിയത് വേണ്ടിവരും എന്ന് അറിഞ്ഞത്. റയാന്റെ ഈ ആശയവും അതിനായി നടത്തിയ പരിശ്രമവും പത്രവാർത്തയായി. ഇതറിഞ്ഞ് ആളുകൾ സംഭാവനകൾ നൽകാൻ തുടങ്ങി. ഇന്ന് റയാൻ ഫൗണ്ടേഷൻ ഈ മേഖലയിൽ നിരവധി കുടിവെള്ള പദ്ധതികളും അനുബന്ധമായുള്ള മറ്റു പദ്ധതികളും നടപ്പിലാക്കി കഴിഞ്ഞു. ഇദ്ദേഹത്തിന്റെ ഇത്തരം സന്നദ്ധ പ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ നിരവധി അവാർഡുകളും ലഭിച്ചിട്ടുണ്ട്.

സ്നേഹമുള്ള കുഞ്ഞുമക്കളെ, റയാൻ എന്ന കുട്ടിക്ക് മറ്റുള്ളവരെ സഹായിക്കാൻ ഉണ്ടായ നിഷ്കളങ്കമായ ആഗ്രഹമാണ് റയാൻ ഫൗണ്ടേഷന്റെ അടിസ്ഥാനം. നിങ്ങളും പഠനകാലത്ത് മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുന്നവർ ആയി വളരണം. അവരുടെ ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും അവർക്ക് സഹായമാകാനും ആശ്വാസമാകാനും ശ്രമിക്കണം. അതിനായി നിങ്ങളുടെ മാതാപിതാക്കളുടെയും മുതിർന്നവരുടെയും സഹായം നിങ്ങൾക്കു തേടാവുന്നതാണ്. അങ്ങനെ കോവിഡ് കാലത്ത് പരസ്പരം സഹായിക്കുന്ന നന്മയുള്ള ഹൃദയത്തിന് ഉടമകളാകാൻ കുട്ടികളായ നിങ്ങൾ പരിശ്രമിക്കണം.

തോമാസ്ലീഹയുടെ ദുക്റാന തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന് ഏറ്റുപറഞ്ഞ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം വിശ്വാസത്തിൽ വളരാൻ നിങ്ങളെ ശക്തരാക്കട്ടെ. ഈ കാലഘട്ടത്തിൽ വിശ്വാസജീവിതത്തെ ഉജ്ജ്വലിപ്പിക്കുന്നതിനാവശ്യമായ എളിയ പരിശ്രമങ്ങളും നിങ്ങൾ നടത്തണം. അതിന്റെ ഭാഗമായി ബൈബിളും വിശുദ്ധരുടെ ജീവചരിത്രങ്ങളും മറ്റ് ആത്മീയ ഗ്രന്ഥങ്ങളും വായിക്കുന്നതിനും നിങ്ങൾ പരിശ്രമിക്കണം. കൂടാതെ ഭവനങ്ങളിൽ അനുദിനമുള്ള കുടുംബപ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുകയും വേണം.

ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ
സ്നേഹത്തോടുകൂടി ആശംസിക്കുന്നു.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

എല്ലാ യൂണിറ്റുകളിലും വിശ്വാസപരിശീലനവർഷം ആകർഷകമായും ആവേശത്തോടെയും ആരംഭിച്ചുവല്ലോ. നേതൃത്വം കൊടുത്ത ബഹു. വികാരിമാർക്കും അസി. വികാരിമാർക്കും പ്രിൻസിപ്പൽമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും പി.ടി.എ.യ്ക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുകയും ആ വിശ്വാസം ജീവിക്കാൻ 'അവനോടൊപ്പം പോയി മരിക്കാനുള്ള' സന്നദ്ധത പ്രകടിപ്പിച്ച് നമ്മുടെ നാട്ടിൽ സുവിശേഷത്തിനു സാക്ഷ്യംവഹിച്ച് രക്തസാക്ഷിയായ മാർതോമാശ്ലീഹായുടെ ഉജ്ജ്വല മാതൃക വിശ്വാസപരിശീലനത്തെ ഫലപ്രദമായി നടത്തുന്നതിന് നമ്മെ പ്രചോദിപ്പിക്കട്ടെ. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

**1. ZOOM Meeting - വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും**

വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് ഡയറക്ടറുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടേയും നേതൃത്വത്തിൽ പ്രിൻസിപ്പൽ, സെക്രട്ടറി, സോഫ്റ്റ് വെയർ ഇൻചാർജ്, ക്ലാസ്സ് ടീച്ചേഴ്സ്, എക്സ്ട്രാ ടീച്ചേഴ്സ് എന്ന രീതിയിൽ എല്ലാ വിശ്വാസപരിശീലകർക്കും 2021 മെയ് 18 മുതൽ 30 വരെ ZOOM മീറ്റിംഗ് നടത്തുകയുണ്ടായി. അതിരൂപതയിലെ മുഴുവൻ വിശ്വസപരിശീലകരും പങ്കെടുത്തു. നന്ദിയും അഭിനന്ദനങ്ങളും.

**2. വിശ്വസ പരിശീലനവർഷം**

**ആരാധന** – വിശ്വാസപരിശീലനവർഷത്തോടനുബന്ധിച്ച് ആരാധന ജൂൺ 5 ശനിയാഴ്ച രാത്രി 7 മണി മുതൽ 8 മണി വരെ മീഡിയകത്തോലിക്കാ യുട്യൂബ് ചാനലിലൂടെ തത്സമയ സംപ്രേഷണം നടത്തി. ഫാ. സിന്റോ പൊന്തേക്കൻ ആരാധനക്ക് നേതൃത്വം നൽകി.

**അതിരൂപതാതല ഉദ്ഘാടനം** 2021 ജൂൺ 6 –ാം തിയതി കാലത്ത് അതിരൂപതാകേന്ദ്രത്തിൽ വിശുദ്ധ കുർബാനയർപ്പണത്തോടുകൂടി മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു.

ഇടവകതലത്തിലും സാധ്യമായ വിധത്തിൽ വിശ്വാസപരിശീലനവർഷം ഉദ്ഘാടനം നിർവഹിച്ചുകാണുമല്ലോ.

**3. ക്ലാസ്സുകൾ**

a) **എസിസി ക്ലാസ്സുകൾ എല്ലാ ഞായറാഴ്ചയും 9 മണിക്ക് മീഡിയ കത്തോലിക്കാ യുട്യൂബ് ചാനലിൽ**

b). **1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഷെക്കെയ്ന, ശാലോം, ഗുഡ്നസ്സ് ചാനലുകളിൽ എല്ലാദിവസവും** നൽകുന്നു. സമയക്രം താഴെ:

**MALAYALAM CLASS TIMINGS**

| | | SHALOM | GOODNESS | SHEKINAH |
|---|---|---|---|---|
| KIDS | SUNDAY | 01.30 PM - 01.45 PM | 05.30 PM - 05.45 PM | 4.45 PM - 05.00 PM |
| STD-1 | MONDAY | 11.30 AM - 11.45 AM | 01.30 PM - 01.45 PM | 05.30 PM - 05.45 PM |
| STD-2 | MONDAY | 11.45 AM - 12.00 PM | 01.45 PM - 02.00 PM | 05.45 PM - 06.00 PM |
| STD-3 | TUESDAY | 11.30 AM - 11.45 AM | 01.30 PM - 01.45 PM | 05.30 PM - 05.45 PM |
| STD-4 | TUESDAY | 11.45 AM - 12.00 PM | 01.45 PM - 02.00 PM | 05.45 PM- 06.00 PM |
| STD-5 | WEDNESDAY | 11.30 AM - 11.45 AM | 01.30 PM - 01.45 PM | 05.30 PM - 05.45 PM |
| STD-6 | WEDNESDAY | 11.45 AM - 12.00 PM | 01.45 PM - 02.00 PM | 05.45 PM - 06.00 PM |
| STD-7 | THURSDAY | 11.30 AM - 11.45 AM | 01.30 PM - 01.45 PM | 05.30 PM - 05.45 PM |
| STD-8 | THURSDAY | 11.45 AM - 12.00 PM | 01.45 PM - 02.00 PM | 05.45 PM - 06.00 PM |
| STD-9 | FRIDAY | 11.30 AM - 11.45 AM | 01.30 PM - 01.45 PM | 05.30 PM - 05.45 PM |
| STD-10 | FRIDAY | 11.45 AM - 12.00 PM | 01.45 PM - 02.00 PM | 05.45 PM - 06.00 PM |
| STD-11 | SATURDAY | 11.30 AM - 11.45 AM | 01.30 PM - 01.45 PM | 05.30 PM - 05.45 |
| STD-12 | SATURDAY | 11.45 AM - 12.00 PM | 01.45 PM - 02.00 PM | 05.45 PM - 06.00 PM |

c. കൂടാതെ എല്ലാ ഞായറാഴ്ചയും സൗകര്യപ്രദമായ സമയത്ത് ഏതെങ്കിലും ഓൺലൈൻ മാധ്യമത്തിലൂടെ അധ്യാപകർ ക്ലാസ്സെടുക്കുകയും ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഹാജർ നൽകുകയും ചെയ്യേണ്ടതാണ്.

**4. ഇന്റേണൽ മാർക്ക്**

ഹോംവർക്ക് യഥാസമയം പരിശോധിച്ച് മാർക്ക് രേഖപ്പെടുത്തേണ്ടതാണ്. ഇത് ഇന്റേണൽ മാർക്ക് കൊടുക്കുന്നതിലേക്കായി ഉപയോഗിക്കുക. കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിന് ക്ലാസ്സിൽ നൽകപ്പെടുന്ന ഹോംവർക്കിനു പുറമെ ക്രിയാത്മകമായ മറ്റ് കാര്യങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കുക.

**5. CHRIS FORM 2021**

ഒരു വർഷം നീണ്ടുനിൽക്കുന്ന ACC Leadership Formation Camp ന് ഒരുക്കമായുള്ള Orientation Programme ആരംഭിച്ചു. ACC വിദ്യാർത്ഥികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ് ഇതിൽ പങ്കെടുക്കുന്നത്. വിശ്വാസജീവിതത്തിന് വെല്ലുവിളികൾ ഉയർത്തുന്ന സാഹചര്യത്തിൽ എസിസി വിദ്യാർത്ഥികൾക്കായി കൂടുതൽ പരിശീലനപദ്ധതികൾ എല്ലാ ആഴ്ചയിലും തയ്യാറാക്കുന്നു.

**6. ആനിമേറ്റർ**

എല്ലാ യൂണിറ്റുകളും പ്രാർത്ഥന, ലീഡർഷിപ്പ്, ചാരിറ്റി എന്നീ മൂന്ന് വിഭാഗങ്ങളിലേക്കുള്ള ഓരോ ആനിമേറ്റർമാരെ അധ്യാപകരിൽ നിന്ന് തിരഞ്ഞെടുത്ത് സോഫ്റ്റ് വെയറിൽ അതോറിറ്റി മാനേജ്മെന്റിൽ ചേർക്കേണ്ടതാണ്.

**7. അധ്യാപകസഹായി**

ഞായറാഴ്ച വിശ്വാസപരിശീലനം Std. I - X ടെക്സ്റ്റ് പുസ്തകങ്ങളെ ആധാരമാക്കി അധ്യാപകസഹായി റിലീജിയസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജനമുള്ള ഈ പുസ്തകം ബന്ധപ്പെട്ട അധ്യാപകർക്ക് യൂണിറ്റുകൾ വാങ്ങി കൊടുക്കേണ്ടതാണ്.

**8. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹരാകുന്ന അധ്യാപകരുടെ ലിസ്റ്റ് വിശ്വാസപരിശീലന സോഫ്റ്റ്വെയറിൽനിന്നുമാണ് എടുക്കുന്നത്. സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള അധ്യാപകരുടെ പേരുകളേ ഈ ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ. അതിനാൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും പൂർണ്ണമായി ചേർത്തിട്ടില്ലെങ്കിൽ എത്രയും വേഗം ചേർക്കേണ്ടതാണ്. അല്ലാതെയുള്ള അധ്യാപകർ അവാർഡ് ലിസ്റ്റിൽ ഉൾപ്പെടില്ല.

**9. മുടങ്ങാതെ വന്ന അധ്യാപകർക്ക് അവാർഡ്**

തുടർച്ചയായി മുടങ്ങാതെ വന്ന അധ്യാപകരുണ്ടെങ്കിൽ (10, 15, 25, 35, 45 വർഷങ്ങൾ) അവരെ പ്രത്യേകമായി ആദരിക്കുന്നതാണ്. അവരുടെ പേരുകൾ ആഗസ്റ്റ് 31 നു മുമ്പ്, ബഹു. യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന കത്തോടുകൂടി, വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.

**10. Advanced C. T. C.** (ഒരു ബാച്ചുമാത്രം)

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. ഉച്ചകഴിഞ്ഞ് 2:30 മുതൽ 5 വരെയായിരിക്കും ക്ലാസ്സുകൾ. കോഴ്സ് സൗജന്യമായിരിക്കും. ക്ലാസ്സിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**11. ആനിമേഷൻ കോഴ്സ്**

സമയം : ഉച്ചകഴിഞ്ഞ് 2:30 മുതൽ 5 വരെ

സ്ഥലം : DBCLC

തിയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്.

**12. യൂണിറ്റ് വിസിറ്റ്**

യൂണിറ്റ് വിസിറ്റ് അർദ്ധവാർഷിക പരീക്ഷയ്ക്ക് മുമ്പ് അവസാനിപ്പിക്കുന്ന വിധത്തിലാണ് ക്രമീകരിക്കുന്നത്. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ മാറ്റമുണ്ടെങ്കിൽ അറിയിക്കുന്നതാണ്.

**13. പി. ടി. എ.**

ഈ വർഷം പി. ടി. എ യുടെ കാലാവധി തീരുകയാണ്. സാഹചര്യം അനുകൂലമായാൽ എത്രയും പെട്ടെന്ന് പി.ടി.എ. ജനറൽ ബോഡി യോഗം ഇടവകയിൽ ചേർന്ന് പുതിയ പി. ടി. എ. തെരഞ്ഞെടുക്കുയും വിശ്വാസപരിശീലനകേന്ദ്രം നൽകുന്ന ഫോം പൂരിപ്പിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിലേക്ക് മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ പുതിയ യോഗം കൂടി വാർഷിക വിശ്വാസപരിശീലനസഹായക പ്രോഗ്രാം സജ്ജമാക്കുകയും അവ പ്രാവർത്തികമാക്കാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. മാതാപിതാക്കളും, പി. ടി. എ. ഭാരവാഹികളും അധ്യാപകരും നിരന്തര സമ്പർക്കത്തിൽ വർത്തിക്കുമ്പോഴാണ് കുട്ടികളുടെ

വിശ്വാസ പരിശീലനത്തിന് കൂടുതൽ ഫലദായകത്വം ഇടവകയിൽ ലഭിക്കുന്നത്.

**14. പുതിയ വിശ്വാസപരിശീലന പദ്ധതി – "തലമുറകളുടെ സമഗ്രപരിശീലനം"**

വിശ്വാസപരിശീലനത്തെക്കുറിച്ച് കഴിഞ്ഞ ഒരുവർഷം വിവിധവിഭാഗങ്ങളുമായി കൂടിയാലോചനകളും ചർച്ചകളും നടത്തിയിരുന്നു. താഴെപറയുന്ന പ്രശ്നങ്ങൾ പൊതുവായി കണ്ടെത്തി. 1. കുട്ടികൾക്ക് താൽപര്യക്കുറവ്, 2. മാതാപിതാക്കൾക്ക് ഉപകാരമില്ലെന്ന തോന്നൽ, ഉത്സാഹക്കുറവ്, 3. അധ്യാപകർക്കു വേണ്ട സമർപ്പണം, ഒരുക്കം എന്നിവ ഇല്ലാത്തത്, 4. പഠനം കേന്ദ്രീകൃതമായ ശൈലി.

ഈ പ്രശ്നങ്ങളെ പരിഹരിക്കാൻ അല്പമെങ്കിലും ഉപകരിക്കുന്ന ഒരു വിശ്വാസപരിശീലന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ വിശ്വാസപരിശീലനത്തിൽ പ്രാധാന്യക്രമത്തിൽ ഉൾപ്പെടുത്തേണ്ട ഏഴുകാര്യങ്ങൾ താഴെ ചേർക്കുന്നു.

1. **പ്രാർഥനാധിഷ്ഠിത ദൈവാനുഭവത്തിന്റെ പരിശീലനം**
2. **കൂട്ടായ്മയിലധിഷ്ഠിതമായ ബന്ധങ്ങളുടെ പരിശീലനം**
3. **ജീവിതഗന്ധിയായ പ്രയോഗിക പരിശീലനം**
4. **വിശ്വാസകാര്യങ്ങളുടെ പഠനത്തിലധിഷ്ഠിധമായ പരിശീലനം**
5. **ദൈവശാസ്ത്ര പഠനത്തിലധിഷ്ഠിതമായ പരിശീലനം**
6. **കഴിവുകളും നേതൃത്വവും വളർത്തുന്ന പരിശീലനം**
7. **കരിയർ, പ്രഫഷൻ എന്നിവയിലേക്ക് വഴിതുറക്കുന്ന പരിശീലനം**

ഈ പുതിയ പദ്ധതികൾ ചർച്ചചെയ്ത് പ്രായോഗിക നിർദ്ദേശങ്ങൾ അയയ്ക്കുമല്ലോ.

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**
(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (**affiliated to Katholicke Universiteit, Leuven, Belgium):

**2021–2022 അദ്ധ്യായനവർഷം ആരംഭിച്ചു**

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.

**2. Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University)

**2021–2022 അദ്ധ്യായനവർഷം ആരംഭിച്ചു**

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

**3. Advanced Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനികൾക്കായി Theology Course, പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ ആരംഭിച്ചു.

- ആറുമാസം നീണ്ടുനിൽക്കുന്നു.
- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.

**4. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരീശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്

ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലി ക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകര ണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**ഫാ. ലിജോ ചാലിശേരി**
**ഡീൻ & റെജിസ്ട്രാർ**

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

# മേരിമാത മേജർ സെമിനാരി

**1. സ്വാഗതം**

പുതിയ സ്റ്റാഫംഗങ്ങളായി റവ. ഫാ. റോണി പുത്തൻവീട്ടിൽ (മാണ്ഡ്യ രൂപത), റവ. ഫാ. സജി കണയങ്കൽ സി. എസ്. ടി. (സെന്റ് ജോസഫ്സ് പ്രവിശ്യ, ആലുവ) എന്നിവർ യഥാക്രമം മെയ് 28, 29 തിയ്യതികളിലായി മേരിമാതയിൽ എത്തിച്ചേർന്നു. രണ്ട് ബഹു. അച്ചന്മാ രെയും സെമിനാരികുടുംബം ഹൃദ്യമായി സ്വീകരിച്ചു.

**2. പുതിയ അധ്യയനവർഷം**

കോവിഡ് – 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വൈദികവി ദ്യാർത്ഥികളുടെ സാന്നിധ്യം ഇല്ലാതെയാണ് മേരിമാതയുടെ 24–ാം അധ്യ യനവർഷം (2021–2022) 2021 ജൂൺ 1–ാം തിയ്യതി സമാരംഭിച്ചത്. രാവിലെ 10.00ന് സെമിനാരിയിലെ ബഹു. വൈദികരുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന ആരംഭിച്ചു. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ഓൺലൈനായി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാ ടന സന്ദേശം നൽകി. അതേ തുടർന്ന് കഴിഞ്ഞ അദ്ധ്യയനവർഷത്തെ റാങ്കുജേതാക്കളുടെ പേരുവിവരങ്ങൾ കൺട്രോളർ ഓഫ് എക്സാമി നേഷൻസ് ബഹു. ഫാ. ബിൽജു വാഴപ്പിള്ളി പ്രസിദ്ധപ്പെടുത്തി. അധ്യ യനവർഷ ഉദ്ഘാടനചടങ്ങുകളുടെ സമാപനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മേരിമാതാ സെമിനാരിഗീതത്തിന്റെ വീഡി

യോ പതിപ്പ് പ്രകാശനം ചെയ്ത് സംസാരിച്ചു. വിശുദ്ധ കുർബ്ബാനയും മറ്റ് ഔപചാരിക പരിപാടികളും തത്സമയം മേരിമാതാ സ്ട്രീംസ് യൂട്യൂബ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്തിരുന്നു.

പുതിയ അധ്യയന വർഷത്തിൽ തത്ത്വശാസ്ത്രവിഭാഗത്തിൽ തൊണ്ണൂറ്റിയഞ്ചും ദൈവശാസ്ത്രവിഭാഗത്തിൽ എഴുപത്തിയേഴും വൈദി കവിദ്യാർത്ഥികളാണ് പരിശീലനത്തിലുള്ളത്. ഇവരിൽ 63 പേർ നവാ ഗതരാണ്. 2021 ജൂൺ 2 മുതൽ ഓൺലൈൻ അധ്യാപനം ആരംഭിച്ചു.

**3. മാസധ്യാനം**

ഈ അധ്യയനവർഷത്തെ പ്രഥമ മാസധ്യാനം ജൂൺ 4, 5 തിയ്യ തികളിലായി നടന്നു. റവ. ഫാ. സജി കണയങ്കൽ സി. എസ്. ടി. ധ്യാന വിചിന്തനങ്ങൾ പങ്കുവച്ചു. ഇന്റർനെറ്റ് വഴി വിദ്യാർത്ഥികൾ ധ്യാനത്തിൽ സംബന്ധിച്ചു. ഈശോയുടെ തിരുഹൃദയ സ്നേഹത്തെക്കുറിച്ചാണ് അച്ചൻ പ്രധാനമായും സംസാരിച്ചത്.

**4. ബേഴ്സ് സ്ഥാപിച്ചവർ**

## Benefactor Membership

1. ശ്രീ. ആന്റണി കെ. എൽ., കാപ്പാനി ഹൗസ്, ഒല്ലൂർ, തൃശൂർ.
2. ശ്രീ. സി. ഡി. ജോസ്, എക്സൽ എൻജിനീയേഴ്സ്, പൂന.
3. ശ്രീ. എം. ഡി. തോമസ്, മേക്കാട്ടുകുളം ഹൗസ്, അമല നഗർ, തൃശൂർ.
4. റവ. സിസ്റ്റർ സുപ്പീരിയർ, സീയോൺ എഫ്. സി. റിന്യൂവൽ സെന്റർ, മുളങ്കുന്നത്തുകാവ്, തൃശൂർ.
5. മോൺ. ജോർജ്ജ് മാനാടൻ, മേരിമാതാ മേജർ സെമിനാരി, മുളയം, തൃശൂർ.

## Wellwisher Membership

1. ശ്രീ. സണ്ണി ജോർജ്ജ്, നീലങ്കാവിൽ ഹൗസ്, ഒല്ലൂക്കര, തൃശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**1. അദ്ധ്യയനവർഷാരംഭം**

വേനലവധി കഴിഞ്ഞ് കോവിഡ് വ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജൂൺ 10, 11 തിയ്യതികളിൽ വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരിയിൽ തിരിച്ചെത്തി.

**2. പുതിയ ബാച്ച്**

ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശനം സ്വീകരിച്ചിരിക്കുന്നത് 30 പേരാണ്. 20 പേർ പത്താം ക്ലാസ് പഠനവും, എട്ടുപേർ പ്ലസ് ടു പഠനവും, രണ്ടുപേർ ഡിഗ്രി പഠനവും പൂർത്തിയാക്കിയവരാണ്.

**3. ദൈവശാസ്ത്ര–തത്വശാസ്ത്ര പരിശീലനം ആരംഭിക്കുന്നു**

2021 അദ്ധ്യയനവർഷം തൃശൂർ അതിരൂപതക്ക് ഒന്നാം വർഷ ദൈവശാസ്ത്ര പരിശീലനത്തിനയക്കാൻ 19 ഉം, ഒന്നാം വർഷ തത്വശാസ്ത്ര പരിശീലനത്തിനായി 15 ഉം വൈദിക വിദ്യാർത്ഥികളാണുള്ളത്. തൃശൂർ മേരിമാതാ, ആലുവ, കോട്ടയം, പൂന, റോം എന്നിവിടങ്ങളിലെ മേജർ സെമിനാരികൾക്കു പുറമെ, മിഷൻ ചൈതന്യം കൂടുതൽ സ്വായത്തമാക്കാൻ ഈ വർഷം ആന്ധ്രപ്രദേശിലെ എലൂർ, തെലുങ്കാനയിലെ വാറങ്കൽ തുടങ്ങിയ സ്ഥലങ്ങളിലെ മേജർ സെമിനാരികളിലും നമ്മുടെ വൈദിക വിദ്യാർത്ഥികൾ പരിശീലനം തേടുന്നു.

**4. ബേഴ്സ് സ്ഥാപിച്ചവർ**

1. പ്രൊഫ. സുമിത്ത് കുന്നുങ്കൽ, ഐ.എസ്.ബി. ഹൈദരാബാദ്
2. കുമാരി അഞ്ജു മരിയ ജോൺ, വേഴപറമ്പിൽ ഹൗസ് കോനിക്കര
3. ശ്രീ ജെയ്ക്കോ ഇഗ്നേഷ്യസ്, നീലങ്കാവിൽ ഹൗസ്, ചെമ്പൂക്കാവ്
4. ഡോ. ലിജോ കുരിയൻ, ചുങ്കത്ത് അയ്യന്തോൾ ഹൗസ്, തൃശൂർ
5. ഫാ. മിഥുൻ ചുങ്കത്തിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ ഓർമ്മക്ക് ചേറൂർ വികാരിയച്ചനും ഇടവകക്കാരും
6. ഫാ. ലിൻസൻ തട്ടിൽ, തൃശൂർ അതിരൂപത

7. ശ്രീ ജോഷി വി.ജെ., വടക്കൻ ഹൗസ്, കൂർക്കഞ്ചേരി
8. ശ്രീമതി സോഫിയ പോൾ, ചിറക്കേക്കാരൻ ഹൗസ്, അഞ്ചേരി
9. ശ്രീ ജോസ് പി.വി., തരകൻ ഹൗസ്, ചേറൂർ
10. ശ്രീ സി.വി. ജോസ്, ചിറയത്ത് മുറ്റിച്ചൂക്കാരൻ ഹൗസ്, തൊയക്കാവ്
11. ശ്രീ ആന്റോ കെ.വി. കുരിശങ്കൽ ഹൗസ്, എൽത്തുരുത്ത്
12. ശ്രീ പോൾ എം.കെ., മൂക്കൻ ഹൗസ്, നെല്ലിക്കുന്ന്
13. ശ്രീമതി ലൗലി & ശ്രീ ജോൺ, ചിറ്റിലപ്പിള്ളി ഹൗസ്, തോളൂർ
14. ശ്രീമതി ജോയ്സ് & ശ്രീ വർഗ്ഗീസ്, തേയ്ക്കാനത്ത് ഹൗസ്, മുണ്ടൂർ
15. ശ്രീ. സി.കെ. പോൾസൻ, ചിറയത്ത് ഹൗസ് മുണ്ടൂർ.
16. ശ്രീ. സൈമൺ കെ.എൻ., കുറുവീട്ടിൽ ഹൗസ്, കണ്ണംകുളങ്ങര
17. മരിയ ഭവൻ, സി.എസ്.സി. ജനറലേറ്റ്, കോലഴി
18. ശ്രീമതി പി.ജെ. സെലീന, കാട്ടൂക്കാരൻ ഹൗസ്, ഒല്ലൂർ
19. ശ്രീമതി റിനു മനു, കോനിക്കര ഹൗസ്, തൃശൂർ
20. ശ്രീമതി മെലീഷ റോസ്, തൃശൂർ
21. ശ്രീമതി ഷൈനി സി.വി., പൊറത്തൂർ പള്ളിക്കുന്നത്ത് ഹൗസ്, കണ്ടശ്ശാംകടവ്
22. ശ്രീ. ജോഷി ആന്റണി, ചീരൻ ഹൗസ്, പേരകം
23. ശ്രീ. ജോയ് കെ.വി., കുരിശേരി ഹൗസ്, ചെങ്ങാലൂർ
24. ശ്രീ ആന്റോ എ.ഐ., ആളൂർ ഹൗസ്, പതിയാരം

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കാൻ ഈ കോവിഡ് കാലത്തും മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി ജൂനിയർ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. പരിസ്ഥിതി പുന:സ്ഥാപനം – ജൂബിലി ആയുർവ്വേദയിൽ ഔഷധ തൈകൾ നട്ടു**

ജൂബിലി ആയുർവ്വേദ മിഷൻ ആശുപത്രിയിൽ ജൂൺ 5–ാം തിയ്യതി, ലോകപരിസ്ഥിതി ദിനം ആചരിച്ചു. അതിജീവനത്തിന്റെ ഈ കൊറോണ മഹാമാരി കാലത്ത്, പരിസ്ഥിതിയുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണവും അനിവാര്യമാണ് എന്ന സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് ആശുപത്രി പരിസരത്ത് ഔഷധ സസ്യതൈകൾ നട്ടു. മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ്, ഭാര്യ ശ്രീമതി റൂബി കളരിക്കൽ, ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, ചീഫ് കൺസൾട്ടന്റ് ഡോ. സി. ഡൊണേറ്റ എന്നിവർ ഔഷധ തൈകൾ നട്ടു. അസോസിയേറ്റ് ഡയറക്ടർ ഫാ. പോൾ പേരാമംഗലത്തിന്റെ നേതൃത്വത്തിൽ ആശുപത്രി ജീവനക്കാർക്ക് സൗജന്യ പച്ചക്കറി കിറ്റുകളും വിതരണം ചെയ്തു.

**2. കോവിഡ് ലോക്ഡൗണിൽ കർഷകർക്ക് കൈത്താങ്ങ്**

കോവിഡ് ലോക്ഡൗണിൽ മാർക്കറ്റുകൾ അടഞ്ഞു കിടക്കുമ്പോൾ കർഷകർ തയ്യാറാക്കിയ കപ്പയും മറ്റു പച്ചക്കറി വിഭവങ്ങളും വിറ്റുപോകാതെ നശിച്ചുപോകുന്ന ഒരു സാഹചര്യം ഉടലെടുത്തിട്ടുണ്ട്. ആശുപത്രിയിൽ ശുശ്രൂഷ ചെയ്യുന്ന ഹൗസ് കീപ്പിങ്ങ്, സെക്യൂരിറ്റി തുടങ്ങിയ വിഭാഗങ്ങളിൽ സാമ്പത്തിക ദുരിതം അനുഭവിക്കുവർക്ക് ഈ സാഹചര്യത്തിൽ ഒരു പച്ചക്കറി കിറ്റ് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോഴാണ് ഈ പച്ചക്കറി, കപ്പ കർഷകരെ സഹായിക്കുക കൂടി ചെയ്തുകൊണ്ട് അവരിൽ നിന്നും അവ ശേഖരിച്ച് അവർക്ക് ഒരു ന്യായമായ തുക കൊടുത്ത് ജീവനക്കാർക്ക് കൊടുക്കു ന്ന തരത്തിലുള്ള സ്കീം രൂപീകരിച്ചത്.

**3. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

2021–ലെ സംസ്ഥാന നിയോകോ മീറ്റിൽ ജൂബിലിയിലെ നിയോനാറ്റോളജി ഫെല്ലോ ഡോ. സി. ആൻ ജോസ് ബെസ്റ്റ് പോസ്റ്റർ പ്രസന്റേഷനുള്ള സ്വർണ്ണ മെഡലും, ഡോ.കെ.സി. രാജഗോപാലൻ അവാർഡും കരസ്ഥമാക്കി

**4. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. മോഹൻ, ചിറ്റിലപ്പിള്ളി ഹൗസ്, തൃശ്ശൂർ (14 ഡയാലിസിസ്)
- ഫാ. സാജൻ പിണ്ടിയാൻ, മേരിമാത മേജർ സെമിനാരി, തൃശ്ശൂർ (14 ഡയാലിസിസ്)
- ജോർജ്ജ്കുട്ടി പി. എ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (14 ഡയാലിസിസ്)
- ഷീല ജോസ്, കളത്തിപ്പറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ (15 ഡയാലിസിസ്)

**5. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ഫാ. ജിമ്മി എടക്കളത്തൂർ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- അജ്‌വിൻ ജെറി, ചിറയത്ത് കോനിക്കര ഹൗസ്, തൃശ്ശൂർ
- ഫ്രാൻസിസ് വർഗ്ഗീസ്, ചീരോത്ത് ഹൗസ്, പാലക്കൽ, തൃശ്ശൂർ
- ഷാലെറ്റ് റാണി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- അലക്സ് ബെന്നി, പയ്യപ്പിള്ളി ഹൗസ്, ആനന്ദപുരം, തൃശ്ശൂർ
- ബീന ആന്റണി, തൃശ്ശൂർ
- ഷൈന ചാക്കോച്ചൻ, തൃശ്ശൂർ
- ECHS, ESI & കാരുണ്യ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- വിനോദ് കെ, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- പ്രൊഫ. ഇഗ്നേഷ്യസ്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
- രതീഷ്, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- സിനി ഷാജി, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- അബ്ദുൾ ഖാദർ, അമ്പലത്ത് ഹൗസ്, ചാഴൂർ, തൃശ്ശൂർ
- ജോർജ്ജ് മണലി, തൃശ്ശൂർ
- കുരിയൻ പി തോമസ്, കണ്ണാറ
- ഇൻഷൂറൻസ് ഓഫീസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- സെബി ആലപ്പാട്ട്, വർക്കീസ് ബേക്കറി, ലൂർദ്ദുപുരം, തൃശ്ശൂർ
- ഷെറിൻ ആൽഫ്രഡ്
- ഇഗ്നേഷ്യസ് കൊള്ളന്നൂർ
- തോമസ് സി പോൾ
- ഡോ. രതി ശാന്തകുമാർ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജോർജ്ജ് പി. വി, പുത്തൂർ ഹൗസ്, തോളൂർ, പറപ്പൂർ, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ – ബി.ടെക്, എം.ടെക് പ്രവേശനം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക്, എം.ടെക് പ്രവേശനം ആരംഭിച്ചു. യോഗ്യതയുള്ള എല്ലാ ബ്രാഞ്ചുകൾക്കും NBA സ്വന്തമായുള്ള കോളേജ് എന്ന നിലക്ക് കൂടുതൽ തൊഴിൽ അവസരങ്ങളാണ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പഠനം വിദ്യാർത്ഥികൾക്ക് വാഗ്ദാനം നൽകുന്നത്.

പഠനമികവ് പുലർത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പോടു കൂടിയ പഠനത്തിന് ഏറെ പ്രാധാന്യം നൽകുന്ന ജ്യോതി എല്ലാ വർഷവും ഏതാണ്ട് മൂന്നു കോടിയോളം രൂപ സ്കോളർഷിപ്പ് ഇനത്തിൽ നൽകി വരുന്നുണ്ട്.

താഴെ കാണുന്ന രീതിയിലാണ് സ്കോളർഷിപ്പ് അർഹതപ്പെട്ടവർക്ക് നല്കി വരുന്നത്.

Management Merit Scholarship to KEAM Rank Holders

| **Rank** | **Scholarships** |
|---|---|
| Rank 1 - 5000 | Rs . 75,000 / - per annum<br>* Full amount of tuition fee free |
| Rank 5001 - 10000 | Rs . 37,500 / - per annum |
| Rank 10001 - 15000 | Rs . 20,000 / - per annum |
| Rank 15001 - 20000 | Rs . 15,000 / - per annum |
| Rank 20001 - 25000 | Rs . 10,000 / - per annum |

Management Merit Scholarship based on +2 PCM Percentage (KEAM should be qualified)

| **Percentage** | **Scholarships** |
|---|---|
| 95% - 100% | Rs. 20,000 / - per annum |
| 90% - 94% | Rs. 10,000 / - per annum |

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

# സെൻ്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. അഭിനന്ദനങ്ങൾ**

1. കോളേജിലെ പുതിയ എക്സിക്യൂട്ടീവ് മാനേജരും ബർസാറുമായി ചാർജ്ജെടുത്ത റവ. ഫാ. ബിജു പാണേങ്ങാടനും, പുതിയ പ്രിൻസിപ്പാൾ ഇൻ ചാർജ്ജായി നിയമതിനായ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്തിനും കോളേജിന്റെ അഭിനന്ദങ്ങൾ.

2. പുതിയ വൈസ് പ്രിൻസിപ്പാൾമാരായ ഡോ. ആന്റോ ജോണി, ഡോ. ഇ ഡി ജോൺ, ഡീൻമാരായ ഡോ. ഡേവീസ് സി. വി., ഡോ. ബിജു ജോൺ, ഡോ ബിജു സി. എസ്., ഡോ. ജിജു മാത്യു, ഡോ. ചാക്കോ വി. എം., ഡോ. മിജോയ് ജോസ് എന്നിവർക്കും പുതിയ കെമിസ്ട്രി തലവനായ ഡോ. സി. എൽ. ജോഷി, പുതിയ ആർക്കിവിസ്റ്റായ ഡോ. സി. ഷീബ സി. വി. എന്നിവർക്കും അഭിന്ദനങ്ങൾ.

3. ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. ഇമ്മാനുവേൽ തോമസ് 2021 ലെ സംസ്ഥാന ബജറ്റ് വിലയിരുത്തി ഡി ഡി മലയാളം ചാനൽ സംഘടപ്പിച്ച ചർച്ചയിൽ പങ്കെടുത്തു.

**2. യാത്രാമംഗളങ്ങൾ**

മൂന്ന് വർഷക്കാലം എക്സിക്യൂട്ടീവ് മാനേജരായി സേവമനുഷ്ഠിച്ച റവ. ഫാ. വർഗ്ഗീസ് കുത്തൂരിനും രണ്ടു വർഷക്കാലം കോളേജിന്റെ പ്രിൻസിപ്പാൾ ആയിപ്രവർത്തിച്ച ഡോ. ജോയ് കെ. എൽ. നും, വൈസ് പ്രിൻസിപ്പാൾ ഡോ. ജോബി കെ. തോമസിനും, ഡീൻമാരായിരുന്ന, ഡോ. ബ്രിട്ടോ ജോസഫിനും, സനിൽ ജെ. രാജ് നും, ഹെർബേറിയം കീപ്പർ ശ്രീ. പോൾ വി. ജെ. ക്കും, ലൈബ്രറി അസിസ്റ്റന്റ് ശ്രീ. ജറ്റിൻ സെബാസ്റ്റിനും, ലാബ് അസിസ്റ്റന്റ്മാരായ ശ്രീ. സി. ടി. ജോസഫ്, ശ്രീ. കെ. പി. ജോസഫ് എന്നിവർക്കും യാത്രമംഗളങ്ങൾ നേർന്നു.

**3. പ്രോജക്ടിന് അനുമതി ലഭിച്ചു**

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഡോ. ഗീതു എലിസബത്ത് തോമസ്, ഡി. ബി. ടി. യുടെ *സ്ക്കിൽ വിഗിയാൻ* പ്രോഗ്രാമിൽ സമർപിച്ച സ്റ്റുഡന്റ് ട്രെയിനിങ്ങ് പ്രോജക്ടിന് അംഗീകാരം ലഭിച്ചു.

**4. ക്യാമ്പസ് പ്ലെയ്സ്മെന്റ്**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന കുട്ടികൾക്ക് ഏണസ്റ്റ് ആന്റ് യങ്ങ് സ്ഥാപനത്തിൽ ജോലി ലഭിച്ചു. 1. അക്ഷയ് പ്രശാന്ത് (മാത്ത്സ്), 2. ആൻലിൻ സ്ക്കറിയ (കോമേഴ്സ്), 3. കെവിൻ ജോയ് (കോമേഴ്സ്), 4. അഞ്ജലി എം ആർ (കോമേഴ്സ്), 5. ഡിയോൺ സണ്ണി (കോമേഴ്സ്) 6. ഗോഡ്വിൻ ഫ്രാൻസിസ് (കോമേഴ്സ്), 7. കൃഷ്ണവീണ പി എസ് (കോമേഴ്സ്), 8. തെരേസ സി. ജോൺ (മനേജ്മെന്റ് സ്റ്റഡി), 9. നിവേദിദ് സന്തോഷ് കുമാർ (കോമേഴ്സ്) ഇതോടുകൂടി കഴിഞ്ഞ വർഷ കാലയളവിൽ 133 പേർക്ക് പഠിച്ചു കൊണ്ടിരുന്നപ്പോൾ ജോലി ലഭിച്ചു.

**5. വീ വിൽ ഓവർകം**

ഈ കോവിഡ് കാലയളവിൽ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസവും, പ്രത്യാശയും, ഉണർവും നൽകുന്നതിനായി സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കോളേജിന്റെ കുട്ടികളുടെ ക്ലാസ്സ് ഗ്രൂപ്പുകളിൽ എല്ലാ ദിവസവും ഓരോ പോസ്റ്റർ We will overcome എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു.

**6. വെബിനാർ**

ഫിനിഷിംഗ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ *ഇന്റർനെറ്റ് എന്റി കിറ്റി* എന്ന വിഷയത്തിൽ ശ്രീ. മഹേഷ് ദിവാകരൻ (ടെക്നോപാർക്ക്, തിരുവനന്തപുരം) ക്ലാസ് നയിച്ചു.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച *ആൻഷ്യന്റ് ലിറ്ററി–ക്രിട്ടിസിസം ആന്റ് ഇറ്റ്സ് കണ്ടംപററി റലവൻസ്* എന്ന വിഷയത്തിൽ ഡോ. അനാമിക ചക്രബർത്തി സംവാദം നടത്തി

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് *സൈലന്റ് വാലി – എ നാച്ചുറൽ ഹെറിറ്റേജ് ഓഫ് വെസ്റ്റേൺ ഗാഡ്* എന്ന വിഷയത്തിൽ ഡോ. ജിജി കെ ജോസഫ് (നിർമ്മല കോളേജ് മൂവാറ്റുപുഴ) ക്ലാസ്സ് നയിച്ചു.

പുതിയഅധ്യയനവർഷത്തിൽ കോളേജിലെ മുഴുവൻ വിദ്യർത്ഥികൾക്കും, തേവര എസ് എച്ച് കോളേജിലെ മുൻ പ്രിൻസിപ്പാൾ റവ. ഡോ. പ്രശാന്ത് സി.എം.ഐ. യുടെ നേതൃത്വത്തിൽ ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം നൽകി.

കോളേജിലെ എൻ. എസ്. എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രധാന ദിനാഘോഷങ്ങളായ ലോകസമുദ്രദിനം, ലോക ഭക്ഷ്യ സുരക്ഷാദിനം, കാൻസർ സർവൈവൽ ദിനം, ലോക പരിസ്ഥിതിദിനം, അന്തർദേശീയ മെൻസ്ട്രൂവൽ ഹൈജീൻ ദിനം എന്നീ ആഘോഷങ്ങളിൽ പങ്കുചേർന്ന് വെബിനാറുകൾ സംഘടിപ്പിച്ചു.

ജൂൺ 1–ാം തിയ്യതി എല്ലാ അധ്യാപകർക്കും *റസ്പോൻസി ബിൾ സിറ്റിസൻ* എന്ന വിഷയത്തിൽ റിട്ട. ജസ്റ്റീസ് കുര്യൻ ജോസഫ് ക്ലാസ് നയിച്ചു.

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് ആഭിമുഖ്യത്തിൽ ലോകപു കയിലവിരുദ്ധ ദിനത്തിന്റെ ഭാഗമായി *ദി ഇൻപ്കാറ്റ് ഓഫ് ടോബാകോ എമങ്ങ് ദി യൂത്ത്* ഡോ. വർഗ്ഗീസ് പോൾ കെ (സഹൃദയ കോളേജ് കൊടകര) ക്ലാസ് നയിച്ചു,

**7. റിപ്പോർട്ട് സമർപ്പിച്ചു**

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്യത്തിൽ പോലീസ് സേനയിലെ പരാതികളെ പരിഹരിക്കാൻ ലഭിച്ചിട്ടുള്ള പ്രോജ ക്ടിന്റെ റിപ്പോർട്ട് പോലീസ് വെൽഫയർ സെല്ലിന് കൈമാറി.

**8. പി.എച്ച്.ഡി. നേടി**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. ദിവ്യ ജോർജ്ജ് ഡിപ്പാർട്ട്മെന്റ് തലവനായ ഡോ. തോമസ് പോൾ കാട്ടുക്കാരന്റെ കീഴിൽ ഗവേഷണം നടത്തി പി.എച്ച്.ഡി. ബിരുദം നേടി.

**9. ഫിംലിം ഫെസ്റ്റിവൽ**

സെന്റ് തോമാസ് ജോളേജ്, ഐ.എഫ്.എഫ്.ടി സിനിമ ഗ്രൂപ്പും, ഓറഞ്ച് ഫിംലിം അക്കാദമിയും, സെന്റർ ഫോർ മീഡിയ സ്റ്റഡീസും സഹകരിച്ച് 50 ദിവസത്തെ വാട്സ്ആപ്പ് ഫിംലിം ഫെസ്റ്റിവൽ സംഘടി പ്പിച്ചു.

**10. ഫൈൻ ആട്സ്**

ഫൈൻ ആട്സ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കോളേജിലെ എല്ലാ വിദ്യാർത്ഥികളെയും സംഘടിപ്പിച്ച് പെർഫോർമൻസിന്റെ അടി സ്ഥാനത്തിൽ *സ്റ്റാർസ് ഓഫ് ദ വീക്ക്* എന്ന മത്സരപരമ്പര സംഘടി പ്പിച്ചു.

**11. ലോക പരിസ്ഥിതി ദിനാഘോഷം**

ലോക പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥി കളും അധ്യാപകരും ചേർന്ന് 957 വൃക്ഷതൈകൾ നട്ട് പ്രകൃതി സംര ക്ഷണത്തിൽ പങ്കു ചേർന്നു.

**12. ചാരിറ്റിപ്രവർത്തനം**

ബോട്ടണി ഡിപ്പാർട്ടുമെന്റും, ഇക്കോണമിക്സ് ഡിപ്പാർട്ട്മെന്റും അവരുടെ ഡിപ്പാർട്ട്മെന്റിലെ അവശത അനുഭവിക്കുന്ന വിദ്യാർത്ഥി കൾക്ക് 1 ലക്ഷം രൂപ ധനസഹായം നൽകി.

**13. ഇൻസ്പെയർ സ്കോളർഷിപ്പ് ലഭിച്ചു**

ഈ വർഷം 9 വിദ്യാർത്ഥികൾക്ക് ശാസ്ത്ര പഠനത്തിന് ലഭി ക്കുന്ന ഉന്നത സ്കോളർഷിപ്പായ ഇൻസ്പെയർ സ്കോളർഷിപ്പ് ലഭിച്ചു

ഇതോടുകൂടി ഈ വർഷം 37 വിദ്യാർത്ഥികൾക്ക് നിലവിൽ ഈ സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്. 1. സിഫ ഫ്രാൻസിസ് (കെമിസ്ട്രി) 2. നെവിൻ തോമസ് (കെമിസ്ട്രി) 3. അർപ്പിത ആർ (കെമിസ്ട്രി), 4. രശ്മി രാജ് (കെമിസ്ട്രി), 5. ആർദ്ര ജെയിംസ് (ഫിസിക്സ്), 6. മിഹിര യു എൻ (ഫിസിക്സ്), 7.കൃഷ്ണപ്രിയ വി. (ഫിസിക്സ്), 8. അലീന ഫ്രാൻസിസ് (മാത്ത്സ്), 9. ഹൃദ്യ എം. എസ് (മാത്ത്സ്)

**ഫാ. ബിജു പാണേങ്ങാടൻ**
(എക്സിക്യൂട്ടീവ് മനേജർ)

**ഡോ. ആന്റോ പി വി**
(പി.ആർ.ഒ)

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. സിനർജി സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ എട്ട്, ഒമ്പത് സിനർജി സീരീസ് 30–4–2021, 28–5–2021 എന്നീ തിയ്യതികളിൽ നടന്നു. പാട്രിയാർക്കിക് എഫക്ട്സ് ഇൻ എഡ്യുക്കേഷണൽ സിസ്റ്റം എന്ന വിഷയം സോഷ്യൽ സയൻസ് വിഭാഗം അസി. പ്രൊഫസർ ശ്രീമതി. ആശ.എൻ.വി യും റോൾ ഏന്റ് കോൺട്രിബ്യൂഷൻ ഓഫ് റിനയ്സൻ സ് ലീഡേർസ് ഇൻ ദ ഗ്രോത്ത് ഓഫ് എഡ്യുക്കേഷൻ ഇൻ കേരള എന്ന വിഷയം ഫിലോസഫി വിഭാഗം അസി. പ്രൊഫസർ ശ്രീ. നസീർ.എയും അവതരിപ്പിച്ചു.

**2. ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചു**

മെയ് 3 മുതൽ ബി.എഡ്, എം.എഡ് വിദ്യാർത്ഥികൾക്കായി ക്ലാസുകൾ ആരംഭിച്ചു. രാവിലെ 9.30 മുതൽ 12.30 വരെയാണ് ക്ലാസുകൾ നടക്കുന്നത്.

**3. ക്വിസ് കോമ്പറ്റീഷൻ സംഘടിപ്പിച്ചു**

വേൾഡ് അത്‌ലറ്റിക്സ് ഡേയുടെ ഭാഗമായി സ്പോർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മെയ് 7–ാം തിയ്യതി ഉച്ചയ്ക്ക് 2 മണി മുതൽ 2.20 വരെ ക്വിസ് കോമ്പറ്റീഷൻ നടത്തി. ഓൺലൈൻ മുഖേന ഗൂഗിൾ ഫോം വഴിയാണ് ക്വിസ് നടത്തിയത്. വിദ്യാർത്ഥികളും അദ്ധ്യാപരകരുമ ടക്കം 25 മത്സരാർത്ഥികൾ പങ്കെടുത്തു. എം.എഡ് വിദ്യാർത്ഥിയായ പ്രിൻസി സിസ്റ്റർ, സീനിയർ ബാച്ച് മാത്സ്

ഓപ്ഷണൽ വിഭാഗത്തിലെ ജോഫിയ ജോയ് എന്നിവർ മുഴുവൻ മാർക്കുകളോടെ വിജയം കരസ്ഥമാക്കി. 50% കൂടുതൽ മാർക്ക് ലഭിച്ച 19 പേർക്ക് ഇ–സർട്ടിഫി ക്കറ്റും ഉണ്ടായിരുന്നു.

**4. റംസാൻ ആഘോഷിച്ചു**

റംസാൻ ദിനത്തോടനുബന്ധിച്ച് ദ്യുതി കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ മെയ് 12–ാം തിയ്യതി റംസാൻ ആഘോഷം സംഘടി പ്പിച്ചു. റമദാൻ നിലാവ് എന്ന പേരിൽ ഒരുക്കിയ ഒരു മണിക്കൂർ നീണ്ട ഓൺലൈൻ മുഖേനയുള്ള ആഘോഷത്തിൽ റവ.ഫാ.ഡോ.ചാക്കോ ചിറമ്മൽ അദ്ധ്യക്ഷനായിരുന്നു. മുഖ്യാതിഥിയായി അമ്പലവയൽ ഹയർ സെക്കന്ററി സ്കൂൾ പ്രൊ.ഡോ.അബ്ദുൾ സമദ് റംസാൻ സന്ദേശം നൽകി.

**5. കോവിഡ്– 19 പ്രതിരോധ സെൽ രൂപീകരിച്ചു**

കോവിഡ് മഹാമാരിക്കെതിരെയുള്ള ബോധവൽക്കരണവും, പ്രതിരോധ സംവിധാനങ്ങളും മുൻനിർത്തി കോവിഡ്–19 പ്രതിരോധ സെൽ രൂപീകരിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന സെൽ മെയ് 12–ാം തിയ്യതിയാണ് രൂപീകരിച്ചത്.

**6. പുകയില വിരുദ്ധദിനം ആഘോഷിച്ചു**

ആന്റി അഡാട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലോക പുകയില വിരുദ്ധദിനം 31–05–21 തിയ്യതിയിൽ ആഘോഷിച്ചു. പുകയിലക്കെതിരെ യുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി വീഡിയോ പ്രസന്റേഷൻ ആണ് ക്ലബ്ബ് സംഘടിപ്പിച്ചത്.

**7. ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു**

കൗൺസിലിംങ്ങ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സൈക്കോളജി ക്കൽ ഫസ്റ്റ് എയ്ഡ് ഫോർ സ്റ്റുഡൻസ് എന്ന വിഷയത്തിൽ മെയ് 31ന് ഓറിയന്റേഷൻ പരിപാടി സംഘിടിപ്പിച്ചു. രാവിലെ 9 മണി മുതൽ 10 വരെയാണ് പരിപാടി നടന്നത്.

**8. ജനറൽ ബോഡി യോഗം നടന്നു**

2020–2022 എം.എഡ്, ബി.എഡ് ബാച്ചുകളിലെ വിദ്യാർത്ഥി കളുടെ ജനറൽബോഡിയോഗം ജൂൺ 7ന് നടന്നു. വൈകീട്ട് 5 മണിക്ക് സംഘിടിപ്പിച്ച ഓൺലൈൻ യോഗത്തിൽ പ്രിൻസിപ്പാൾ റവ.ഫാ. ചാക്കോ ചിറമ്മൽ സ്വാഗതപ്രസംഗം നടത്തി. ഉദ്ഘാടനം നിർവഹിച്ചത് റവ.മോൺ. തോമസ് കാക്കശ്ശേരിയും മുഖ്യവിലാസം നടത്തി.

**9. ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചു**

കൊറോണ സെല്ലിന്റെ ആഭിമുഖ്യത്തിൽ മെയ് 31–ാം തിയ്യതി എ സ്മാർട്ട് ടച്ച് ടു ഇ–ലേണിംഗ് പ്ലാറ്റ്ഫോം എന്ന വിഷയത്തിൽ ഓറിയന്റേഷൻ പരിപാടി നടന്നു. മാള ജീസസ് ട്രെയിനിംങ്ങ് കോളേജി ലെ അസി.പ്രൊ.ഡോ.ജസ്ന പി.വരിജൻ ആണ്

ഓറിയന്റേഷൻ പരിപാടി അവതരിപ്പിച്ചത്. രാവിലെ 11 മണി മുതൽ 12.30 വരെയാണ് പരിപാടി നടന്നത്.

**10. ക്ലാസുകൾ പുനരാരംഭിച്ചു**

2020–22 എം.എഡ്, ബി.എഡ് വിദ്യാർത്ഥികളുടെ കൊറോണ രൂക്ഷമായ സാഹചര്യത്തിൽ നിർത്തിവെച്ച ക്ലാസുകൾ ജൂൺ ഒന്നിന് പുനരാരംഭിച്ചു. രാവിലെ 9–10, 10–11, 11.30–12.30 എന്നീ സമയക്രമങ്ങളിൽ മൂന്ന് ക്ലാസുകളായാണ് നടക്കുന്നത്.

**11. പരിസ്ഥിതിദിനം ആചരിച്ചു**

എക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂൺ 5ന് ലോക പരിസ്ഥിതിദിനം ആചരിച്ചു. രാവിലെ 9 മണിക്ക് ഗൂഗിൾമീറ്റ് വഴി നടന്ന പരിപാടിയിൽ അദ്ധ്യക്ഷസ്ഥാനം റവ. ഫാ. ചാക്കോ ചിറമ്മൽ നിർവഹിച്ചു. റവ. ഫാ. ഷിജു ചിറ്റിലപ്പിള്ളി പരിസ്ഥിതിദിനം സന്ദേശം നൽകി. ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയത്. ബയോ നാച്ചുറൽ ക്ലബ്ബ്, സ്റ്റേറ്റ് കോർഡിനേറ്റർ പ്രസിഡന്റ് മിസ്റ്റർ അബ്ദുൾ സലാം ആയിരുന്നു. പരിസ്ഥിതി പ്രസംഗം, രണ്ട് വീഡിയോ അവതരണം, കവിതാ പാരായണം എന്നീ പരിപാടികളും ഫോട്ടോ മത്സരവും ഉണ്ടായിരുന്നു.

**12. ക്വിസ് മത്സരം നടത്തി**

ദേശീയ സ്ഥിതിവിവരകണക്ക് ദിനത്തിന്റെ ഭാഗമായി മാത്തമറ്റിക്സ് ഓപ്ഷണൽ വിഭാഗം ക്വിസ് മത്സരം നടത്തി. ജൂൺ 29ന് സംഘടിപ്പിച്ച ക്വിസ് മത്സരത്തിന്റെ ദൈർഘ്യം 30 മിനിറ്റായിരുന്നു. വിജയികൾക്ക് ഈ–സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

**13. വീഡിയോ പ്രസന്റേഷൻ നടത്തി**

ബാലവേല നിരോധനത്തിന്റെ ഭാഗമായി ജൂൺ 12ന് മൂന്നാമത്തെ മാസ്റ്റർ ട്രെയിനീ ഗ്രൂപ്പ് വീഡിയോ പ്രസന്റേഷൻ നടത്തി. ഗ്രൂപ്പ് അംഗങ്ങളുടെ ബാലവേലക്കെതിരെയുള്ള സന്ദേശങ്ങളടങ്ങിയ വീഡിയോ ആണ് അവതരിപ്പിച്ചത്.

**14. ഇന്റേണൽ പരീക്ഷ നടന്നു**

എം.എഡ് വിദ്യാർത്ഥികളുടെ സൈക്കോളജി ഇന്റേണൽ പരീക്ഷ നടന്നു. ജൂൺ 15ന് ഒരു മണിക്കൂർ ദൈർഘ്യത്തിലാണ് പരീക്ഷ നടന്നത്.

**15. വീഡിയോ പ്രസന്റേഷൻ നടത്തി**

ലോക ലഹരിമരുന്ന് വിരുദ്ധദിനത്തിൽ സോഷ്യൽ സയൻസ് ഓപ്ഷണൽ വിഭാഗം വീഡിയോ പ്രസന്റേഷൻ നടത്തി. ജൂൺ 26ന് പ്രദർശിപ്പിച്ച വീഡിയോയിൽ ലഹരിമരുന്നിനെതിരെയുള്ള സന്ദേശമാണ് ഉണ്ടായിരുന്നത്.

**ഫാ. ചിറമ്മൽ ചാക്കോ**
പ്രിൻസിപ്പാൾ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

# ഫാമിലി അപ്പസ്തോലേറ്റ് സെന്റർ

**1. ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2021 ജനുവരി മുതൽ മെയ് വരെ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമായ ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വെബിനാർ ഉദ്ഘാടനം ചെയ്തു. വെബിനാർ മോഡറേറ്റ് ചെയ്യുകയും അനുഗ്രഹ സന്ദേശം നൽകുകയും ചെയ്തത് മാർ ടോണി നീലങ്കാവിൽ പിതാവാണ്. ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയം അവതരിപ്പിച്ചത് റവ.ഫാ. പോൾ പൊട്ടക്കൽ സി.എം.ഐ അച്ചനാണ്.

**2. ആദരാജ്ഞലികൾ**

കഴിഞ്ഞ 30 വർഷത്തോളം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിലുള്ള എല്ലാ പരിപാടികൾക്കും പ്രത്യേകിച്ച് വിവാഹ കോഴ്സിന് ഭക്ഷണം നൽകിയിരുന്ന നമുക്ക് എല്ലാവർക്കും ഏറെ പ്രിയങ്കരനായ ജോഷി കിടങ്ങൂക്കാരന്റെ നിര്യാണത്തിൽ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ റീത്ത് സമർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ശ്രീ. ജോഷിയുടെ ആത്മാവിന് നിത്യശാന്തി നേരുകയും ആദരാജ്ഞലികൾ അർപ്പിക്കുകയും ചെയ്തു.

**3. യാത്രാമംഗളങ്ങൾ**

കഴിഞ്ഞ 5 വർഷക്കാലം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച ബഹുമാനപ്പെട്ട സിസ്റ്റർ ലിൻസി ചുങ്കത്ത് സ്ഥലം മാറി പോകുന്നതിന്നാൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബം ബഹുമാനപ്പെട്ട സിസ്റ്റർ ലിൻസിക്ക് യാത്രമംഗളങ്ങൾ നേർന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ നേതൃത്വത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും സ്റ്റാഫ് അംഗങ്ങളും ചേർന്ന് സിസ്റ്റർ ലിൻസിക്ക് യാത്രയയപ്പ് നൽകുകയുണ്ടായി.

**4. സുസ്വാഗതം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിന്റെ പുതിയ സെക്രട്ടറിയായി ചാർജ്ജെടുക്കുന്ന ബഹു. സി. എമിലിയ സേവ്യർ സി.എച്ച്.എഫ്. ഹൃദ്യമായ സ്വാഗതം അർപ്പിച്ചു. ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർമാരായ ഫാ. ജിന്റോ ചൂണ്ടൽ, ഫാ. ഷാന്റോ തലക്കോട്ടൂർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചേർന്ന് ഊഷ്മളമായ സ്വാഗതം അർപ്പിക്കുകയും ചെയ്തു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

## മാതൃവേദി

**1. അമ്മമാരുടെ സ്നേഹോപകാരം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ കോവിഡ് കാലത്ത് രോഗികൾക്ക് ആശ്വാസമായി തൃശ്ശൂർ ജൂബിലി ആശുപത്രി വാർഡുകളിൽ നിസ്വാർത്ഥമായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദീകർക്കും സിസ്റ്റേഴ്സിനും യുവ സുഹൃത്തുക്കൾക്കും ആവശ്യ മായ പി.പി.ഇ. കിറ്റുകൾ തൃശ്ശൂർ അതിരൂപത മാതൃവേദി സ്പോൺസർ ചെയ്തു.

**2. പുനരുജ്ജീവനം (സാമ്പത്തിക സഹായം)**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ പുനരു ജ്ജീവനം എന്ന പേരിൽ കോവിഡ് കാലത്ത് മാതൃവേദി അംഗ ങ്ങൾക്കായി മൂന്ന് സാമ്പത്തിക സഹായ പദ്ധതികൾ തയ്യാറാക്കിയിരി ക്കുന്നു.

**3. സാമ്പത്തിക സഹായപദ്ധതികൾ**

1. 2020–21 വർഷങ്ങളിൽ മാതൃവേദിയിൽ നിന്ന് കോവിഡ് മൂലം മരണമ ടഞ്ഞ അമ്മയുടെ കുടുംബത്തിന്.
2. മാതൃവേദിയിലെ അംഗത്തിന്റെ ജീവിത പങ്കാളി കോവിഡ് മൂലം മരി ക്കാനിടയായാൽ ആ കുടുംബത്തിന്.
3. കോവിഡ് ബാധിച്ച് ആശുപത്രിയിൽ കിടന്ന് ചികിത്സിക്കാൻ ഇടയായ മാതൃവേദിയിലെ അംഗത്തിന്.

**4. നിബന്ധനകൾ**

1. മാതൃവേദിയിലെ അംഗമാണെന്നതിനും കോവിഡ്മൂലം മരിച്ച/ആശുപത്രിയിൽ കിടന്ന് ചികിത്സിച്ച വ്യക്തിയാണെന്നതിനുമുള്ള വികാരിയച്ചന്റെ സാക്ഷ്യ പത്രം.

2. മാതൃവേദി യൂണിറ്റ് പ്രസിഡണ്ടിന്റെ സാക്ഷ്യം.

3. കോവിഡ് ബാധിച്ച് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതാണ്.

**5. ശ്രദ്ധിക്കേണ്ടവ**

1. ലോക്ക് ഡൗൺ കാലഘട്ടം തീർന്നതിന് ശേഷമാണ് അതിരൂപത മാതൃവേദി ഓഫീസിൽ അപേക്ഷകൾ കൊണ്ടുവരേണ്ടത്.

2. അപേക്ഷകൾ യൂണിറ്റ് ഭാരവാഹികൾ മുഖേനയോ, ഫൊറോന ഭാരവാഹികൾ മുഖേനയോ കൊണ്ടുവരാവുന്നതാണ്.

6. **അതിജ്ജീവനം 2021**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവക, ഫൊറോന, അതിരൂപത ഭാരവാഹികൾക്കുവേണ്ടി അതിജ്ജീവനം 2021 എന്ന പരിപാടി മെയ് 21 വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 4 മുതൽ 6 വരെ സൂംഫ്ളാറ്റ് ഫോമിൽ നടത്തപ്പെടുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഈ മഹാസമ്മേളനം ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുകയും യോഗം മോഡറേറ്റു ചെയ്യുകയും ചെയ്തു. അതിജ്ജീവനം 2021 എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാർ റവ.ഫാ. വിൻസെന്റ് കുണ്ടുകുളം നയിക്കുകയുണ്ടായി.

**7. വണക്കമാസ ഗാന മത്സരം (നല്ല മാതാവേ മരിയേ)**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദി അംഗങ്ങൾക്കായുള്ള വണക്കമാസ ഗാന മത്സരം ഓൺലൈൻ വഴി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുകയുണ്ടായി. അഞ്ഞൂറിൽ പരം അമ്മമാർ പങ്കെടുത്ത ഈ മത്സരം വൻവിജയമായിരുന്നു. പങ്കെടുത്തവർക്ക് ഹൃദ്യമായ നന്ദി അർപ്പിക്കുന്നു.

| | |
|---|---|
| **ഫാ. ഷാന്റോ തലക്കോട്ടൂർ**<br>അസി. ഡയറക്ടർ | **ഫാ. ഡെന്നി താണിക്കൽ**<br>ഡയറക്ടർ |
| **ശ്രീമതി ജൂലി ബാബു**<br>സെക്രട്ടറി | **ശ്രീമതി മേരി വിൻസെന്റ്**<br>പ്രസിഡണ്ട് |

# കുടുംബക്കൂട്ടായ്മ

**1. ഹെൽപ് ഡെസ്ക് രൂപീകരണം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ അതിരൂപത, ഫൊറോന, ഇടവക ഭാരവാഹികൾക്കു വേണ്ടിയുള്ള മൂന്ന് വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. 1600 ൽ പരം ഭാരവാഹികൾ സംബന്ധിച്ച വെബിനാർ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുകയും മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. ഇടവകയിൽ ഹെൽപ് ഡെസ്ക് രൂപീകരിക്കുക, ടെലെ മെഡിസിൻ, ടെലെ കൗൺസിലിങ്ങ്, ടാസ്ക് ഫോഴ്സ് എന്നിവയ്ക്ക് കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ രൂപം കൊടുക്കുവാനും പങ്കാളിയാകുവാനും നിർദ്ദേശിക്കുകയുണ്ടായി. ഹെൽപ് ഡെസ്ക് എങ്ങനെ രൂപീകരിക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാർ റവ. ഫാ. ജോയ് കൂത്തൂർ നയിച്ചു. മോൺ. തോമസ്സ് കാക്കശ്ശേരി മൂന്ന് വെബിനാറുകൾക്കും ആമുഖ പ്രസംഗം നടത്തി.

**2. കുടുംബകൂട്ടായ് ഫൊറോനതല ഭാരവാഹികളുടെ വെബിനാർ**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ 16 ഫൊറോനകളിലെ ഭാരവാഹികളുടെ വെബിനാർ 16 ദിവസങ്ങളിലായി നടത്തപ്പെട്ടു. കൊറോണ കാലഘട്ടത്തിലെ ഓരോ ഫൊറോനയിലെയും വിശേഷങ്ങൾ പങ്കു വയ്ക്കുക, ഓരോ ഫൊറോനകളിലെ ഇടവകകളുടെ നേതൃത്വത്തിൽ ചെയ്യുന്ന ജീവ കാരുണ്യ പ്രവർത്തനങ്ങൾ പങ്ക് വയയ്ക്കുക എന്നീ ലക്ഷ്യങ്ങളായിരുന്നു ഈ വെബിനാറിൽ ഉണ്ടായിരുന്നത്. 16 ദിവസങ്ങളിലായി നടത്തപ്പെട്ട വെബിനാറിൽ ഓരോ ഇടവകയും ഈ കൊറോണ കാലത്ത് ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഭാരവാഹികൾ പങ്ക് വച്ചപ്പോൾ ഏവർക്കും വലിയ പോസറ്റീവ് എനർജി ലഭിച്ചതുപോലെയായി. അത്രമാത്രം പ്രവർത്തനങ്ങളാണ് ഓരോ ഇടവകയും ഈ കൊറോണ കാലഘട്ടത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന ക്രമത്തിലാണ് ഓരോ ഫൊറോനയുടെയും വെബിനാർ നടത്തപ്പെട്ടത്.

ജൂൺ 2 ബുധൻ വൈകീട്ട് 7 മണിക്ക് വേലൂർ ഫൊറോന
ജൂൺ 3 വ്യാഴം വൈകീട്ട് 7 മണിക്ക് ബസിലിക്ക ഫൊറോന
ജൂൺ 4 വെള്ളി വൈകീട്ട് 7 മണിക്ക് ലൂർദ്ദ് ഫൊറോന

ജൂൺ 6 ഞായർ വൈകീട്ട് 7 മണിക്ക് ഒല്ലൂർ ഫൊറോന
ജൂൺ 7 തിങ്കൾ വൈകീട്ട് 7 മണിക്ക് പാലയൂർ ഫൊറോന
ജൂൺ 8 ചൊവ്വ വൈകീട്ട് 7 മണിക്ക് വടക്കാഞ്ചേരി ഫൊറോന
ജൂൺ 9 ബുധൻ വൈകീട്ട് 7 മണിക്ക് എരുമപ്പെട്ടി ഫൊറോന
ജൂൺ 10 വ്യാഴം വൈകീട്ട് 7 മണിക്ക് പട്ടിക്കാട് ഫൊറോന
ജൂൺ 11 വെള്ളി വൈകീട്ട് 7 മണിക്ക് ചേലക്കര ഫൊറോന
ജൂൺ 12 ശനി വൈകീട്ട് 7 മണിക്ക് കൊട്ടേക്കാട് ഫൊറോന
ജൂൺ 13 ഞായർ വൈകീട്ട് 7 മണിക്ക് കണ്ടശ്ശാംകടവ് ഫൊറോന
ജൂൺ 14 തിങ്കൾ വൈകീട്ട് 7 മണിക്ക് പറപ്പൂർ ഫൊറോന
ജൂൺ 15 ചൊവ്വ വൈകീട്ട് 7 മണിക്ക് പുത്തൂർ ഫൊറോന
ജൂൺ 16 ബുധൻ വൈകീട്ട് 7 മണിക്ക് പുതുക്കാട് ഫൊറോന
ജൂൺ 17 വ്യാഴം വൈകീട്ട് 7 മണിക്ക് മറ്റം ഫൊറോന
ജൂൺ 18 വെള്ളി വൈകീട്ട് 7 മണിക്ക് പഴുവിൽ ഫൊറോന

16 ദിവസങ്ങളിലായി നടത്തപ്പെട്ട വെബിനാർ വളരെ മനോഹരമാക്കാൻ അദ്ധ്വാനിച്ച അതിരൂപത ഭാരവാഹികളോടും ഫൊറോന ഭാരവാഹികളോടും ഇടവക ഭാരവാഹികളോടും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ
**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ "EWS സംവരണം എങ്ങനെ പ്രയോജനപെടുത്താം" എന്ന വിഷയത്തെ ആസ്പദമാക്കി പ്ലസ് വൺ മുതലുള്ള എല്ലാ യുവതി യുവാക്കൾക്കും തൊഴിൽ അന്വേഷകർക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വെബിനാർ ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് വെബിനാർ മോഡറേറ്റ് ചെയ്തു. റവ. ഫാ. ജെയിംസ് കൊക്കാവയലിൽ വിഷയം അവതരിപ്പിച്ചു. AFC ഡയറക്ടർ ഫാ. ഡെന്നി

താണിക്കൽ ഏവരേയും സ്വാഗതം അർപ്പിച്ചു. റവ. ഫാ. ജെയിംസ് കൊക്കാവയലിൽ, ശ്രീ. റോണി അഗസ്റ്റിൻ, ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, ഡോ. മേരി റെജീന എന്നിവർ ചോദ്യാത്തരങ്ങൾക്ക് മറുപടി നൽകി. പി.എസ്.സി റജിസ്ട്രേഷൻ, എംപ്ലോയിമെന്റ് റജിസ്ട്രേഷൻ എന്നീ വിഷയങ്ങളെ പറ്റി ശ്രീ.ജോമി ജോൺസൻ ക്ലാസ് നയിക്കുകയുണ്ടായി. AFC യുടെ എക്സിക്യൂട്ടീവ് മെമ്പറായ ശ്രീ. റോണി അഗസ്റ്റിൻ ഏവർക്കും നന്ദി അർപ്പിച്ചു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ


**EXCEL ACADEMY**
DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

excel ACADEMY
Institute for Career Formation


ഇന്നത്തെ യുവതലമുറയെ, കാരിയർ പ്രൊഫഷനിലേക്ക് ഒരുക്കുന്ന, എക്സൽ അക്കാദമിയുടെ പുതിയ അധ്യായനവർഷം, 2021 ജൂൺ മാസം 6–ാം തിയതി, ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആശീർവാദത്തോടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. എക്സൽ അക്കാദമി ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ, അക്കാദമിക് ഹെഡ്, ഡോ. മാണി കെ പീറ്റർ (കാലിക്കറ്റ് യൂണിവേഴ്സിറ്റി റിട്ട. ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്), അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ, ചടങ്ങിൽ സംബന്ധിച്ചിരുന്നു. തൃശ്ശൂർ ബിഷപ്പ് ഹൗസ്, ഡിബിസിഎൽസിയിൽ എക്സൽ അക്കാദമിയുടെ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. K-TET, PSC, Foundation Course (8th, 9th, 10th Std.) എന്നീ കോഴ്സുകളാണ് ഈ അധ്യയനവർഷം ആദ്യം ആരംഭിക്കുന്നത്.

കേരളസർക്കാരിന്റെ ന്യുനപക്ഷവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന, സംസ്ഥാനത്തിലെ ക്രൈസ്തവസമൂഹത്തിന്റെ, ഏക സബ്സെന്ററായ എക്സൽ അക്കാദമിയിൽ, ന്യുനപക്ഷത്തിനുവേണ്ടി, ആറ് മാസത്തെ, സൗജന്യ പരിശീലനകോഴ്സ് ജൂലായ് മാസത്തിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് – 9847276657/9744941585

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# KCYM

**1. സിൻസൺ അച്ചന്റെ ഓർമ്മയ്ക്ക് വൃക്ഷ തൈ**

സൗന്ദര്യവും സന്തോഷവും ഉത്പാദിപ്പിക്കാൻ ഭൂമിയെ നാം അനുവദിക്കുന്നില്ലെങ്കിൽ, അത് അവസാനം ഭക്ഷണം ഉത്പാദിപ്പിക്കുകയില്ല എന്ന തിരിച്ചറിവോടെ ആവാസവ്യവസ്ഥ പുനഃസ്ഥാപനം എന്ന പ്രമേയത്തോടൊപ്പം സിൻസൺ അച്ചന്റെ ഓർമ്മയ്ക്ക് പരിസ്ഥിതി ദിനത്തിൽ തൃശൂർ അതിരൂപത കെ.സി.വൈ.എം. വൃക്ഷ തൈകൾ നട്ടു. അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവും സംയുക്തമായി ഉദ്ഘാടനം ചെയ്തു. ഫൊറോന ഇടവക തലങ്ങളിലും കെ.സി.വൈ.എം. യുവജനങ്ങൾ വൃക്ഷ തൈ വിതരണത്തിൽ പങ്കാളികളായി.

**2. സിൻസൺ അച്ചന്റെ അനുസ്മരണാർത്ഥം രക്തദാനം**

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ അനുഗ്രഹീത ഗായകനും, യുവ വൈദികനുമായ സിൻസൺ എടക്കളത്തൂരിന്റെ മൃതസംസ്കാരദിനത്തിൽ അച്ചന്റ മുപ്പത്തിമൂന്ന് വർഷത്തെ ജീവിതകാലഘട്ടത്തെ സ്മരിച്ചുകൊണ്ടും, ഈശോയുടെ പരസ്യജീവിതം സാക്ഷ്യപ്പെടുത്തി പതിനാറ് ഫൊറോനകളിൽനിന്നായി 33 യുവജനസുഹൃത്തുക്കൾ ജൂബിലി മിഷൻ ആശുപത്രിയിൽ രക്തദാനം നടത്തി. കെ.സി.വൈ.എം. തൃശൂർ അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ സന്നിഹിതനായി.

**3. പോലീസ് സേനയ്ക്ക് ബിഗ് സല്യൂട്ട്**

ഒന്നര മാസത്തെ പോലീസ് സേനയുടെ മാതൃകാപരമായ പ്രവർത്തനങ്ങൾക്കും കരുതലിനും ലോക്ഡൗൺ കാലത്തെ അവസാനദിനത്തിൽ ഭക്ഷണം ഒരുക്കി തൃശൂർ അതിരൂപത കെ.സി.വൈ.എം. ലോക് ഡൗൺ കാലത്ത് പോലീസ് ഉദ്യോഗസ്ഥർ നൽകിയ കരുതലും, ജാഗ്രതയും വളരെ വിലപ്പെട്ടതാണ് എന്ന് ഭക്ഷണ വിതരണ ഉദ്ഘാടന വേളയിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ലിൻസൺ തട്ടിൽ പറഞ്ഞു.

**4. രക്തദാനം നടത്തി**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ Blood Donors Forum ഉദ്ഘാടനത്തോട് അനുബന്ധിച്ച് World Blood Donors Day യിൽ

കേരളത്തിലെ 32 രൂപതകളിൽനിന്നും 100 യുവരക്തങ്ങൾ രക്തം ദാനം ചെയ്യുന്നതിന്റെ ഭാഗമായി തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് അതിരൂപത ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ഒല്ലൂക്കര യൂണിറ്റ് അംഗം റയൻ വിൻസെന്റ് എന്നിവർ ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ രക്തദാനം നടത്തി.

**5. ക്ലബ് ഹൗസിലെ വ്യാജപ്രചരണം: പ്രതിഷേധിച്ചു**

കേരള കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. ന്റെ പേരും പറഞ്ഞുകൊണ്ട് ക്ലബ് ഹൗസ് എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വർഗ്ഗീയ  വിഷം കലർത്തി ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ പരത്തുകയും പ്രസ്ഥാനത്തെയും, പ്രസ്ഥാനത്തിന്റെ നേതാക്കന്മാരെയും അകാരണമായി അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത ഓൺലൈൻ വർഗ്ഗീയവാദികൾക്കെതിരെ ശക്തമായ പ്രതിഷേധവുമായി കെ.സി.വൈ.എം. തൃശൂർ അതിരൂപത. പ്രസ്ഥാനത്തിന്റെ പേര് പറഞ്ഞു നടത്തിയ ചർച്ചകൾക്കെതിരെ ക്ലബ് ഹൗസിൽതന്നെ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെയും, തൃശൂർ അതിരൂപത സമിതിയുടെയും നേതൃത്വത്തിൽ 6 മണിക്കൂർ നീണ്ട ചർച്ചകൾ നടത്തി.

**6. ജപമാല യജ്ഞം നടത്തി**

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം മെയ് 13 മുതൽ മെയ് 31 വരെ അതിരൂപതാതലത്തിലും, 16 ഫൊറോനയിലും ഓൺലൈനിൽ ജപമാല സമർപ്പണം നടത്തി. ജപമാല യജ്ഞത്തിന്റെ സമാപന സന്ദേശം അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് നൽകി.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# സി.എൽ.സി.

**1. റൊസാരിയം 2021 സമാപിച്ചു**

തൃശ്ശൂർ അതിരൂപത സിഎൽസി മാതാവിന്റെ വണക്കമാസമായ മേയ് മാസത്തിൽ അതിരൂപതയിലെ ഇടവകകളിലെ കുടുംബങ്ങളിൽ നിന്നും റൊസാരിയം 2021 ഭാഗമായി ശേഖരിച്ച 2,91,64,950 നന്മ നിറഞ്ഞ മറിയമേ ജപം പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ ചേർന്ന് പ്രോഗ്രാം കൺവീനർ അജിത്ത് വർഗീസ് അസിസ്റ്റന്റ് പ്രമോട്ടർ ഫാ. സിജു പുളിക്കൻ എന്നിവരിൽ നിന്നും ഏറ്റുവാങ്ങി.

**2. സിഎൽസി മൈ ട്രീ ചലഞ്ച്**

തൃശ്ശൂർ അതിരൂപത സി എൽ സി മുന്നോട്ട് വച്ച mytree challenge സീസൺ 2 ഉദ്ഘാടനം അതിരൂപത ബിഷപ്പ് ഹൗസിൽ വച്ച് ബഹുമാനപ്പെട്ട രൂപതാധ്യക്ഷൻ മാർ. ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. കേവലം മരം നടൽ എന്നതിനപ്പുറം അതിന്റെ പരിപാലനവും പരിസ്ഥിതി ശുചീകരണവും അതിലൂടെയുള്ള ആരോഗ്യശീലങ്ങളും ആകണം ഓരോ മരിയമക്കളുടെയും ഈ വർഷത്തെ പരിസ്ഥിതിദിന ആപ്തവാക്യം എന്നത് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഓർമപ്പെടുത്തി. മൈ ട്രീ ചലഞ്ച് ഏറ്റെടുത്തുകൊണ്ട് രൂപതയിലെ വിവിധ ഇടവകകളിൽ ഫൊറോനകളുടെ നേതൃത്വത്തിൽ സിഎൽസി അംഗങ്ങൾ തങ്ങളുടെ വീടുകളിൽ 624 വൃക്ഷത്തൈകൾ നട്ടു.

**3. ജൂൺ14 ലോക രക്തദാന ദിനം**

ഈ കോവിഡ് കാലത്തെ സന്നദ്ധ രക്ത ദാന പ്രവർത്തനങ്ങൾ കണക്കിലെടുത്ത് തൃശൂർ അമല ഹോസ്പിറ്റൽ ഏർപ്പെടുത്തിയ അവാർഡിന് തൃശ്ശൂർ അതിരൂപത സി.എൽ.സി. അർഹമായ വിവരം സ്നേഹപൂർവ്വം അറിയിക്കുന്നു. ഈ അവാർഡിന് അതിരൂപത സി.എൽ.സി. യെ അർഹരാക്കുന്നതിനായി സന്നദ്ധ രക്തദാനം നടത്തുകയും രക്തദാനം പ്രോൽസാഹിപ്പിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ സ്നേഹപൂർവ്വം ഓർക്കുന്നു. തുടർച്ചയായി

രണ്ടാം വർഷമാണ് അമല മെഡിക്കൽ കോളജ് ഏർപ്പെടുത്തിയ സന്നദ്ധ രക്തദാനത്തിനുള്ള അവാർഡിനു തൃശൂർ അതിരൂപത സി.എൽ.സി തിരഞ്ഞെടുക്കപ്പെട്ടുന്നത്.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

## ജീസസ് യൂത്ത്

**1. സോണൽ പുനരേകീകരണം**

2021 ഏപ്രിൽ 14ാം തിയ്യതി നടന്ന ഓൺലൈൻ സോണൽ അസംബ്ലിയിലെ പുനരേകീകരണ പ്രക്രിയയിലൂടെ തൃശ്ശൂർ ജീസസ് യൂത്തിന്റെ പുതിയ നേതൃത്വങ്ങളെ തിരഞ്ഞെടുക്കുകയുണ്ടായി. പുതിയ സോണൽ കൗൺസിലിനേയും ഫാമിലി സ്ട്രീമിനേയും കണ്ടെത്തിയ പ്രസ്തുത അസംബ്ലിയിൽ സോണൽ കോഓർഡിനേറ്റർ ആയി ബ്രിറ്റോ മിഖായിലിനേയും അസി.കോഡിനേറ്ററായി ജെറിൻ ജോയിയെയും തിരഞ്ഞെടുത്തു. കൂടാതെ 16 സബ്സോണുകളിലും 8 മിനിസ്ട്രികളിലും വിവിധ ദിവസങ്ങളിലായി പുനരേകീകരണ പ്രക്രിയ നടത്തുകയും പുതിയ നേതൃത്വങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**2. ഗത്സമനി**

തൃശ്ശൂർ സോണും ഇന്റർസെഷൻ മിനിസ്ട്രിയും ഒത്തുചേർന്നു ഏപ്രിൽ 28-ാം തിയ്യതി ആരംഭിച്ച മനോഹരമായ ഒരു പ്രോഗ്രാം ആയിരുന്നു 'ഗത്സമനി'. ഈ കോവിഡ് പശ്ചാത്തലത്തിൽ കോവിഡ് ബാധിച്ചവർക്കുവേണ്ടിയും, എല്ലാ ആരോഗ്യപ്രവർത്തകർക്കുവേണ്ടിയും, മറ്റു നിയോഗങ്ങൾക്കുവേണ്ടിയും എന്നും രാത്രി 9.00 മുതൽ 10.00 വരെ എല്ലാവരും ഓൺലൈനിൽ ഒത്തുചേർന്ന് ജപമാലയിലൂടെയും ആരാധനയിലൂടെയും പ്രാർത്ഥിക്കുക എന്നതായിരുന്നു ഗത്സമനി പ്രോഗ്രാമിന്റെ ലക്ഷ്യം. ജൂൺ 9 വരെ

നീണ്ടുനിന്ന 43 ദിവസത്തെ ഈ മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെ അനേകർക്കു ശക്തിയും ധൈര്യവും പകരുവാൻ ദൈവം ഇടയാക്കി.

**3. റീ കമ്മിന്റ്മെന്റ് ഡേ**

സമർപ്പണ പുനർസമർപ്പണ ദിവസത്തോടനുബന്ധിച്ചുള്ള ഒരുക്കത്തിന്റെ ഭാഗമായി എല്ലാ ജീസസ് യൂത്ത് അംഗങ്ങളും ഓറിയന്റേഷൻ പ്രോഗ്രാമിലൂടെ കടന്നുപോകുകയും 9 ദിവസം ഒരുമിച്ചുകൂടി പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലി ഒരുങ്ങുകയും ചെയ്തു. തുടർന്ന് മെയ് 23 ാം തിയ്യതി പന്തക്കുസ്താ ദിനത്തിൽ 1600 ഓളം ജീസസ് യൂത്ത് അംഗങ്ങൾ ഓൺലൈനായി റീജണൽ തലത്തിൽ ഒരുമിച്ചുകൂടുകയും തങ്ങളുടെ കമിന്റ്മെന്റ് / റീകമിന്റ്മെന്റ് എടുക്കുകയും സഭയോടും ജീസസ് യൂത്ത് മുന്നേറ്റത്തോടുള്ള പ്രതിബദ്ധത ലോകമെങ്ങുമുള്ള സകല ജീസസ് യൂത്തിനോടുചേർന്നു പരസ്യമായി പ്രഖ്യാപിക്കുകയും ഉണ്ടായി.

**4. നല്ല അയൽക്കാരൻ**

മുൻ വർഷങ്ങളിൽ പ്രളയകാലത്തു ബുദ്ധിമുട്ടുന്നവന് കൈത്താങ്ങ് ആയതുപോലെ ഈ മഹാമാരിയുടെ കാലഘട്ടത്തിലും ജീസസ് യൂത്ത് നല്ല അയൽക്കാരൻ പ്രൊജക്ട് അതിരൂപതയുടെ സാന്ത്വനവുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു.

കോവിഡുമായി ബന്ധപ്പെട്ട മൃതസംസ്ക്കാര ശുശ്രൂഷകൾ, സാമ്പത്തികമായി തളർന്നിരിക്കുന്നവർക്ക് വേണ്ട സഹായങ്ങൾ, മാനസികമായി പ്രയാസപ്പെടുന്നവരെ ആശ്വസിപ്പിക്കുന്നതിനായുള്ള പ്രത്യേക ടീം, ബ്ലഡ് ഡോണേഷനുമായി ബന്ധപ്പെട്ട് ബ്ലഡ് ബാങ്കും ഡാറ്റാ കളക്ഷനും രക്തദാനവും നടത്തിവരുന്നു. ഇത്തരം വ്യത്യസ്തങ്ങളായ സേവനങ്ങൾ ആവശ്യമുള്ളവർ ഇനി പറയുന്ന ഹെൽപ്പ്ലൈൻ നമ്പറിൽ എല്ലാദിവസവും രാവിലെ 8.00 മുതൽ രാത്രി 8.00 വരെ 9947480477, 8138090562 എന്നീ നമ്പ റുകളിലും 24 മണിക്കൂർ സേവനങ്ങൾക്കായി 9656064665, 9633800849 ഈ നമ്പറുകളിലും ബന്ധപ്പെ ടാവുന്നതാണ്.

നന്മയ്ക്കൊപ്പം നല്ല അയൽക്കാരൻ എന്ന ജീസസ് യൂത്ത് ആശയത്തിന്റെ ഭാഗമായി വിവിധ സബ്സോണുകളുടെ സഹായത്തോടെ മെയ് 25–ാം തിയ്യതി പ്രാദേശികതലത്തിൽ ആശാവർക്കേഴ്സ്, പോസ്റ്റുമാൻ എന്നിവരെ കണ്ടെത്തുകയും അവരെ ആദരിക്കുന്നതിന്റെ ഭാഗമായി സാനിറ്റൈസർ, ഫേസ് ഷീൽഡ്, ഗ്ലൗസ്, സർജിക്കൽ മാസ്ക്കുകൾ, എൻ 95 മാസ്ക്കുകൾ, ലിക്യുഡ് സോപ്പ് തുടങ്ങി അത്യാവശ്യ സുരക്ഷാ സാമഗ്രികൾ അടങ്ങിയ കിറ്റ് കൈമാറുകയും ഉണ്ടായി.

കൂടാതെ പരിസ്ഥിതി ദിനമായ ജൂൺ 5 ന് ശുചീകരണ ത്തൊഴിലാളികളെ അനുമോദിക്കുന്നതിന്റെ ഭാഗമായി അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആദ്യ കിറ്റ് തൃശ്ശൂർ സോണൽ കോർഡിനേറ്റർക്കു കൈമാറി ഓദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. അന്നുതന്നെ പ്രാദേശികതലത്തിൽ പരമാവധി ശുചീകരണ തൊഴിലാളികളെ കണ്ടെത്തുകയും ആരോഗ്യ കിറ്റു നൽകി ആദരിക്കുകയും ചെയ്തു.

പുതിയ അദ്ധ്യയന വർഷത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വിദ്യാർത്ഥി–വിദ്യാർത്ഥിനികളെ ഇടവകതലത്തിലുള്ള ജീസസ് യൂത്ത് കൂട്ടായ്മകൾ ജാതി മതഭേതമന്യേ കണ്ടെത്തുകയും പഠനകിറ്റു നൽകി സഹായിക്കുകയും ചെയ്തുവരുന്നു.

5. Enfugo " On Fire for God" Online Bible Reading

ജീസസ് യൂത്ത് കിഡ്സ് AMAA നേതൃത്വത്തിൽ കുട്ടികൾക്കുവേണ്ടി ഓൺലൈൻ ബൈബിൾ പാരായണം നടത്തിയിരുന്നു. ഒരാഴ്ച നീണ്ടുനിന്ന ഈ പ്രോഗ്രാം മെയ് 15 ന് ബഹു. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിലച്ചൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. എല്ലാ ദിവസവും കാലത്ത് 9 മുതൽ വൈകീട്ട് 9 മണിവരെ 160 ഓളം കുട്ടികൾ മാറിമാറി വചനം വായിച്ചുകൊണ്ട് ബൈബിൾ പാരായണത്തിന്റെ ഭാഗമായിത്തീർന്നു. വായിക്കാൻ പോലും അറിയാത്ത കുഞ്ഞുമക്കൾ മാതാപിതാക്കന്മാരോടൊപ്പം ഇരുന്നുകൊണ്ട് അപ്പന്റെയോ അമ്മയുടേയോ ബൈബിൾ വായനയിൽ ഭാഗമായത് ഏറെ വ്യത്യസ്തമായ അനുഭവമായി.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



## 1. Dei Verbum 2k21 ഓൺലൈൻ ബൈബിൾ ക്വിസ്

തൃശ്ശൂർ അതിരുപത ചിൽഡ്രൻസ് ആഭിമുഖ്യത്തിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ജൂൺ 13 മുതൽ Dei Verbum 2k21 ഓൺലൈൻ ബൈബിൾ ക്വിസ് ആരംഭിച്ചു. ഈ കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ കുട്ടികൾ വീടുകളിലിരുന്ന് വചനം വായിക്കുക, പഠിക്കുക, ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ ബൈബിൾ ക്വിസ് മുന്നോട്ട് വയ്ക്കുന്നത്. എല്ലാ മാസവും രണ്ടും നാലും ഞായറാഴ്ച്ചകളിൽ തുടർന്നും ക്വിസ് മത്സരം നടത്തപ്പെടുന്നു. മത്സര നിബന്ധനകൾ താഴെ കൊടുക്കുന്നു.

1. ഗൂഗിൾ ഫോമിൽ ആയിരിക്കും മത്സരം സംഘടിപ്പിക്കുന്നത്.
2. കുട്ടികളെ മതബോധന ക്ലാസ് അടിസ്ഥാനത്തിൽ സബ് ജൂനിയർ (1 –4), ജൂനിയർ (5–7), സീനിയർ 8–10) എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
3. മത്സര ദിനങ്ങളിൽ (രണ്ടും നാലും ഞായറാഴ്ച്ചകളിൽ) സബ് ജൂനിയർ വിഭാഗത്തിന് വൈകീട്ട് 6.00 മണിക്കും, ജൂനിയർ വിഭാഗത്തിന് 6.30 നും, സീനിയർ വിഭാഗത്തിന് 7.00 മണിക്കും DEI VERBUM വാട്ട്സ് അപ്പ് ഗ്രൂപ്പിൽ ഗൂഗിൾ ഫോമിന്റെ ലിങ്കുകൾ അയച്ചുതരുന്നതായിരിക്കും.
4. 20 ചോദ്യങ്ങളോടുകൂടെ 20 മിനിറ്റായിരിക്കും എല്ലാ വിഭാഗങ്ങൾക്കും മത്സര സമയം. 20 മിനിറ്റിന്റെ ഉള്ളിൽ തന്നെ ഗൂഗിൾ ഫോം സബ്മിറ്റ് ചെയ്യേണ്ടതാണ്.
5. കുട്ടികൾക്ക് പഠിക്കാനുള്ള വചന ഭാഗങ്ങൾ മത്സരത്തിന്റെ രണ്ടാഴ്ച്ച മുമ്പ് നല്കുന്നതായിരിക്കും.
6. എല്ലാ മത്സരങ്ങളിലും കുട്ടിയുടെ പേര്, ഇനിഷ്യൽ, വീട്ടുപേര്, ഇടവക, ക്ലാസ്, ഫോൺ നമ്പർ എന്നിവ കൃത്യമായും എഴുതേണ്ടതാണ്.
7. എല്ലാ മത്സരങ്ങളിലും കൂടി ആകെ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ കണ്ടെത്തുന്നത്.
8. മൂന്ന് വിഭാഗങ്ങളിലും മികവുറ്റവരെ കണ്ടെത്തുന്നതിന് അവസാന റൗണ്ടിൽ വീഡിയോ കോൾ വഴിയും മത്സരം നടത്തുന്നതായിരിക്കും.

## 2. പ്രവർത്തന കാലഘട്ട ഉദ്ഘാടനം

ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2021–22 പ്രവർത്തന കാലഘട്ട

ത്തിന്റെ ഉദ്ഘാടനം ജൂൺ 6–ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 7.00 മണിയുടെ വി. കുർബാനയോടുകൂടെ ഡി.ബി.സി.എൽ.സി യിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കാറ്റകിസം ഡിപാർട്ട്മെന്റ്, തിയോളജി ഇൻസ്റ്റിട്ട്യൂട്ട്, ലേ ലീഡർഷിപ്പ്, എക്സൽ അക്കാദമി എന്നീ പ്രസ്ഥാനങ്ങളുടെ ഉദ്ഘാടനവും ഒന്നിച്ചാണ് നടത്തപ്പെട്ടത്. വിവിധ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളോടൊപ്പം ചിൽഡ്രൻസ് മിനിട്രി ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരിയും കോർഡിനേറ്റർ സി. ബീന റോസ് എസ്.എസ്.പി.സി.യും ആനിമേറ്റർമാരുടെ പ്രതിനിധികളായ ശ്രീമതി ശോഭ ജോൺസനും ശ്രീമതി ബീന സേവിയും യോഗത്തിൽ പങ്കെടുത്തു.

**3. പ്രാർത്ഥനാദിനങ്ങൾ**

**തിരുബാലസഖ്യം:** ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 3–ാം തിയ്യതി ഇടവകതലത്തിൽ തിരുബാലസഖ്യ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

**ജൂനിയർ സി. എൽ. സി.:** ആഗോളസഭ ജൂലൈ 31 ന് വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ സുദിനത്തിൽ ജൂനിയർ സി. എൽ.സി. അംഗങ്ങൾ ഇടവക തലത്തിൽ പ്രാർത്ഥനദിനമായി ആചരിക്കേണ്ടതാണ്.

**അൾത്താര സംഘം:** ആഗോളസഭ ജൂലൈ 26 ന് വി. അന്നയുടെയും ജൊവാക്കീമിന്റെയും തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ഇടവകതലത്തിൽ എല്ലാ അൾത്താര സംഘാംഗങ്ങളും പ്രാർത്ഥനാദിനമായി അചരിക്കേണ്ടതാണ്.

**4. പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

**തിരുവചനം:** "തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ! യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ." (യോഹന്നാൻ 20: 28–29)

**സുകൃതജപം:** ഈശോയുടെ തിരുരക്തമേ! ഞങ്ങളെ അഭിഷേകം ചെയ്യണമേ.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ബൊനവെന്തൂര (1221 – 1274) ജൂലൈ 15 നാണ് വിശുദ്ധന്റെ തിരുനാൾ നാം ആഘോഷിക്കുന്നത്. വിശുദ്ധരായ ഫ്രാൻസിസ് അസിസ്സീ, തോമസ് അക്വീനാസ് എന്നിവരുടെ സമകാലികനാണ് വി. ബൊനവെന്തുര.

**പ്രവർത്തനം:** അക്ഷമരാകാതെ എല്ലാ കാര്യങ്ങളിലും ക്ഷമയുള്ളവരാവുക.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# ലേ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്

## ലേ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങൾ പുനരാരംഭിച്ചു

അത്മായ നേതൃത്വ പരിശീലനത്തിനായി തൃശൂർ അതിരൂപതയിൽ സ്ഥാപിതമായിരിക്കുന്ന ലേ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. 1967 –ൽ സീറോ മലബാർ സഭാ ചരിത്രത്തിലാദ്യമായി അത്മായ നേതൃത്വ പരിശീലനത്തിനായി തൃശ്ശൂർ അതിരൂപതയിൽ ആരംഭിച്ച ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനം DBCLC- യിലേക്ക് മാറ്റി ജൂൺ 6–ാം തിയതിയാണ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉൽഘാടനം നിർവഹിച്ചത്. വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ കലാ, സാഹിത്യ അഭിരുചികളെ വളർത്താനും അതുവഴി ക്രിസ്തീയ നേതൃത്വ നിരയിലേക്ക് അവരെ കൈപിടിച്ചുയർത്താനും ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. ACC വിദ്യാർത്ഥികൾക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തുവരികയാണ്. ഭക്തസംഘടനാ നേതൃത്വത്തിനാവശ്യമായ പരിശീലന പരിപാടികളും വിഭാവനം ചെയ്യുന്നുണ്ട്. സമൂഹത്തിന്റെ വിവിധ തുറകളിൽ ശ്രദ്ധേയമായ സേവനം കാഴ്ച്ചവെക്കുന്ന അതിരൂപതാംഗങ്ങളുടെ വിവരശേഖരണവും കോൺഫറൻസുകളും അത്മായ നേതൃത്വ പരിശീലന കേന്ദ്രം ലക്ഷ്യം വെയ്ക്കുന്നു. റെക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂർ, മാനേജിംഗ് ഡയറക്ടർ അഡ്വ. ജോസ് ഡേവീസ്, എക്സി. ബോർഡ് അംഗങ്ങളായ ഷെവ. ജോർജ്ജ് മേനാച്ചേരി, പ്രൊഫ. ഇഗ്നേഷ്യസ് ആന്റണി, പ്രൊഫ. കെ. എം. ഫ്രാൻസിസ്, പ്രൊഫ. ജോർജ്ജ് അലക്സ് എന്നിവരടങ്ങുന്ന ഡയറക്ടർ ബോർഡാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# പബ്ലിക് റിലേഷൻസ് വകുപ്പ്



**1. ഇടവക പി.ആർ.ഒ.മാരുടെ മേഖലാതലയോഗം:**

ഇടവക പി.ആർ.ഒ.മാരുടെ മേഖലാതല യോഗങ്ങൾ നടത്തി. ലൂർദ്ദ്, ബസിലിക്ക, പാലയൂർ, വടക്കാഞ്ചേരി എന്നീ മേഖലകൾ തിരിച്ചാണ് ഓൺലൈനായി യോഗം നടത്തിയത്. ഇരുന്നൂറ് ഇടവകകളിൽ നിന്നും പി.ആർ.ഒ.മാർ യോഗങ്ങളിൽ പങ്കെടുക്കുകയും ഇടവകതല പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

ഡയറക്ടർ ഫാ. നൈസൻ ഏലന്താനത്ത്, ജോർജ്ജ് ചിറമ്മൽ, ടോജോ മാത്യു, ജോജു മഞ്ഞില, ഫ്രാങ്കോ ലൂവീസ്, ജോയ് എം. മണ്ണൂർ, ബാബു ചിറ്റിലപ്പിള്ളി, എ. ഡി. ഷാജു, ജോഷി വടക്കൻ, ഷിന്റോ മാത്യു തുടങ്ങിയവർ സംസാരിച്ചു.

**2. ഫൊറോനതല കോർഡിനേറ്റേഴ്സ് യോഗം**

16 ഫൊറോനകളിൽ നിന്നുള്ള കോർഡിനേറ്റേഴ്സിന്റെ യോഗം ചേർന്നു. യോഗത്തിൽ ഫാ. നൈസൻ ഏലന്താനത്ത് അധ്യക്ഷത വഹിച്ചു. ജോർജ്ജ് ചിറമ്മൽ, ടോജോ മാത്യു, ജോജു മഞ്ഞില, ഫ്രാങ്കോ ലൂവീസ്, ബാബു ചിറ്റിലപ്പിള്ളി, ഷിന്റോ മാത്യു, ഫൊറോനകളിൽ നിന്നുള്ള കോർഡിനേറ്റേഴ്സ് തുടങ്ങിയവർ സംസാരിച്ചു.

**ഫൊറോന കോർഡിനേറ്റേഴ്സ്**

1. ശ്രീ. ടി. ആർ. ആന്റോ (ലൂർദ്ദ്)
2. ശ്രീ. വിനേഷ് കോളേങ്ങാടൻ (കൊട്ടേക്കാട്)
3. ശ്രീ. സുനി ഡേവിസ് (പുത്തൂർ)
4. ജെയ്ക്കബ് പയ്യപ്പിള്ളി (പട്ടിക്കാട്)
5. ശ്രീമതി ബിന്ദു സോണി (ബസിലിക്ക)
6. ജോബി എടക്കളത്തൂർ (ഒല്ലൂർ)
7. സണ്ണി തയ്യാലയ്ക്കൽ (പുതുക്കാട്)
8. ജെയ്ക്കോ എം. കെ. (പഴുവിൽ)
9. റോണി അഗസ്റ്റിൻ (വടക്കാഞ്ചേരി)
10. അനൂപ് പുന്നപ്പുഴ (ചേലക്കര)

11. ജോയ്സൻ എം. പി. (വേലൂർ)
12. ബിജു ജോർജ്ജ് (എരുമപ്പെട്ടി)
13. ജോസ് സി. കെ. (പാലയൂർ)
14. തോമസ് അന്തിക്കാട്ട് (മറ്റം)
15. കിറ്റോ പി. ടി. (പറപ്പൂർ)
16. സെബി. കെ. ജെ. (കണ്ടശ്ശാംകടവ്)

**3. ഇടവക പി.ആർ.ഒ.മാരുടെ വാർഷികയോഗം**

അതിരൂപതയിലെ ഇടവക പി.ആർ.ഒ.മാരുടെ വാർഷികസമ്മേളനം അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അധ്യക്ഷത വഹിച്ചു.

ഡയറക്ടർ ഫാ. നൈസൻ ഏലന്താനത്ത്, ജോർജ്ജ് ചിറമ്മൽ, ടോജോ മാത്യു, ജോജു മഞ്ഞില, ഫ്രാങ്കോ ലൂവീസ്, ജോയ് എം. മണ്ണൂർ, ബാബു ചിറ്റിലപ്പിള്ളി, എ. ഡി. ഷാജു, ജോഷി വടക്കൻ, ഷിന്റോ മാത്യു, ഫൊറോനകളിൽ നിന്നുള്ള കോർഡിനേറ്റേഴ്സ് തുടങ്ങിയവർ സംസാരിച്ചു.

**4. ഐ.ഡി. കാർഡ് & ഡയറക്ടറി**

അതിരൂപതയിലെ മുഴുവൻ ഇടവക പി.ആർ.ഒ.മാർക്കും ഐ.ഡി. കാർഡ് നൽകാനും അതിരൂപതാതലത്തിൽ ഇടവക പി.ആർ.ഒ.മാരുടെ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡന്റ്

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ



ജൂലൈ 23നു ജന്മദിനം
ആഘോഷിക്കുന്ന അഭിവന്ദ്യ
**മാർ ടോണി**
**നീലങ്കാവിൽ പിതാവിന്**
തൃശൂർ അതിരൂപതയുടെ
പ്രാർഥനാശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.06.2021
**July - 2021**



**നാമഹേതു തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ**

**മാർ ജേക്കബ് തൂങ്കുഴി പിതാവിന്**

**തൃശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

**ജൂലൈ 25**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor